
S.H.COLLEGE
THEVARA
1993

**A TIMELESS TRADITION. A LEGEND**

Vaidyaratnam P.S. Varier's

# ARYA VAIDYA SALA

KOTTAKKAL

Arya Vaidya Sala, Kottakkal is synonymous with Ayurveda in the country. A renaissance that took place in Auyrvedic science in the small village "Kottakkal" years ago has now become a legacy for others to imbibe.

The foresight vision and leadership of the late Vaidyaratnam P.S.Varier helped the institution grow to its present stature. His commitment to Ayurveda was a continuing process.

The internationally renowned Nursing Home with all modern amenities, the Research Centre, Ayurveda College, Charitable Hospital, the Herbal Garden, the quarterly Journal "Aryavaidyan" etc., bear testimony to the guiding force of the late Vaidyaratnam.

His deep interest in forming a Kathakali Troupe P.S.V.Natyasangham, considered to be one of the best in the country.

## AYURVEDA – SCIENCE OF SAGES – ADAPTED TO MODERN AGES

***Contact*** :

Vaidyaratnam P.S. Varier's

**Arya Vaidya Sala,**

**Kottakkal - 676 503**

Phone H.O. 2216-2219, 2561-2564, 2571-2573

(EPABX, TDBX 200 Lines)

***Branches:-***

Kozhikode, Palakkad, Tirur, Ernakulam, Thiruvananthapuram, Aluva, Madras, Kannur, Coimbatore, New Delhi-49

and more than 400 authorised Agencies.

# S.H COLLEGE
## THEVARA

# ഒളരം 93



# JAITHRAM - 93

*Editor*
Bipin Cherian Thomas

*Editorial Board*
George Joseph *(Bot. Dept.)*
Narayanan Nambootiri *(Mal. Dept.)*
C.S.Francis *(Eng. Dept.)*
Prof. P.J.Cyriac *(Eco. Dept.)*
Prof. Tom Varghese *(Hindi Dept.)*
Anil Kumar
Prasad S. Nair
Remakanth
Sachin Dev

*Cover Lay-out*
Ashokan M.S.

*Technical Assistance & DTP*
Gopi, 'Chithira' Printers & Publishers

*Printing*
S.T. Reddiar & Sons, Ekm.

*Scanning*
Process Colour, Ekm.





**PRINCIPAL**
**Rev: Fr: VARGHESE PALAMATTAM**

# PREAMBLE

"WE, THE PEOPLE OF
INDIA, having solemnly
resolved to constitute India
into a SOVEREIGN SOCIALIST
SECULAR DEMOCRATIC
REPUBLIC and to secure
to all its citizens
JUSTICE, social, economic
and political
LIBERTY of thought,
expression, belief, faith
and worship;
EQUALITY of status and
of opportunity and to
promote among them all
FRATERNITY assuring the
dignity of the individual
and the unity and integrity
of the Nation, IN OUR
CONSTITUENT ASSEMBLY
this twenty sixth day of
November, 1949, do HEREBY
ADOPT, ENACT AND GIVE
TO OURSELVES THIS
CONSTITUTION"



ഈ കാലം
എങ്ങോട്ട്...

# നമ്മുടെ ഈ കാലം

"വരൂ, പോവുക, കണ്ണീർ നമ്മളെ വിളിക്കയാ-
ണിനിനാം തുടങ്ങുക സന്നാഹം ഭൂവിൽ.
ഒരിക്കൽ നാങ്ങൾ വെള്ളക്കാരോടാലപിച്ചു
വിടുകയിന്ത്യ മേഘമതു മാറ്റൊലിയാക്കി
പ്രിയനാടിനെ ഡോളർ വിലയ്ക്കു വിൽക്കുന്നവർ
ക്കെതിരായുയരട്ടെയിന്നതേ മുദ്രാവാക്യം.
വിടുകയേഷ്യ, വിടുകയാഫ്രിക്ക, മരണമേ
വിടുക തെക്കേയമേരിക്ക, നിർത്തുകിക്കൊള്ള
ശക്തി, ഹേലെനിൻ പോരാമുണർത്താം കിടാങ്ങളെ
മൃതിയിൽ നിന്നുംമീളാം നാം ജനപഥങ്ങളെ
മുറിക്കുമിവർ ഭൂമി, മുഴുവൻ നഖങ്ങളി-
ലമർത്താൻ വെമ്പും വെള്ളക്കഴുകിൻ ചിറകുകൾ
ഉണർവ്വുപകരാവൂ നമുക്കു കുഞ്ഞാടിനെ-
ബ്ബലിയിൽ നിന്നും കാത്ത ദുഃഖത്തിന്നിളം സൂര്യൻ".

*(കാശ്മീരം സച്ചിദാനന്ദൻ)*

## കാശ്മീർ പിന്നെയും പൂക്കുമോ

ദുഃഖസ്വപ്നങ്ങളുടെ കറുത്ത രാത്രികൾ. ആരുടേയും നെഞ്ചിലേക്കിരച്ചുകയറാവുന്ന തോക്കുമായി കലമ്പുന്ന കാശ്മീർ ദിനങ്ങൾ. സോപാറിലെ മധുരം നഷ്ടപ്പെട്ട വിഷക്കനികൾ മാത്രമായ ആപ്പിൾ തോട്ടങ്ങൾ, ഉരുകുന്ന താഴ്‌വരകളിൽ ചോരയുടെ കടും ചുവപ്പു കലർന്ന, ചൂടുള്ള ദിനാന്തങ്ങൾ കാശ്മീരിന്റെ ചിത്രം പൂർണ്ണമായോ? ഇല്ല ഒരിത്തിരി അധികാരദുർമ്മത്തരുടെ തലതിരിഞ്ഞ പരിഷ്കാരങ്ങൾ, കുട്ടിച്ചോറാക്കിയ ആ നശ്വര എന്നാണ് ശാന്തിയുടെ താഴ്‌വാരം എന്നറിയപ്പെട്ടിരുന്നത്, സ്വപ്നങ്ങൾപോലും ഉത്തരം നൽകാത്തചോദ്യങ്ങൾ.

കാശ്മീർ ഇന്നൊരു സമസ്യയാണ്. കൃത്രിമ പൂരണങ്ങളിലൂടെ അശ്ലീലവും ആക്രമവും കടന്നു കയറി, കബന്ധങ്ങളാറ്റ മനുഷ്യന്റെ താണ്ഡവങ്ങൾക്ക് സാക്ഷിയാവുന്ന സോപാർവസന്തങ്ങൾ ഭാവനയിൽ പോലും കടന്നുവരാത്ത വെറും അർത്ഥമറ്റപൂരണങ്ങളുടെ സമസ്യ

കാശ്മീർ വിമോചന മുന്നണി നേതാവായിരുന്ന മക്ബൂൽ ബട്ടിന്റെ വധശിക്ഷയ്ക്കുശേഷം കാശ്മീരിൽ 5000 ത്തോളം മരണങ്ങൾ നടന്നു (യഥാർത്ഥ കണക്ക് എത്രയോ ആകാം). 2ലക്ഷത്തോളം കുടിയൊഴിപ്പിക്കപ്പെട്ടവരും. പുതുതായി ജനഹിത പരിശോധനക്കൊരുങ്ങുന്ന കാശ്മീർ പക്ഷെ ഒരു ദുഃസ്വപ്നത്തിന്റെ കീഴിലാണ്. കഴിഞ്ഞ '91ൽ ഇലക്ഷൻ തീരുമാനിച്ചപ്പോൾ 27 സ്ഥാനാർത്ഥികളായിരുന്നു തീവ്രവാദികളുടെ തോക്കിന് ഇരയായത്. അന്ന് തിരഞ്ഞെടുപ്പ് റദ്ദാക്കപ്പെട്ടു (തീവ്രവാദികൾ ആഗ്രഹിച്ചതും അതുതന്നെ) കാശ്മീർ പാക് അതിർത്തിയിലെ മുള്ളുവേലി പൊളിച്ച് ഇന്ത്യയുടെ അതിർത്തികളിൽ പ്രതിഷ്ഠിക്കാൻ തക്കംപാർക്കുന്ന പാക്അധീനതയിൽ വളരുന്ന തീവ്രവാദ സംഘടനകളാണ് കാശ്മീരിൽ പ്രവർത്തിച്ചു വരുന്നത്. പാക് പിന്തുണയോടെ തീവ്രവാദം കാശ്മീരിൽ തഴച്ചു വളരുമ്പോൾ, നാം അധികാരവും, അഴിമതിയും മാത്രം ലാക്കാക്കി, ദുഷ്ടമായ രാഷ്ട്രീയ നാടകത്തിന്റെ തിരയിളക്കുകയാണിവിടെ.



കാശ്മീർ സുരക്ഷയുടെ പേരിലും പലനാടകങ്ങളും അരങ്ങേറുന്നു. ചവാൻ കൈകാര്യം ചെയ്ത്, പോലീസ് വൃത്തങ്ങളെയും മറ്റും പ്രീണിപ്പിച്ച് ഭരണം തന്റെ അനുവർത്തികളെ ഏൽപ്പിക്കുമ്പോഴും, പിന്നിട് സുരക്ഷാഭടൻമാർ രക്ഷക്കെന്നപേരിൽ കാശ്മീർ കൊള്ളയടിക്കുമ്പോഴും, വീടുവീടാന്തരം, ഭീതിപരത്തുന്ന തിരച്ചിലും റെയ്ഡുമെല്ലാം നടത്തുമ്പോഴും, എന്തിനധികം, സുരക്ഷാഭടൻമാർ കാമവെറിയുടെ വിത്തെറിഞ്ഞ എത്രയോ കാശ്മീർ യുവതികൾ മരിച്ചുജീവിക്കുന്നു. ഇതെല്ലാം ഭാരതത്തോടുള്ള കാശ്മീർ ജനതയുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്തിയിരിക്കുന്നു. രാഷ്ട്രീയക്കളികളുടെ ഭാഗമായി കാശ്മീർ ദിനംതോറും വ്യഭിചരിക്കപ്പെടുന്നു.

കാശ്മീറിനു പ്രത്യേക പദവിനൽകുന്ന 370-ാം വകുപ്പ് എടുത്തുകളയുവാനുള്ള നീക്കംവഴി മറ്റൊരു പ്രതിസന്ധി കൂടി സൃഷ്ടിക്കുകയാണ്. ഇതുവരെ കാശ്മീരിന് വ്യക്തമായ ഒരുരാഷ്ട്രീയ പരിഹാരം നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

കാശ്മീർപ്രശ്നത്തിന് രാഷ്ട്രീയപരിഹാരമാണ് എല്ലാവരും ആഗ്രഹിക്കുന്നതും. അത് ശാസ്ത്രീയമായരീതിയിൽ വിലയിരുത്തുന്നതിലൂടെ മാത്രമേ കാശ്മീർ എന്ന സമസ്യക്ക് അനുരൂപമായ പൂരണം സാധ്യമാവുകയുള്ളൂ.



## ഹിന്ദുവർഗ്ഗീയത അഥവാ ജന്തുത

ഗാന്ധിജിയുടെ കൊലപാതകത്തിനുശേഷം സ്വാതന്ത്ര്യഭാരതത്തിന്റെ ആത്മാവിൽ ആഴത്തിലുള്ള മുറിവും അപമാനവുമേൽപ്പിച്ച ഒരുകറുത്ത ദിനമായിരുന്നു ഡിസം.6

വിവിധ ജാതിമത വിശ്വാസികളുടെ മനോഹരമായ ഒരു കൊളാഷ് രാഷ്ട്രം എന്ന് നാം വീമ്പിളക്കാറുള്ള ഭാരതത്തിന്റെ മണ്ണിൽ, സഹിഷ്ണുതയുടെ ചെറിയ അംശം പോലും ഇല്ലാത്ത ഹിന്ദു വർഗ്ഗീയവാദികളുടെ നീചമായ ഇടപെടലുകൾമൂലം തകർക്കപ്പെട്ട അയോദ്ധ്യയിലെ ബാബറിമസ്ജിദിന്റെ സ്ഥാനത്ത് അമ്പലംപണിനടക്കുമ്പോൾ ഇനിയും മറ്റൊരു യുദ്ധത്തിന് ശംഖൊലി മുഴങ്ങുകയാണ്. ഇനിയും ഒരഞ്ഞൂറുവർഷം മുസ്ലീങ്ങൾ കാക്കണം എന്നാവും അവരുടെയെല്ലാം ചിന്ത. അല്ലെങ്കിൽ അവർ ഇതോടെ അനുസരിക്കപ്പെടണം. ന്യൂനപക്ഷപീഡനത്തിന്റെ യഥാർത്ഥമുഖം വിശ്വാസങ്ങൾക്കുപോലും കടിഞ്ഞാണിട്ട് ഭരണാധികാരികളുടെ തന്ത്രപ




രമായ പിന്തുണയും അനുവാദവും നേടിക്കൊണ്ട് അയോധ്യയിലെ മണ്ണിൽ അരങ്ങേറിയ അത്യന്തം അപലപനീയമായകൃത്യത്തിന് നാം എന്ത് മറുപടിനൽകും.

ലോകരാഷ്ട്രങ്ങൾ ശാസ്ത്രത്തിലൂടെ അറിവിന്റെ അനന്തമായ ലോകത്തിലേക്ക് സഞ്ചരിച്ച് പുരോഗതിയുടെ നാളെയിലേക്ക് കുതിക്കുമ്പോൾ കേവലം ഒരമ്പലത്തിന്റെയും പള്ളിയുടെയും അടിത്തറക്കല്ലിളക്കി അവിടെ മിത്തുകളിലേയും അന്ധവിശ്വാസങ്ങളിലേയും യുക്തിയന്വേഷിച്ച് പായുന്ന ഭാരതത്തിലെ ജീർണ്ണമായ കാലഘട്ടത്തെ, നാം എങ്ങിനെ ന്യായീകരിക്കും.

ശിവസേനയുടെ നേതൃത്വത്തിൽ ബോംബെയിലെ ചേരിപ്രദേശങ്ങളിലും കോളനികളിലും അഴിച്ചുവിട്ട മുസ്ലീം ഹിംസയും എല്ലാം കണ്ടില്ലെന്നു നടിക്കാൻ നോസ്റ്റർ ഡാമസിനേയും, പ്രവാചകരുടെ പരിവേഷമുള്ളവരേയും ഉദ്ധരിക്കുന്നവരുടെ യുക്തിയല്ല നമുക്കാവശ്യം.

പരസ്പരം വിഘടിച്ചുനിന്ന നാട്ടുരാജാക്കൻമാരും അവരുടെ വിഴുപ്പലക്കലും എല്ലാവിദേശികൾക്കും ഭാരതത്തിൽ ശക്തമായ ഒരടിത്തറ പണിയുന്നതിന് അനുകൂലമായ സാഹചര്യമൊരുക്കി. ഇത് കഴിഞ്ഞകഥ.

നാം പരസ്പരം പോരാടുന്നത്, അന്നും ഇന്നും, നിസ്സാരപ്രശ്നങ്ങളുടെ പേരിലാവുമ്പോൾ ഇനിയും അത് സാധ്യം.



## ബോംബെയിലെ വർഗ്ഗീയകലാപം

'മക്കളെ കൺമുന്നിലിട്ടു വെട്ടിനുറുക്കുന്നതു കാണുക. ഇത്തിരിപ്പോന്ന പേരക്കുട്ടികളുടെ കയ്യുംകാലും വെട്ടിയെറിയുന്ന കാഴ്ച. ഇങ്ങനെയൊരു ജന്മമെടുക്കേണ്ടിവന്നല്ലോ. ഒന്നുമോർമ്മയില്ല, ആരൊക്കെയോ എന്നെ തൂക്കിയെടുത്ത് എറിയുകയായിരുന്നു. വേണ്ടായിരുന്നു. എന്നെക്കൂടി ഇല്ലാതാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു.'

'ഇതെന്റെ നഗരമായിരുന്നു. വിഭജനകാലത്ത് ബന്ധുക്കൾ നിർബന്ധിച്ചിട്ടുകൂടി അവർക്കൊപ്പം പാക്കിസ്ഥാനിലേക്ക് പോയില്ല. എന്റെ സഹോദരും രണ്ടു കൈക്കുഞ്ഞുങ്ങളുമായി ഈ ചാളയിൽ കഴിഞ്ഞതെല്ലാം ഇതിനുവേണ്ടിയോ.'

ഇക്കഴിഞ്ഞ ജനുവരി മാസത്തിൽ ബോംബെയിൽ ധാരാവിയിലും, ഭീണ്ടിബസാർ, പൈഥുനി എന്നിവിട

ങ്ങളിലും താരങ്ങേറിയ ഹിന്ദു-മുസ്ലീം സംഘടനങ്ങളുടെ അനന്തരഫലം 800-ഓളം പേരുടെ ജീവഹാനിമാത്രമല്ല ഇന്ത്യയിലെ വ്യവസായ നഗരവും, വിവിധമതവും ഭാഷയുമുള്ള ബോംബെപോലൊരു പട്ടണം ഈ ദിവസങ്ങളിൽ നഷ്ടപ്പെടുത്തിയത്. നാം കാത്തുസൂക്ഷിച്ച സ്വാതന്ത്ര്യത്തിന്റെ സ്വപ്നങ്ങളാണ്, സഹിഷ്ണുതയുടെ സ്വപ്നങ്ങളാണ്. ഇന്ദിരാനഗറിലും, പ്രതീക്ഷാനഗറിലും എല്ലാം എന്യൂമറേഷനുമായി ഇറങ്ങിയ ഹിന്ദുസംഘം മുസ്ലിങ്ങളുടെ പട്ടിക തയ്യാറാക്കി അവരെ തിരഞ്ഞുപിടിച്ച് കൊല്ലുകയായിരുന്നു. പോലീസും, അധികാരികളും ഉൾപ്പെടെ സ്ഥാപിതതാത്പര്യക്കാർ അടിച്ചിറക്കിയ നുണപ്രചാരണങ്ങളുടെ അടിസ്ഥാനത്തിൽ വർഗ്ഗീയഭ്രാന്തൻമാരും, സാമൂഹ്യദ്രോഹികളും എല്ലാം ചേർന്ന് ഒരു സംസ്കാരത്തെ കളങ്കപ്പെടുത്തുകയായിരുന്നു. ശിവസേനയുടെ നേതൃത്വത്തിൽ കലാപങ്ങൾക്കും തിരിച്ചടികൾക്കും, പ്രത്യേകമായ ആഹ്വാനം നൽകിക്കൊണ്ട്, അവർ മുസ്ളീം മേഖല തച്ചുതകർക്കുമ്പോൾ ഒരു പാർലമെന്റംഗമായിരുന്നു അവിടെ നേതൃത്വം നൽകിയിരുന്നത്. 800-വെറും ഔദ്യോഗിക കണക്കുമാത്രം. യഥാർത്ഥത്തിലുള്ളത് അതിലും എത്രയോ അകലെ. ഇന്ത്യാവിഭജനത്തിനു ശേഷമുണ്ടായ അതേ അന്തരീക്ഷം ഒരിക്കൽക്കൂടി . അതിനേക്കാൾ പതിന്മടങ്ങ് ക്രൂരതയോടെ സൃഷ്ടിക്കപ്പെടുമ്പോൾ കാലത്തിനു മാത്രം വ്യത്യാസം ആരോപിക്കാം. ബാക്കിയെല്ലാം ചരിത്രത്തിലെ ചീഞ്ഞ തലച്ചോറുകൾ ചുമക്കുന്ന വർഗ്ഗീയഭ്രാന്തൻമാരുടെ കുടുസുമനസ്സിലെ ഭാരതത്തിന്റെ വ്യക്തമായ ചിത്രത്തിന്റെ പ്രത്യക്ഷാവിഷ്കാരം തന്നെ.



ബോംബെയിലെ ചേരികൾ കയ്യേറുന്ന ബിൽഡർമാരും അധികാരികളും എല്ലാം ഒരുക്കിയ പദ്ധതിയുടെ ദൃശ്യാവിഷ്കാരമായിരുന്നു ഇതെല്ലാം. അതിനു ഇന്നു ഭാരതത്തിൽ വിലപ്പോകുന്ന തുറുപ്പ് വർഗ്ഗീയത തന്നെ. ചേരികളിൽ അവർ പ്രചരിപ്പിച്ച നുണവർത്തമാനങ്ങളിലൂടെ വളർന്ന കലാപത്തിന്റെ ക്രൂരമുഖം കാണുമ്പോൾ നാം ചിന്തിക്കേണ്ടത് ഡിസം.6 നുശേഷം ഭാരതത്തിലെ അവസ്ഥയെക്കുറിച്ചാണ്. വർഗ്ഗീയതയുടെ ഏറിയും കുറഞ്ഞും വരുന്ന ഡോസുകൾ രാഷ്ട്രീയത്തിന്റെ ഭംഗിയുള്ള പുറംചട്ടകളിലൂടെ സന്നിവേശിപ്പിച്ച് മനുഷ്യക്കുരുതിക്കു പ്രേരിപ്പിക്കുന്ന ആ കാപട്യത്തെ നാം തിരിച്ചറിയേണ്ടതാണ് ഇന്നിന്റെ ആവശ്യം. കാരണം വരും നാളുകൾ കൂടുതൽ തിരിച്ചടികൾ പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു.



## ബോംബേ സ്ഫോടനങ്ങൾ

സിനിമക്കഥകളിൽ മാത്രം പരിചയമുള്ള ഒരു കഥയാണിത്. തൻെറ വികൃതമായ മുഖം മറച്ചുവെയ്ക്കാൻ കഥാനായകൻ ജനത്തിൻെറ കണ്ണിലും ഒരുപക്ഷെ ഭരണാധികാരികളുടെ കണ്ണിലും ഒരുപോലെ പൊടിയിടുന്നതിന് സിനിമയെന്ന മായാലോകത്ത് അത്ഭുതകരമായ രീതിയിൽ പണം ഇറക്കിക്കൊണ്ടിരിക്കുകയും തൻെറ മറ്റ് മുഖം അവിടെയുള്ളവരുടെ ഗ്ലാമറിലും, പോഷ്ജീവിതശൈലിയിലും മറയ്ക്കുന്നു. സിനിമാ താരങ്ങളേയും കൊണ്ട് ഗൾഫ് ടൂറുകൾ, പ്രോഗ്രാമുകൾ, അത്താഴവിരുന്നുകൾ, കരാറുകൾ, അവിഹിതബന്ധങ്ങൾ എല്ലാത്തിനും മറവിൽ ഒരു നാടക അരങ്ങേറ്റവും, ഒടുവിൽ എല്ലാം പുറത്താവുമ്പോൾ മാത്രം നാമറിയുന്നു, ഇതെല്ലാം ഒരു നേരംപോക്കുകളും, ഇവരെല്ലാം അതിലെ പൊയ്മുഖക്കാരുമെന്ന്, ഇതാണ് ദാവൂദ് ഇബ്രാഹിം എന്ന അധോലോക നായകൻെറ നൂൽപ്പാവകളായിമാറിയ ബോളിവുഡ് സിനിമാ താരങ്ങളുടെ ദയനീയമായ അന്ത്യത്തിലേക്ക് ഒരു ഹിന്ദി സിനിമയിലെ പരിസമാപ്തി പോലെതന്നെ വഴിവെച്ചത്. ബിസിനസ്സിലെ തിരിച്ചടികൾക്ക് മറുപടിയെന്നോണം, ബോംബെ നഗരമാകെ ഒന്നിനു പുറകെ ഒന്നെന്നരീതിയിൽ പൊട്ടിച്ചിതറുകയായിരുന്നു. ഇന്നും പിടിയിലാക്കാൻ കഴിയാത്ത വിധത്തിൽ അതിൻെറ സൂത്രധാരൻ തൻെറ സ്വപ്നഭൂമിയിൽ തന്നെ. എന്നാൽ ഇതിനുശേഷം ഹിന്ദിസിനിമാലോകത്തെ വൻ മുതൽമുടക്കിന് അൽപശമനം വന്നിരിക്കുന്നു. എല്ലാം അധോലോകങ്ങളുടെ ശാശ്വതീകരണത്തിനുവേണ്ടിമാത്രം ഇവർ ഭംഗിയായി കളിച്ചുകൊണ്ടിരിക്കുന്നത് ഇന്നും ഈ മൂന്നാം ലോകപറുദീസയിൽത്തന്നെ. എവിടെ എന്നാണെങ്കിൽ നമുക്കിടയിൽത്തന്നെ... ഏതു രൂപത്തിലും.

## ഓഹരിക്കമ്പോളത്തിലെ കാളയോട്ടം

എ.സി.സി. യുടെ 5% ഓഹരികൾ, അപ്പോളോയുടെ 5% ഓഹരികൾ, വി..ഐ.പി.യുടെ 5% ഓഹരികൾ തുടങ്ങിമൊത്തം 500 കോടി രൂപയുടെ ഓഹരികൾ. വർളി സീഫേസിൽ ഒരു തീയേറ്റർ, പതിനായിരം അടി പൂന്തോട്ടം, ബില്യാർഡ് റൂമുള്ള കൊട്ടാരംപോലുള്ള ഫ്ളാറ്റ്, 40 ലക്ഷത്തോളം വിലവരുന്ന മൂന്നു കാറുകൾ. ടൊയോട്ടാ സെലിക്കാ, ടൊയോട്ടാ സീറാ, മസ്ദാ മിയാട്ടാ തുടങ്ങി വേറെയോ. വർഷം തോറും 100 കോടി ലാഭം കൊയ്യുന്ന സ്ഥാപനശൃംഖല, ഇന്ത്യയിലെ ഏറ്റവും വലിയ നികുതിദായകൻ-ഹർഷദ് മേത്ത എന്ന കാളക്കൂറ്റൻെറ സ്വത്തുവിവരങ്ങൾ ഇനിയും ഒടുങ്ങാത്തതാണ്. ഇന്ത്യൻ ബാങ്കിങ് രീതിയിലെയും, ഉദ്യോഗവൃത്തങ്ങളിലെ മെല്ലെ നടപ്പിനെയും, കൃത്യവിലോപത്തെയും മുതലെടുത്ത് തടിച്ചുകൊഴുക്കുമ്പോൾ കബളിക്കപ്പെട്ടത് ഇവയെയെല്ലാം വിശ്വസിച്ച് തങ്ങളുടെ സമ്പാദ്യം ബാങ്കിലടച്ച ഈ രാജ്യത്തെ സാധാരണക്കാരനായിരുന്നു. കാരണം, തൻെറ വിരുതുകൾ കൊയ്തെടുത്തത് ഇവരുടെ അധ്വാനത്തിൻെറ മൂല്യങ്ങളായിരുന്നുവെന്ന് മേത്തക്ക് മനസ്സിലാക്കിയിട്ട് എന്തുകാര്യം. കാരണം അയാൾക്ക് അത്രയേറെ സാധ്യതകളായിരുന്നു ബാങ്കുകൾ നൽകിയത്.

ബാങ്കുകളുടെ പ്രത്യേകമായ നിയമാവലികൾ മറികടന്ന് മേത്തക്ക് പണംലഭിക്കുകയും, അത് കമ്പോളത്തിൽ ലാഭം കൊയ്യുവാൻ വലിച്ചെറിയുകയും ചെയ്യുമ്പോൾ നമ്മുടെ ധനമന്ത്രിപോലും അറിയാത്ത ഒത്തിരി കാര്യങ്ങൾ ഉണ്ട് എന്ന് പറയുമ്പോൾ നാം വിശ്വസിക്കണോ? കാരണം നമ്മുടെ ധനമന്ത്രി കള്ളം പറയില്ല എന്ന് എവിടെ എങ്കിലുമെഴുതി വെച്ചിട്ടുണ്ടെങ്കിൽ ആകാമായിരുന്നു. പക്ഷെ നമ്മുടെ ധനകാര്യസ്ഥാപനങ്ങളിലെ പണമിടപാടുകൾക്ക് കൂടുതൽ സുരക്ഷിതത്വം നൽകുവാനും ഇനിയെങ്കിലും ഈ പ്രശ്നങ്ങൾ ഉപകരിച്ചെങ്കിൽ.

## "നിലനിൽപ്പാണ് പ്രശ്നം" അവിശ്വാസത്തിനുശേഷം

ഏറെ മൗനമായിരുന്നു ശ്രീ നരസിംഹറാവുവിൻെറ നാവിലെങ്കിലും അദ്ദേഹത്തിൻെറ കൈകൾ പ്രവർത്തിക്കുകയായിരുന്നു. നിലനിൽക്കാൻ വെമ്പൽകൊള്ളുന്ന ബുദ്ധിയുടെ കൂട്ടക്കരച്ചിലിനെന്തർത്ഥം. സ്റ്റോക്ക് ബുൾ ഹർഷദ് മേത്തയുടെ വെളിപ്പെടുത്തലിനുശേഷം ത്രിശങ്കു സ്വർഗ്ഗത്തിലായ റാവുസർക്കാരിൻെറ നിലനിൽപ്പിന് ഏറെ ആവശ്യമായിരുന്നു ആ മൗനവും പിന്നാമ്പുറത്തിലെ വിവാചാലമായ പ്രവർത്തനങ്ങളും.

റാവു ഒരു കോടിരൂപയുടെ കൈക്കൂലി വാങ്ങിയതായി ഹർഷദ് മേത്തയുടെയും റാംജെഠ്മലാനിയുടെയും വെളിപ്പെടുത്തലിനെ തുടർന്നുള്ള അന്വേഷണത്തെ റാവു നിഷേധിക്കുകയോ, സ്വീകരിക്കുകയോ ചെയ്യുവാൻ മുതിരാതെ നിൽക്കുമ്പോൾ അവിശ്വാസത്തെത്തുടർന്ന്




ആടിക്കൊണ്ടിരിക്കുന്ന റാവു സർക്കാർ പക്ഷേ ഏറെ ബുദ്ധിപൂർവ്വം കഴിച്ചു എന്നു വേണം കരുതാൻ, കാരണം, ഒരു പക്ഷേ അന്വേഷണവും മൗനഭഞ്ജനവും ഏറെ അപകടംസൃഷ്ടിക്കും എന്നറിയാമായിരുന്ന റാവു, കിങ് മേക്കർ കരുണാകരനുമൊന്നിച്ച് അതിനേക്കാൾ ഏറെ ബുദ്ധിപരമായ നീക്കത്തിൽ അരങ്ങൊരുക്കിയതിന്റെ ഫലമായുണ്ടായ ജനാധിപത്യധ്വംസനത്തിന്റെ നീചമായ ആവർത്തനം ഒരിക്കൽക്കൂടി ആവർത്തിക്കപ്പെടുകയും ഒരു സംസ്കാരം നമ്മുടെ ജനാധിപത്യ മര്യാദകൾക്ക് ഏറെ അപകീർത്തി വരുത്തുന്ന ഒന്നായി വെളിച്ചത്തുവരികയും ചെയ്തു.

സദാചാരവും, രാഷ്ട്രീയബോധവുംജനാധിപത്യ മര്യാദകളും എല്ലാം കാറ്റിൽപറത്തി, ഒരിക്കൽക്കൂടി രാഷ്ട്രീയരംഗം പണത്തിന്റെ സ്വാധീനത്തിൻകീഴിലമരുകയാണ്. സംസ്കാരത്തെയും പാരമ്പര്യത്തെയും പറയുന്നവർക്ക് അവരുടെ തൊപ്പിയിൽ ഒരു 'സുവർണ്ണതൂവൽ' കൂടി എന്നഭിമാനിക്കാം.

## പാർലമെൻറ്

കഴിഞ്ഞ പാർലമെൻറ് തിരഞ്ഞെടുപ്പിന്റെ കാലത്ത് വധിക്കപ്പെട്ട രാജീവ് ഗാന്ധിയുടെ പിന്തുറക്കാരനായിവന്ന നരസിംഹറാവുസർക്കാരിന്റെ രണ്ടാം വയസ്സ് ആഘോഷം ഏറെ വിവാദച്ചുഴികൾക്ക് നടുവിലായിരുന്നു അരങ്ങേറിയത്. രാജീവ് വധത്തിനു ശേഷം നിലവിൽ വന്ന പ്രതിസന്ധി ഏറെ സഹതാപതരംഗങ്ങൾ മൂലം ഒരു പ്രശ്നമല്ലാതായെങ്കിലും പിന്നീട് നേതൃത്വപ്രശ്നം ഒരു വലിയ പ്രതിസന്ധിക്ക് വഴിതെളിച്ച് രാജീവ് കുടുംബത്തിൽ നിന്നുതന്നെയുള്ള പേരുകൾ നിർദ്ദേശിക്കപ്പെട്ടിരുന്നു എങ്കിലും സോണിയ ഗാന്ധിയുടെയും മറ്റും നിഷേധാത്മക സമീപനം പുതിയ നേതൃനിരയെ തിരഞ്ഞെടുക്കുവാൻ വഴിതെളിച്ചു. എന്നാൽ ഇതെല്ലാം പത്രവാർത്തകളാവുന്ന സ്ഥിരം സംഭവങ്ങൾ തന്നെയെങ്കിലും രാജീവ് വധത്തിനു ശേഷം ഡൽഹിയിൽ പോയും അവിടെയിരുന്നും എല്ലാം കണ്ണീരൊഴിക്കിയവരും ജീ, ജീ എന്ന് നാഴികക്ക് നാനൂറു വട്ടം വിളിക്കുന്നവരും എല്ലാം യഥാർത്ഥഘാതകരെ അറസ്റ്റു ചെയ്യാൻ എടുത്ത നടപടിയാണ് നാം പരിശോധിക്കേണ്ടത്. ജയിൻ കമ്മീഷനും മറ്റും അന്ത്യപ്പാറയായി മാറിയിരിക്കുകയാണ്. എന്നാൽ ഇന്ദിരാഗാന്ധി വധത്തിനു ശേഷം വന്ന താക്കർ കമ്മീഷന്റെ ഗതിവരുമോ ഇതിനും എന്നാണ് നാം ഭയപ്പെടേണ്ടത് കാരണം യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുകയും അവരുടെ വീണ്ടും മുളയ്ക്കാവുന്ന കൈകൾ മാത്രം വെട്ടിമാറ്റുകയും ചെയ്തുകൊണ്ട് 'രക്ഷാശിക്ഷ'യാണ് അവർക്കു നൽകിയത്. റിപ്പോർട്ടിന്റെ പലഭാഗങ്ങളും ചോരുകയും കാണാതാവുകയും ചെയ്യുമ്പോൾ ഇവയെല്ലാം പ്രഹസനമെന്ന് തിരിച്ചറിയുവാനും യഥാർത്ഥ കുറ്റവാളികൾ കസേരകളിൽ സസുഖം വാഴുന്നുവെന്നും അറിയുവാൻ നാം എത്രകൊല്ലമെടുക്കും.

## ജ. രാമസ്വാമി

തെക്കെയിന്ത്യക്കാരൻ രാമസ്വാമി രക്ഷിക്കപ്പെട്ടു എന്നു തന്നെപറയാം. കോടിക്കണക്കിനു രൂപയുടെ അഴിമതിയും വെട്ടിപ്പും ഔദ്യോഗികരംഗത്തിരിക്കുമ്പോൾ നടത്തിയ രാമസ്വാമിയുടെ ധൂർത്തും അധികാരദുഃപ്രമത്തവും എല്ലാം കൂടി അദ്ദേഹത്തെ കോടതികയറ്റുമ്പോൾ ന്യായാസനത്തിന്റെ ഉന്നത പീഠങ്ങളിൽ നടക്കുന്ന ആദ്യത്തെ സംഭവമായിമാറുകയായിരുന്നു ആ ഇരുണ്ടദിനങ്ങൾ.

മുമ്പ് ഹൈക്കോടതി ജസ്റ്റിസായിരിക്കുമ്പോൾ രാമസ്വാമി നടത്തിയെന്നുപറയുന്ന ധൂർത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ പാർലമെൻറ് ചരിത്രത്തിലെ ഒരു പുത്തൻ ഇംപീച്ച്മെൻറ് നടപടി അരങ്ങേറിയത്. വീടു മോടിപിടിപ്പിക്കുന്നതിനും മറ്റ് അനേകം അനാവശ്യ ചിലവുകളും വഴി രാമസ്വാമി പ്രതിക്കൂട്ടിൽക്കയറുകയായിരുന്നു. എന്നാൽ മനസ്സാക്ഷിക്കനുസരിച്ച് വോട്ടുചെയ്തവർ സ്വാമിയെ രക്ഷിച്ചുവെന്നു പറയുന്നതുകൊണ്ട് തീരുന്ന ഒരു പ്രശ്നമല്ല ഇത് കാരണം ഉന്നതന്യായാസനങ്ങൾ അഴിമതിക്കും അനീതിക്കും കൂട്ടുനിൽക്കുന്ന ഒരു അവസ്ഥ, വേലിതന്നെ വിളവുതിന്നുന്ന ഒരു സ്ഥിതി വിശേഷത്തിന്റെ ആഗമനമല്ലേ അത് എത്ര ഭീകരമാകും എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

*മാഗസിൻ ഫീച്ചർ യൂണിറ്റ്*

# ഭാരതീയം

പ്രാചീന ഭാരതത്തിൽ വളരെയധികം ഉയർത്തി കാണിക്കപ്പെട്ടിരുന്നതായിരുന്നു ഗുരു-ശിഷ്യ ബന്ധം. കാലം മാറിയതോടെ അർത്ഥം സമാനമെങ്കിലും പദവ്യത്യാസം വന്ന് അത് അദ്ധ്യാപക-വിദ്യാർത്ഥിയായി മാറി. പക്ഷെ വിദ്യാർത്ഥിയും അദ്ധ്യാപകനും, അർത്ഥത്തിലും പദത്തിലും പിന്നേയും മാറിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥി എന്നാൽ വിദ്യ അർത്ഥിക്കുന്നവൻ. അവൻ വിദ്യക്കുവേണ്ടി അപേക്ഷിക്കുകയാണ്, അതിനു വേണ്ടുന്ന ത്യാഗങ്ങളനുഷ്ഠിക്കുവാൻ തയ്യാറുമാണ്. ഇതു പക്ഷേ സമീപകാലകാര്യമല്ല. ഇന്ന് വിദ്യാർത്ഥിയില്ല, വിദ്യാവകാശിമാത്രം. വിദ്യ ഇവിടെ അവന് അവകാശമാണ്. വേറെ പലതും അവകാശങ്ങളായുണ്ട്, അവയെപ്പറ്റിയുള്ള ശക്തമായ ബോധവും ഉണ്ട്. അതു നേടിയെടുക്കുവാൻ നിരന്തരമായി യത്നിക്കുകയും ചെയ്യുന്നു. അധ്യാപകനും വ്യത്യസ്ഥനല്ല. ആദിഭാരതത്തിൽ അധ്യാപനം ഒരു പ്രവർത്തിയായിരുന്നു. പക്ഷേ ഇന്നോ അധ്യാപകനും അദ്ദേഹത്തിന്റെ അവകാശങ്ങളെക്കുറിച്ച് ബോധവാനാണ്.

രണ്ടുവ്യത്യസ്ത കലാലയങ്ങളിലെ രണ്ടുവിദ്യാർത്ഥികൾ പരസ്പരം കണ്ടാൽ അവരാദ്യം സംസാരിക്കുക നടന്നതും നടക്കാതെപോയതുമായ സമരങ്ങളെക്കുറിച്ചോ, പുതുതായി പുറത്തുവന്ന ചലച്ചിത്രങ്ങളെക്കുറിച്ചോ ആയിരിക്കും. അതിനുശേഷമേ പഠനമോ, പഠിപ്പിലോ വരുന്നുള്ളു. രണ്ടധ്യാപകരാണ് കണ്ടുമുട്ടിയതെങ്കിലോ അവർക്ക് ക്ഷാമബത്തയോ, സ്കെയിലോ ആയിരിക്കും സംസാരവിഷയം. തങ്ങളുടെ വിഷയത്തിൽ പുതുതായുണ്ടായ കണ്ടുപിടുത്തങ്ങളോ, മറ്റുപഠനവിഷയങ്ങളോ അവരുടെ ചർച്ചയ്ക്ക് വിഷയമാവുന്നത് പിരിയാൻ നേരമോ മറ്റോ ആയിരിക്കും. മേൽപ്പറഞ്ഞവസ്തുതകളിൽ വിദ്യാർത്ഥികളുടെ കാര്യം മാത്രമേ ഞാൻപറഞ്ഞതായിട്ടുള്ളു. അദ്യാപകരുടെ കാര്യം പറഞ്ഞിരിക്കുന്നത്, അദ്യാപകരുടെ അദ്യാപകനും, പ്രശസ്ത പ്രാസംഗികനുമായ സുകുമാർ അഴിക്കോടാണ്.

വിദ്യാർത്ഥികൾ എന്നുപറയുന്നത് സമൂഹം എന്ന സമസ്തഗണത്തിന്റെ (Universal set) ഉപഗണമാണല്ലോ. ആനിലക്ക് സമൂഹത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന നന്മ-തിന്മകളുടെ പ്രതിഫലനം വിദ്യാർത്ഥികൾ എന്ന ഉപഗണത്തിൽ കാണാതിരിക്ക വയ്യ.

ഭാരതീയത എന്നത് ഇന്നാട്ടിലെ സമൂഹങ്ങളുടെ ഇന്നത്തെയല്ല പണ്ടത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്ന ഒരു സംസ്കാരമാണ്. ആ നിലയ്ക്ക് സമൂഹത്തിന്റെ പ്രവർത്തനങ്ങളുടെ മൂല്യശോഷണം തീർച്ചയായും ഭാരതീയതയിൽ നിന്നുള്ള വ്യതിചലനമാണ്. ആ വ്യതിചലനത്തിന്റെ നാമമാത്രമായ ഒരു പ്രകമ്പനമെങ്കിലും വിദ്യാർത്ഥി എന്ന ഉപഗണത്തിൽ ഉണ്ടാകാതെ വയ്യ. ഇക്കഴിഞ്ഞ ദിവസങ്ങളിൽ തൃശൂരിൽ ഭാരതീയതയെക്കുറിച്ചും അതിനു സംഭവിച്ചു

കൊണ്ടിരിക്കുന്ന മൂല്യശോഷണത്തെക്കുറിച്ചും Dr.സുകുമാർ അഴീക്കോട് ഒരു പ്രഭാഷണ പരമ്പര നടത്തുകയുണ്ടായി. സമൂഹത്തിനു സംഭവിച്ചിരിക്കുന്ന പതനങ്ങൾ അക്കമിട്ടു നിരത്തുന്നുണ്ട് അദ്ദേഹം. ആ പതനങ്ങൾക്ക് വിദ്യാർത്ഥി സമൂഹത്തിലുള്ള സ്വാധീനം എന്താണ് എന്നുള്ളതാണ് നമ്മുടെ അന്വേഷണം.

ഇന്നത്തെ പഠിപ്പിനെക്കുറിച്ച് അഴീക്കോട് പറയുന്നതു ശ്രദ്ധിക്കുക 'പഠിപ്പ് ഇന്ന് മുഖത്തു മാത്രമേയുള്ളൂ. ഹൃദയത്തിലില്ല'. സത്യമല്ലേ അത്? നമ്മുടെ വിദ്യാഭ്യാസ പദ്ധതി മസ്തിഷ്കവികസനം മാത്രം ലക്ഷ്യമാക്കുന്നു. തദനുസൃതമായ ഹൃദയ വികസനം വിദ്യാർത്ഥിക്ക് അപ്രാപ്യമാകുന്നു. അപ്പോഴാണ് അവന്റെ മനസ്സിൽ, ചിന്തയിൽ മരുഭൂമികളുണ്ടാവുന്നത്. സ്വാർത്ഥതയുടെ നെടുങ്കോട്ടകൾ സമൂഹത്തിലുയർത്തപ്പെടുന്നത്. ഇക്കാര്യത്തിൽ അധ്യാപകരും, വിദ്യാർത്ഥികളും ഇവർക്കെല്ലാം മേലുള്ള അധികാരികളും ഒരുപോലെ തെറ്റുകാരാണ്. നമ്മുടെ അധ്യാപകരിൽ ഭൂരിഭാഗവും സിലബസിനും മാർജിനും പുറത്തുപോകാത്തവരാണ്. വിദ്യാർത്ഥികളാവട്ടെ മാർക്കുഷീറ്റിന്റെ കനം വർദ്ധിപ്പിക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രം ഉദ്ദേശിച്ച് പഠിക്കുന്നവരും. അങ്ങിനെയാവുമ്പോൾ മസ്തിഷ്കത്തിനനുസരിച്ച വികാസം ഹൃദയത്തിനുണ്ടാവുകയില്ല. നമ്മുടെ മേലാളൻമാരും അത്രയേ ആഗ്രഹിക്കുന്നുള്ളൂ. ഇതിനൊക്കെ ഉപാധിയായി വിദ്യാഭ്യാസത്തെ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ കാണണമെങ്കിൽ നമ്മുടെ മനസ്സുമാറേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം മനുഷ്യനെ മനുഷ്യനാക്കുന്ന പ്രക്രിയയാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

'സ്വാതന്ത്ര്യാനന്തരം ഒരു ഭാരതീയന്റെ മനസ്സിനെ കീഴ്പ്പെടുത്തിയ വികാരം ഭയമാണ്. ഭയം എന്നുപറഞ്ഞത് വെറും ഭൗതികമായ ഭയമല്ല. മറിച്ച് ആത്മീയമായി നാമിന്നനുഭവിച്ചുകൊണ്ടിരിക്കുന്ന ഭയമാണ്. ഭാരതം സ്വതന്ത്രമാകുന്നതിനുമുമ്പ് നമുക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നു.'

സ്വാതന്ത്ര്യാനന്തരം അതിഭൗതികതയുടെ അടിമകളായി ഭാരതീയർ മാറി. പടിഞ്ഞാറിന്റെ പകർപ്പവകാശം നാം വാങ്ങിവെക്കുകയും ചെയ്തു. നമുക്കു സ്വീകാര്യമാകുന്നവ, നമ്മുടെ സംസ്കാരവുമായി യോജിച്ചു പോകുന്നവ സ്വീകരിക്കേണ്ടതിനു പകരം, ഒരു വെറും അനുകർത്താവായി നാം മാറി, അതോടൊപ്പം ഇവിടെ ഉണ്ടായിരുന്നതിനെ തള്ളിപ്പറയാനും തുടങ്ങി. ഇങ്ങനെ സ്വന്തമായുണ്ടായിരുന്നതിനെ തള്ളിപ്പറഞ്ഞ്, മറ്റൊന്നിനെ അപ്പാടെ സ്വീകരിച്ചപ്പോഴുണ്ടായ അസ്വാസ്ഥ്യമാണ് ഇന്നു നാം അനുഭവിച്ചുകൊണ്ടിരിക്ക[illegible] ഭയം. നാമെന്ന് ഈ അനുകരണത്തിന്റെ ചുറ്റുമതിൽ ഭേദിച്ച് പുറത്തുവരുന്നുവോ, അന്നുമാത്രമേ ഭാരതത്തി[illegible] ലഭിച്ച സ്വാതന്ത്ര്യം അതിന്റെ യഥാർത്ഥ അർത്ഥ[illegible]വാവുകയുള്ളൂ. നമ്മുടെ ഭൗതികമായ സ്വാതന്ത്ര്യം മാത്രമേ നമുക്കു ലഭിച്ചുള്ളൂ. മനസ്സ് ഇപ്പോഴും ബ്രി[illegible] അഥവാ പാശ്ചാത്യ രീതികളുടെ ചങ്ങലക്കുള്ളിൽത[illegible]യാണ്. അതുകൊണ്ടാണ് കൃത്രിമ പ്രകാശത്തിൽ [illegible] ആ അധികാരക്കൈമാറ്റത്തിൽ നിന്ന് സധൈര്യം [illegible] പിൻതിരിഞ്ഞുനടന്നത്. ഈ ജനത ഭാരതത്തിൻ[illegible] പുറത്ത് പുതിയ അറിവുകളും, വിഹായസ്സുകളും [illegible] അന്നു മുതലവർക്ക് ഭാരതസംസ്കാരവും അതിന്റെ ത[illegible]തുസമ്പത്തുക്കളായ സത്യം, ധൈര്യം, പാരമ്പര്യ[illegible]വുകൾ എന്നിവയെല്ലാം പൊള്ളയായി അനുഭവപ്പെട്ടു.

മേൽപ്പറഞ്ഞ സംഗതികൾ ഏറ്റവും കൂടുതലായി ബാധിക്കുന്നത് യുവജനങ്ങളെയാണ്. ഭാരതീയർ ഭൂരിഭാഗവും സദ്ഗുണഭക്തരായിരുന്നു. അവരുടെ പിൻതുടർച്ചക്കാരായിവന്ന നമുക്ക് നേരിടേണ്ടിവന്ന ഏറ്റവും വലിയ പ്രശ്നം തങ്ങൾ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്ന വിഗ്രഹങ്ങളും മറ്റും വെറും കല്ലും മണ്ണുമാണെന്ന അറിവായിരുന്നു. വിശ്വാസം എന്നുപറയുന്നത് ഏതു സമൂഹത്തിന്റെയും താക്കോലാണ്. അതിന്റെ മേൽ മാത്രമേ ബലവത്തും പുരോഗമനോൻമുഖമായ ഒരു സമൂഹം കെട്ടിപ്പെടുക്കുവാൻ സാധിക്കുകയുള്ളൂ. മുൻപറഞ്ഞ അറിവ് ഒരു ലക്ഷ്യബോധമില്ലാത്ത അവസ്ഥ ഭാരതീയ ജനതയ്ക്ക് സമ്മാനിച്ചു. പുതിയ ലക്ഷ്യങ്ങൾ തേടിയുള്ള അലച്ചിലോ, അതിഭൗതികതയുടെ അഗാധഗർത്തമോ, ആയിരുന്നു അതിന്റെഫലം.

കാലാകാലമായി നാം പിൻതുടർന്നു വന്നിരുന്ന ഒരാനമണ്ടത്തരമാണ് ഈ വിഗ്രഹാരാധനയെന്ന് നാം അറിഞ്ഞിരുന്നില്ല. നമ്മുടെ പുരാണഗ്രന്ഥങ്ങൾ മനുഷ്യാതീതമായ ശക്തിക്കു ഭൗതികമായ ഒരു രൂപം നൽകിയത് അതിനെ മനസ്സിലാക്കിത്തരുവാനായിരുന്നു. ഒരിക്കലും ഇദ്ദേഹമാണ് യഥാർത്ഥ ശക്തി നിങ്ങളീയാളെ മൂർത്തി സങ്കൽപ്പത്തിലാരാധിക്കണം എന്ന് ഭാരതീയ വേദോപനിഷത്തുക്കളിൽ ഒരിടത്തും എഴുതിവച്ചിട്ടില്ല. വേദോപനിഷത്തുകളും പുരാണങ്ങളും എല്ലാശക്തിയും ബ്രഹ്മം എന്നതിൽ ഏകീഭവിക്കുന്നതായും ആ ബ്രഹ്മാംശം കുടികൊള്ളുന്നവയാണ് മനുഷ്യനും എല്ലാജീവജാലങ്ങളും എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ധാർമ്മസംസ്ഥാപനാർത്ഥം ആ

ശക്തി മനുഷ്യാവതാരം പൂണ്ടവതരിക്കുന്ന കഥകളും മറ്റും ധർമ്മസംരക്ഷണത്തിന് പണ്ടത്തെ സമൂഹം കല്പിച്ച വിലയെ മാത്രമേ കുറിക്കുന്നുള്ളൂ. പിന്നീട് വന്നവർ ഭൗതികരൂപത്തിൽ ചിത്രീകരിക്കപ്പെട്ട ഇതുവരെയും രചിക്കപ്പെടാത്ത ശക്തിയെ ആരാധിക്കുവാൻ തുടങ്ങി. അങ്ങിനെയുള്ള ഭൗതികരൂപങ്ങളാണ് ഇപ്പോൾ തകർന്നത്. ഈ തകർച്ചയാണ് ഭാരതീയ യുവതലമുറക്കുമുമ്പിൽ ചോദ്യചിഹ്നമായത്. ഈ ചോദ്യത്തിനർത്ഥം വേദോപനിഷത്തുക്കളിൽ തന്നെയുണ്ട്. അത് നാം മറിച്ചുനോക്കാറേയില്ല. അപൂർവ്വം ചിലരതിനു ശ്രമിക്കുമ്പോൾ അവർ ഒറ്റയാൻമാരായിത്തീരുകയും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നകലുകയും ചെയ്യുന്നു. സമൂഹത്തിന്റെ മുഖ്യധാരയെയും ആ ആത്മീയചിന്തയെയും ബന്ധിപ്പിക്കാൻ വിവേകാനന്ദസ്വാമികൾക്കു ശേഷം അല്പമായെങ്കിലും ശ്രമിച്ചത് ഗാന്ധിജിയാണ്. എങ്കിലും ഇന്നും അവ രണ്ടും രണ്ടു ധ്രുവങ്ങളിലായിത്തന്നെ നില്ക്കുന്നു.

നാമെന്ന് നമ്മുടെ പാരമ്പര്യ വൃക്ഷത്തണലിലേക്കു തിരിച്ചുപോയി ആ സംസ്കാരത്തെയും ആ വിശ്വാസങ്ങളെയും മനസ്സിലാക്കുന്നുവോ, അന്നു മാത്രമേ ആത്മീയമായി നാമനുഭവിക്കുന്ന ഭയം നീങ്ങിക്കിട്ടുകയുള്ളൂ.

ജനുവരി 20 കൊല്ലത്ത് NGO യൂണിയൻ കലാവേദിയിലെ സുകുമാർ അഴീക്കോടിന്റെ പ്രഭാഷണത്തിൽ നിന്ന് –

ഡിസംബർ ആറിന്, ഹിന്ദുമതത്തിന്റെ പേരിൽ പൂർവ്വചരിത്രങ്ങളുടെ അസ്ഥിശകലങ്ങൾ ചികഞ്ഞെടുത്ത് സഹോദരഹത്യയിലൂടെ ഭാരതത്തിന്റെ പാവന നദികളെ രക്തമയമാക്കിയ BJPക്ക് ഭാരതീയം എന്ന പേരുചേർക്കാൻ എന്താണ് അർഹതയുള്ളത്. 1947 ആഗസ്റ്റ് 15 പിറന്നതറിയാതെ BJPയുടെ ആഫീസിൽ ഇപ്പോഴും ബാബറുടെ കാലത്തെ കലണ്ടറാണ് തൂങ്ങിക്കിടക്കുന്നത്. 464 വർഷത്തെ ചരിത്രമുള്ള ബാബറി മസ്ജിദിന്റെ അടിത്തറ തോണ്ടിയവർ ആയിരം വർഷത്തെ പഴക്കമുള്ള ഭാരതത്തിന്റെ അടിത്തറയാണ് തോണ്ടിയത്.

ജാതി ഇന്ത്യയുടെ പൈതൃകമാണ്. ബാബറി മസ്ജിദ് അതിന്റെ തലയും. പക്ഷേ തിരുശ്ശീലകൾ എത്രയോമാറി. ബാബറി മസ്ജിദ് പണിയുമ്പോൾ ഇംഗ്ലണ്ടിൽ എലിസബത്ത് രാജ്ഞി പോലും ഉണ്ടായിട്ടില്ല. ബാബർ അമ്പലം പൊളിച്ചിട്ടായിരിക്കും പള്ളിപണിതത്. അത് അന്നത്തെ രീതിയായിരുന്നു. തച്ചോളി ഒതേനൻ പോലും കോട്ട പൊളിച്ചിട്ടുണ്ട്. കേരളത്തിൽ ബുദ്ധ ക്ഷേത്രങ്ങൾ പലേടത്തും പൊളിച്ചിട്ടില്ലേ?

വീട്ടിൽ അതിഥികൾ എത്തുമ്പോൾ കിലുക്കാംപെട്ടിയുമായെത്തിയ മകനെ അച്ഛൻ അടിച്ചു. അതിഥികൾ പോയശേഷം അച്ഛൻ മകനെ സാന്ത്വനപ്പെടുത്തി. മകനോട് കിലുക്കിക്കൊള്ളാൻ പറഞ്ഞു. 'ഇല്ല എനിക്ക് ഇന്നലെ കിലുക്കണം' എന്നുപറയുന്ന കുട്ടികളെപ്പോലെയാണ് അദ്വാനിമാർ പറയുന്നത്. ഇത്ര ഭയങ്കരമായ വങ്കത്തം മനുഷ്യഭാവനയുടെ ചരിത്രത്തിലുണ്ടോ?

ഹിന്ദു എന്ന വാക്ക് വിദേശികൾ നമുക്ക് തന്നതാണ്. വേദങ്ങളിലും ഉപനിഷത്തിലും എല്ലാം ഭാരതം എന്നാണ്. ഭാരതത്തിൽ സകലജനവിഭാഗങ്ങളെയും ചേർത്തുള്ള സമഷ്ടിയാണ് ഭാരതം. അഭയാർത്ഥികളായി എത്തുന്ന ആർക്കും അഭയമരുളുന്ന പുണ്യഭൂമിയുടെ പ്രതിനിധിയായാണ് താൻപ്രസംഗിക്കുന്നതെന്ന് ചിക്കാഗോയിൽ സർവ്വമത സമ്മേളനത്തിൽ വിവേകാനന്ദൻ പറഞ്ഞു. പക്ഷേ ഡിസം. 6 നു ശേഷം ഇന്ത്യയിൽ നിന്ന് പോകുന്ന ആർക്ക് ശിരസ്സുയർത്തി ഇങ്ങനെ പറയാനാകും. സത്യം ഏകമാണ്. ഏകം സത് എന്ന ഋഗ്വേദസൂക്തമാണ് ഭാരതത്തിന്റെ ആധാരശില. അതിനെ അനേകമായിക്കാണുന്ന അനൈക്യത്തിന്റെ കർസേവ നടത്തുന്നവർ എങ്ങിനെ ഭാരതത്തിന്റെ പ്രതിനിധികളാവും. വേദങ്ങളുടെ അടിത്തട്ടിലെ ഐക്യം കണ്ടവരാണ് നമ്മുടെ പൂർവ്വികർ. എന്തുകൊണ്ട് BJPക്കാർ മസ്ജിദിനടിയിലുള്ള അമ്പലത്തെക്കുറിച്ച് പറയുന്നു. ഈ രാഷ്ട്രമാകുന്ന ക്ഷേത്രത്തിന്റെ അടിത്തറയെക്കുറിച്ച് പറയുന്നില്ല. ബാബർ പൊളിച്ചത് അമ്പലമെങ്കിൽ ഇനിയും നമുക്കെത്ര അമ്പലങ്ങൾ പണിയാനാവും. എന്നാൽ അമ്പലങ്ങളും പള്ളികളും ഉൾക്കൊള്ളുന്ന ഇന്ത്യ എന്ന മഹാക്ഷേത്രം തകർന്നാലോ.

ബാബറിമസ്ജിദ് പൊളിച്ചു എന്നതല്ല പ്രശ്നം. നമ്മുടെ ഭരണാധികാരികൾ ചേർന്ന് അതിനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തു എന്നതാണ്പ്രശ്നം. ഭാരതത്തിന്റെ മുഖം എവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെ ആത്മാവിന് ക്ഷതമേറ്റിരിക്കുന്നു. മതേതരത്വമെന്നത് നമ്മുടെ പാരമ്പര്യത്തിന്റെ തുടർച്ചയാണ്, ഇന്ത്യയുടെ ലക്ഷ്യമാണ്. ആ ലക്ഷ്യം മാറുമാറായിരിക്കുന്നു. ആ ലക്ഷ്യങ്ങളുടെ പുനസംഘടനയും അത് നടപ്പാക്കാനുള്ള കർമ്മപരിപാടികളുമാണ് ഇന്നത്തെ ആവശ്യം

# ആപത്കരമായ ഉത്ഗ്രഥനം

നാം അധിവസിക്കുന്ന ഭൂമി മുഴുവൻ കരയും കടലും പോരാ തലയ്ക്കുമീതെയുള്ള ആകാശവും മുമ്പൊരിക്കൽ തമ്മിൽ മത്സരിച്ചു. ഇഷ്ടംപോലെ പങ്കിട്ടെടുത്ത കമ്പോളപ്പെരുമാക്കൻമാർ ഇന്നു വേഷം മാറി ഇറങ്ങിയിരിക്കുകയാണ്. മനുഷ്യരാശിക്കവകാശപ്പെട്ട സമ്പത്തുമുഴുവൻ തങ്ങളുടെ കൈവശമുറപ്പിച്ചു നിർത്താൻ പുതിയ ചില തന്ത്രങ്ങളും അടവുകളുമാണ് അവർ കരുപ്പിടിപ്പിച്ചിട്ടുള്ളത്. മത്സരരംഗത്ത് പുതിയ ചിലശക്തികൾ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു.

മുൻകാലങ്ങളിൽ അവർ ഭൂഖണ്ഡങ്ങളെ കോളനികളും അർദ്ധകോളനികളുമാക്കി ഭാഗിച്ചെടുത്തു. ചിലേടത്ത് നേരിട്ട് ഭരിച്ചു. മറ്റുചിലയിടങ്ങളിൽ നേരിട്ടല്ലാതെയെങ്കിലും ഭരിക്കുകതന്നെചെയ്തു. ആ പ്രദേശങ്ങളിൽ വിളഞ്ഞ വിലപിടിച്ച വിഭവങ്ങളെല്ലാം അവർ നിർബാധം കൊള്ളയടിച്ചുകൊണ്ടുപോയി. ജനങ്ങളെ തുച്ഛമായ കൂലിക്കു വേലചെയ്യുന്ന അടിമകളാക്കി. അവരെ നിർവീര്യമാക്കുന്നതിന് തോക്കുചൂണ്ടിപ്പോലും കറുപ്പുപോലുള്ള ദുശ്ശീലങ്ങൾ പഠിപ്പിച്ചു. സ്വന്തംനാട്ടിലെ യന്ത്രവത്കൃത വ്യവസായങ്ങളിൽ നിർമ്മിച്ച ചരക്കുകൾ കെട്ടിയേൽപ്പിച്ച് ലാഭംകൊയ്തു.

അങ്ങിനെയിരിക്കെ സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള മത്സരംമൂത്ത് സായുധ സംഘട്ടനത്തിലെത്തി. ഒന്നാം ലോകമഹായുദ്ധമായി. അതു കഴിഞ്ഞപ്പോഴേക്കും പുതിയ ഒരു ജനകീയശക്തി ഭൂമുഖത്തവതരിച്ചു. ഒരു സോഷ്യലിസ്റ്റു രാഷ്ട്രം. ഇന്നു നാമാവശേഷമായിത്തീർന്നിട്ടുള്ള സോവിയറ്റു യൂണിയൻ. അതിനും പുറമെ കോളനികളും അർദ്ധകോളനികളിലുമൊക്കെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി ബഹുജന പങ്കാളിത്തത്തോടുകൂടിയ പ്രസ്ഥാനങ്ങളും തൊഴിലാളി കർഷകാദി ജനവിഭാഗങ്ങളുടെ സാമ്പത്തിക നീതിക്കും സമത്വത്തിനും വേണ്ടിയുള്ള പ്രസ്ഥാനങ്ങളും വിദ്യാർത്ഥിയുവജനപ്രസ്ഥാനങ്ങളും അത്ഭുതപൂർവ്വമായി കരുത്താർജിച്ചു മുന്നേറി. എങ്കിലും സാമ്രാജ്യക്കോയ്മകൾ ഒരു വിധം കടിച്ചുപിടിച്ചുനിന്നു. എന്നാൽ മുപ്പതുകളിൽ ലോക മുതലാളിത്തവ്യവസ്ഥയുടെ അടിക്കല്ലിളക്കിയ ഭയങ്കരമായ സാമ്പത്തികക്കുഴപ്പവും അതിന്റെ കലാശക്കൊട്ടായി രണ്ടാം ലോകമഹായുദ്ധവും വന്നു. അത് അവസാനിച്ചത് സാമ്രാജ്യശക്തികളെ പാടെ തളർത്തിക്കൊണ്ടായിരുന്നു. അടിമരാജ്യങ്ങൾ ഒന്നൊന്നായി രാഷ്ട്രീയ സ്വാതന്ത്ര്യം നേടി. സോഷ്യലിസ്റ്റുവ്യവസ്ഥ വിസ്മയകരമായ വൈപുല്യവും പ്രാബല്യവും നേടുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് പുതിയ സംവിധാനങ്ങളും തന്ത്രങ്ങളും മെനഞ്ഞെടുക്കാതെ നിവൃത്തിയില്ല എന്ന് പഴയ സാമ്രാജ്യമേധാവികൾ കണ്ടത്. പുതിയ ബഹുരാഷ്ട്രക്കുത്തകകൾ, ഗാട്ട്, ലോക ബാങ്ക്, അന്താരാഷ്ട്ര നാണയനിധി എന്നിങ്ങനെ പല ഉപകരണങ്ങളും അവർ തട്ടിപ്പടച്ചുണ്ടാക്കി. അതാണ് പറഞ്ഞത് അവർ വേഷംമാറി വന്നിരിക്കുന്നുവെന്ന്.

പുതുതായി സ്വാതന്ത്ര്യം പ്രാപിച്ചരാജ്യങ്ങൾ പഴയ സാമ്രാജ്യശക്തികളുടെ ഒപ്പമെത്താൻ ഇനിയും എത്രയോ കാലമെടുക്കും. വികസനപരിപാടികൾ കൊണ്ട് കാര്യമായനേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അവർ ഇന്നും പിന്നണിയിൽത്തന്നെയാണ്. വികസിതരാജ്യങ്ങളിലെ ആളോഹരി മൊത്തംദേശീയോത്പ്പന്നം 18000 ഡോളറിന്റേതാണെങ്കിൽ പിന്നണിരാജ്യങ്ങളിലേത് 330 ഡോളർ മാത്രമാണ്. മറ്റൊരു കണക്കും ഈ അസമത്വത്തെ കൂടുതൽ വ്യക്തമാക്കുന്നു. ലോകജനസംഖ്യയുടെ 15-20% മാത്രം വരുന്ന അഭിവൃദ്ധ രാജ്യങ്ങളുടെ കൈവശമാണ് ഇന്നും ആഗോള വിഭവങ്ങളുടെ 80-85 %. വ്യവസായ വിപ്ലവം, ശാസ്ത്രസാങ്കേതിക മുന്നേറ്റ

സാമ്രാജ്യാധിപത്യം എന്നിവ മൂലഭേന വളർത്തിയെടുത്ത സാമ്പത്തികശേഷിയും സൈനികശക്തിയും ഭീമമാണ്. വാർത്താ വിജ്ഞാന പ്രചരണ മാധ്യമങ്ങളുടെ മേലുള്ള ആധിപത്യം കൊണ്ടുണ്ടാക്കിയിട്ടുള്ള പ്രത്യയശാസ്ത്രപരമായ അധീശത്വം വേറെയുമുണ്ട്. ഭൗതികവും ബൗദ്ധികവുമായ കരുത്തുകൊണ്ട് അവികസിത രാജ്യങ്ങളെ വരുതിക്കു നിർത്താൻ വഴങ്ങിക്കൊടുക്കാൻ മടിക്കാത്ത അധികാരവർഗ്ഗങ്ങളും ഉദ്യോഗസ്ഥപ്രമാണികളും പട്ടാളത്തലവൻമാരും ഓരോ നാട്ടിലും ഉള്ളതുകൊണ്ട്, വിശേഷിച്ച് അവർക്ക് അത്ര വിഷമമില്ല. ദേശീയമാധ്യമങ്ങളെയും ബുദ്ധിജീവികളെയും പലവിധപ്രലോഭനങ്ങൾകൊണ്ട് സ്വാധീനിക്കാനും അവർക്ക് കഴിയുന്നു.

ഈ സൗകര്യങ്ങളെല്ലാം സമൃദ്ധമായി ചൂഷണം ചെയ്തുകൊണ്ടാണ് ലോകബാങ്കും അന്താരാഷ്ട്ര നാണയനിധിയും മൂലഭേന ഘടനാപരമായ അഴിച്ചുപണിക്കുവേണ്ടി അവർ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നത്. ഉദാരവത്കരണത്തിലൂടെ വാണിഭശക്തികളെ കെട്ടഴിച്ചുവിടുക, ജനോപകാരപ്രദങ്ങളായ സഹായധനവ്യവസ്ഥ റദ്ദാക്കുക, നാണയമൂല്യം ഇടിച്ചുതാഴ്ത്തുക, വേതനം മരവിപ്പിക്കുക, തൊഴിലാളികളെ പിരിച്ചു വിടുക, വിദേശകുത്തകകൾക്ക് പ്രത്യേകാവകാശങ്ങളോടെ മൂലധനനിക്ഷേപം നടത്താനും, കൊള്ളലാഭം കടത്തിക്കൊണ്ട്പോകാനും സ്വാതന്ത്ര്യം അനുവദിക്കുക. ബൗദ്ധികോത്പന്നങ്ങളുടെ കാര്യത്തിൽ ദാസ്യം സ്വീകരിക്കുക, കടക്കെണിയിൽ കുടുക്കുക, സാമൂഹിക സേവന സംരക്ഷണപരിപാടികൾ ഉപേക്ഷിക്കുക. ഇതെല്ലാമാണ് അവർ ശഠിക്കുന്നത്. വായ്പതരുന്ന രാജ്യങ്ങളുടെ ഉത്പന്നങ്ങൾ അവർ നിശ്ചയിക്കുന്ന വിലയ്ക്ക് ഇറക്കുമതി ചെയ്യണമെന്നും അവർ നിർബന്ധിക്കുന്നു. നിത്യജീവിതം ദുസ്സഹമാക്കുന്ന ഇത്തരം നടപടികൾക്കെതിരായി ജനങ്ങൾ സംഘടിത പ്രക്ഷോഭണങ്ങൾക്കിറങ്ങിയാൽ മൗലികാവകാശങ്ങളെ നിഷേധിച്ചായാലും അവയെ തകർക്കണമെന്ന ഉപദേശവും അവരുടെ വകയായുണ്ട്. സാമ്പത്തികവും രാഷ്ട്രീയവുമായ പരമാധികാരത്തെ നിഗ്രഹിക്കുന്ന ഈ നടപടികളെല്ലാം ചേർന്നാൽ കോളനി വാഴ്ചയുടെ പുനഃസ്ഥാപനമായി.

ആഗോള സമ്പദ്ഘടനയുമായി ഉദ്ഗ്രഥിക്കുന്നു എന്നാണ് ലോകബാങ്ക് നാണയനിധി സമ്മർദത്തിനു നൽകുന്ന വ്യാഖ്യാനം. അങ്ങേയറ്റം കുഴപ്പത്തിൽ കിടന്നു നട്ടം തിരിയുന്നതാണ് ഇന്നത്തെ ആഗോള (മുതലാളിത്ത) സാമ്പത്തിക വ്യവസ്ഥ എന്ന വസ്തുതകളെ മറച്ചുവെച്ചുകൊണ്ടാണ് ഈ വ്യാഖ്യാനം. 1950 മുതൽ 1973 വരെയുള്ള കാൽനൂറ്റാണ്ട് മുതലാളിത്ത വ്യവസ്ഥക്കു ശുക്രദശയായിരുന്നു. തൊഴിലില്ലായ്മ തിക്കവാറും ഇല്ലാതാക്കാനും അമിതോത്പാദനത്തിന് കടിഞ്ഞാണിടാനും വികസിതരാജ്യങ്ങളിൽ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനും വളർചയ്ക്കു വേഗതകൂട്ടാനും അന്ന് സാധിച്ചു. പക്ഷേ 1970 ൽ വീണ്ടും കുഴപ്പത്തിലായി. പഴയകെടുതികളെല്ലാം മുമ്പത്തെക്കാൾ രൂക്ഷതയോടെ മുതലാളിത്ത രാജ്യങ്ങളെ ശല്യം ചെയ്തുകൊണ്ടിരിക്കുകയാണ്. അവർ തമ്മിലുള്ള കിടമത്സരമാകട്ടെ കൂടുതൽ ഹിംസ്രരൂപം കാണിക്കുകയും ചെയ്യുന്നു. ഇങ്ങിനെവലയുന്ന ഒരു ആഗോള വ്യവസ്ഥയുമായി ഉദ്ഗ്രന്ഥിക്കാനുള്ള ശ്രമം അവികസിതരാജ്യങ്ങളെയും കുഴപ്പച്ചുഴിയിലേക്ക് തള്ളുകയേയുള്ളൂ. ഭീഷണമായ ഈ വസ്തുതയെ അവഗണിച്ചുകൊണ്ടും ഇതരരാജ്യങ്ങളുടെ കഷ്ടപ്പാടുകളിൽ നിന്നും പാഠം പഠിക്കാതെയുമാണ് നരസിംഹറാവുവിന്റെ സർക്കാർ പുത്തൻ സാമ്പത്തികനയവുമായി പുറപ്പെട്ടിട്ടുള്ളത്. ഇതിനെ തോൽപ്പിച്ച് സ്വാശ്രയത്വത്തിലൂന്നുന്ന നയപരിപാടികൾ നടപ്പിലാക്കിക്കുക എന്നതാണ് രാജ്യസ്നേഹികളുടെ ഇന്നത്തെ മുഖ്യ കർത്തവ്യം.

*ബിജീഷ്*
*I BSc ഫിസിക്സ്*

*കടപ്പാട്: സോളിഡാരിറ്റി മാഗസിനോട്*

# വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഉന്നത കടമ

അധഃപതിച്ച അടിസ്ഥാനമൂല്യങ്ങളുടെ സംഘനൃത്തങ്ങൾക്കിടയിൽ നേരും നെറികേടുമെല്ലാം, പൂജ്യമാകുന്ന കാലഘട്ടത്തിന്റെ പിഴവുകളിലേക്ക് വിരൽചൂണ്ടി സംസാരിക്കുമ്പോൾ നാം കാണാതെപോവുകയും, എന്നാൽ കാണേണ്ടത് എന്നുറക്കെ പറയുന്നതുമായ വിദ്യാഭ്യാസരംഗത്തെ മൂല്യച്യുതികളിൽ നമുക്കു നഷ്ടപ്പെട്ടത് മഹത്തായ ഒരു പാരമ്പര്യത്തെയാണ്. ആദർശാത്മകമായ ഒരു സമൂഹത്തിന്റെയും, അവിടുത്തെ ചിന്താസരണികളിലെ അടിച്ചമർത്തലിനെതിരെയുള്ള യുദ്ധകാഹളങ്ങളുടെയും ഇടയിൽ വിദ്യാഭ്യാസ പദ്ധതികളിൽ കയറിക്കൂടിയ അശാസ്ത്രീയതയും വിഷദംശനവും നാം കാണാതെവയ്യ. സമൂഹത്തിലെ,പ്രതികരണശേഷി നഷ്ടപ്പെട്ടിട്ടില്ലാത്തവരുടെ ഒറ്റപ്പെട്ട ശബ്ദങ്ങൾക്കിടയിൽ, ഒരു ചാരനെപ്പോലെ ഒളിച്ചു നടന്ന്, കടംവാങ്ങിയ പാശ്ചാത്യസംസ്ക്കാരത്തിന്റെ മൂടന്ത്, നമ്മിലേക്കു പകർത്താൻ, രാജ്യംപോലും പണയംവച്ച് പുരോഗതി എന്ന ഇരുട്ടുമുറിയിലെ വട്ടഗോവണികളിലേക്ക് തള്ളിക്കയറാൻ ശ്രമിക്കുന്നവരെയും നഷ്ടപ്പെടാത്ത സംഘബോധത്തിന്റെ വെളിച്ചത്തിൽ ആട്ടിപുറത്താക്കി, വിദ്യാഭ്യാസരംഗത്തെ സംശുദ്ധമാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. നുണകളെ എഴുതുകയും, എഴുനൂറുപ്രാവശ്യം ആവർത്തിച്ചും സത്യമാക്കുന്ന, നമ്മുടെ സാംസ്കാരിക രംഗത്തെ കൂത്തക മുത്തശ്ശി പാത്രങ്ങളും, ആ ചവിട്ടടിയിൽ ചതഞ്ഞരയണം പ്രത്യാശയുടെ ശബ്ദം മൃതപ്രായമെത്തുമ്പോൾ ഇവിടെ ഉണർന്നിരിക്കുന്ന യുവത്വത്തിന്റെ സിരകളിലെ ഐക്യത്തിന്റെ കനലുകൾ ഒരിക്കൽകൂടി അഗ്നിയാവാഹിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് അശാസ്ത്രീയ പരീക്ഷണങ്ങൾ ഇന്ന് വന്നും പോയുമിരിക്കുമ്പോൾ, ഇന്നലെകളിൽ നാം പരീക്ഷിക്കുകയും, പ്രയോഗിക്കുകയുമൊക്കെ ചെയ്ത ഗുരുകുല സമ്പ്രദായത്തിലെ വിദ്യാഭ്യാസത്തിന്നെതിരായി ഇന്ന്, ഒരുവലിയ ജനക്കൂട്ടത്തെ ഒരു ക്ളാസ് മുറിയിലടച്ച് ഒരു മണിക്കൂർ നേരത്തെ കാപ്സ്യൂൾ ചികിത്സയിലൂടെ വിദ്യ അഭ്യസിപ്പിക്കുന്ന രീതിയിലേക്ക് എത്തിയിരിക്കുന്നു. അവിടുത്തെ നിശ്വാസങ്ങളും, വിയർപ്പും ദുർഗന്ധം വമിപ്പിക്കുന്നതുപോലെ തന്നെ ഇത് കാലിചന്തയിലെ പേശുകൾപോലെ അവ്യക്തമായിത്തീരുന്നു. വിദ്യാഭ്യാസത്തിലൂടെ നാം നേടുന്നു എന്നു പറയുന്ന സംസ്കാരവും അനുഭവജ്ഞാനവുമെല്ലാം ഈ പുതിയ ചികിത്സയിലൂടെ നമ്മെ വെറും യന്ത്രവൽകൃത സമൂഹത്തിലെ ഏഴാം കൂലികൾ മാത്രമോ, വെറും തൊഴിൽ തെണ്ടി

കള്ളാ ആക്കിമാറ്റുകമാത്രമാണ് ചെയ്യുന്നത്. ഇതിന്റെ മറ്റൊരു മുഖം കൂടിയുണ്ട് കാണുവാൻ. കാലിചന്തയിൽ വിലപേശുംപോലെ മകാഴയുടെയും, കിഴിയുടേയും, വലിപ്പംപറഞ്ഞ് സർട്ടിഫിക്കറ്റുകൾ എഴുതി വാങ്ങുന്നതും നമ്മുടെ വിദ്യാഭ്യാസമേഖലയിലെ മൂല്യച്യുതിയുടെ ദുർമുഖമാണ്. വിദ്യാഭ്യാസം ധനത്തെക്കാൾ വിലമതിച്ചിരുന്നതും, പകർന്നുകൊടുക്കുമ്പോഴും വർദ്ധിക്കുകയും ചെയ്യുന്നതും, എന്നുമെല്ലാം ഉദ്ഘോഷിക്കുകയും ചെയ്തിരുന്ന മഹത്തായ ഒരു പാരമ്പര്യത്തിന്റെ ഉടമകളാണ് എന്ന് നമ്മെകൊണ്ട് പറയാൻപോലും ലജ്ജതോന്നിപ്പിക്കുന്നതരം സംഭവവികാസങ്ങൾ അങ്ങിനെയങ്ങിനെ എണ്ണിയെണ്ണി പറയുമ്പോൾ എത്രയെത്ര നീചമായ 'നീതി' ക്രമങ്ങൾ ഇവക്കെല്ലാം ഒരു മതരാഷ്ട്രീയ നിരപേക്ഷ മുന്നേറ്റത്തിന്റെ അഭാവം നമ്മുടെ സമൂഹത്തിലുണ്ട് എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ആധുനിക സമൂഹം വിഭാവനം ചെയ്യുന്ന ജനാധിപത്യ സമൂഹത്തിന്റെ വരവിൽ പ്രതികരണ ശേഷിയുള്ള ഒരു ജനവിഭാഗത്തെയാണാവശ്യം. ഒരു സമൂഹത്തിൽ ഏറ്റവും പ്രതികരണശേഷിയുള്ള ഒരു വിഭാഗം ആ സമൂഹത്തിലെ യുവാക്കളാണ്. ഏതൊരു സമൂഹത്തിലേയും പുരോഗതിയുടെ സൂചകങ്ങളാകുന്നത് അന്നാട്ടിൽ നിലനിൽക്കുന്ന ഭരണ ക്രമങ്ങളോട് അവിടുത്തെ യുവജനങ്ങൾ - യുവജനപ്രസ്ഥാനങ്ങൾ എങ്ങിനെ പ്രതികരിക്കുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്.

ഈ വീക്ഷണങ്ങൾക്കെല്ലാം തിരിച്ചടിയെന്നോണം മറ്റൊരു കാര്യവുംകൂടി ശ്രദ്ധയിൽ വരേണ്ടതുണ്ട്. ഏറ്റവും വലിയ പ്രതികരണശേഷിയുള്ള സമൂഹം എന്ന നിലക്ക് അവ സാമൂഹ്യ യാഥാർത്ഥ്യങ്ങളോടും എല്ലാം പ്രതികരിക്കേണ്ട കർത്തവ്യം നിറവേറ്റുമ്പോൾതന്നെ അവർക്ക് തിരിച്ചടികൾ നേരിടേണ്ടതായും വരുന്നു. കുത്തക മാധ്യമങ്ങളും, അതുപോലെതന്നെ സാമ്രാജ്യത്വ ഏജന്റുമാരും ഇവർക്കെതിരെ എല്ലാ ആധുനിക മാധ്യമങ്ങളുടേയും സാങ്കേതികതയുടേയും സഹായത്തോടെ തിരിച്ചടിക്കുവാൻ കോപ്പുകൂട്ടുന്നു. ഈയടുത്തകാലത്ത് - ഇപ്പോഴും ബൂർഷ്വാ നേതൃത്വം ആകെ ചർച്ചചെയ്യുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നം അരാഷ്ട്രീയവൽക്കരണമാണ്. അതായത്, പതിനെട്ടുവയസുകാർക്ക് വോട്ടവകാശം നൽകുകയും അവരുടെ പ്രതികരണശേഷിയും, മറ്റും ചങ്ങലക്കിട്ടുകൊണ്ട് രാഷ്ട്രീയത്തിൽനിന്ന് അകറ്റി നിർത്തുകയും ചെയ്യുക എന്ന ഇരട്ടത്താപ്പ് നയം. ഇത് വളരെ വേഗത്തിൽതന്നെ വിദ്യാർത്ഥി വിഭാഗം തിരിച്ചറിയുകയും, അതിനെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു എങ്കിലും, മാധ്യമങ്ങൾവഴി ഈ മൂന്നാംകൂലികൾ തിരിച്ചടിക്ക് ശ്രമിക്കുകയാണ്. ഇത് ഒരു തരത്തിൽ ഫാസിസത്തിന്റെ പുനർജ്ജൻമമല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇന്നത്മാത്രം ചിന്തിക്കണം, പറയണം എന്നെല്ലാം നമ്മെപ്പറഞ്ഞു പഠിപ്പിക്കുവാനാണ് ഇത്തരക്കാർ ശ്രമിക്കുന്നത്. നമ്മുടെ രാജ്യത്ത് ഇന്ന് ഏറ്റവും വലിയപ്രശ്നം ഹിന്ദുവും മുസ്ലീമും തമ്മിലുള്ള വർഗ്ഗീയ - രാഷ്ട്രീയ പ്പോരാട്ടങ്ങളാണ്. ഹിന്ദുമതത്തിന്റെ പേരിൽ, ബാബറി മസ്ജിദ് തകർക്കപ്പെടുകയും ആനന്ദ് പറയുന്നതുപോലെ, 'വെറും കല്ലും മണ്ണും കുത്തിയിളക്കാൻ രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽനിന്ന്, വെറും അന്ധവിശ്വാസങ്ങളുടെ പേരുപറഞ്ഞ് എത്തിചേർന്നവരുടെ ലക്ഷ്യം ഭാരതത്തെ വർഗ്ഗീയവത്ക്കരിച്ചുകൊണ്ട് പുരോഗമന വിശ്വാസക്രമങ്ങളെ അട്ടിമറിക്കുക എന്നതാണ്. ക്രിത്രിമാത്മീയതയുടെ പേരിൽ രാജ്യത്ത് ഇന്ന് നടമാടുന്ന ഈ കലാപ നാടകങ്ങളാണ് ഇന്ന് ഏറ്റവും വലിയപ്രശ്നം. ജർമനിയിൽ Black shirts സ്വസ്തികവുമായി മുന്നേറിയെങ്കിൽ, ഇന്നിവിടെ കാവിവസ്ത്രക്കാർ ത്രിശൂലവുമായി ഇറങ്ങിത്തിരിച്ചിരിക്കുകയാണ് ഈ കൃത്രിമാത്മീയതയുടെ വിഷത്താൽ സാധാരണ ജനങ്ങളുടെ വികാരത്തെ മുതലാക്കുന്നവർ, മറ്റു ലോകരാഷ്ട്രങ്ങൾക്കുമുന്നിൽ നമ്മെ നഗ്നരാക്കിപ്പിടിച്ചുനിർത്തുമ്പോൾ ഈ കോമാളി നാടകത്തിന്റെ climax-ൽ അവർ ഉറഞ്ഞു ചിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തെയാണ് ഇത് പരോക്ഷമായി കരിതേച്ചു വൃത്തികേടാക്കുന്നത്. ആർ. എസ്. എസ് പോലുള്ള ഹിന്ദുവർഗ്ഗീയ സംഘടനയുടേയും, ജമാഅത്തെ ഇസ്ളാമിപോലുള്ള മുസ്ലീം ന്യൂനപക്ഷ വർഗ്ഗീയ സംഘടനയുടേയും കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതിന് കളമൊരുക്കുകയും ചെയ്യുന്നു. പാഠപുസ്തകങ്ങളിലെ വിദ്യാർത്ഥി ചരിത്രങ്ങളും, പാഠഭാഗങ്ങളും വിഴുങ്ങുമ്പോൾ, വിദ്യാർത്ഥി സമൂഹം തെറ്റായ ചിന്തകളിലൂടെ ഇവിടെ ചിത്രം കൂടുതൽ വികൃതമാക്കുകയാണ്. ഇങ്ങിനെ രാജ്യത്തെ യുവജനതയെ ആകമാനം പുകപടലങ്ങൾക്കുള്ളിൽ നിർത്തി യഥാർത്ഥ കാഴ്ചയിൽനിന്ന് അകറ്റിക്കൊണ്ട്, വർഗ്ഗീയ സംഘടനകൾ തടിച്ചുവീർക്കുകയാണ്. ന്യൂനപക്ഷത്തിനെതിരെ കൃത്രിമ ദേശീയതയുടെ കൊടുങ്കാറ്റടിപ്പിച്ചു ഹിന്ദു സംഘടനകൾ പോരിനിറങ്ങുമ്പോൾ ജർമനിയിൽ നാം കണ്ട ആര്യരക്തത്തിന്റെ മഞ്ഞച്ചിരിയുടെ പകർച്ച ഇവിടെയും അവത

രിക്കുന്നു എന്ന് മനസ്സിലാക്കുകയും ഈ പുകപടലങ്ങൾ തുടച്ചുനീക്കുകയും ചെയ്യേണ്ടത് മതനിരപേക്ഷ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ കടമയാണ്.

രാജ്യത്ത് രണ്ടുപതിറ്റാണ്ടുകൾക്കുശേഷം നമ്മുടെ ടെലിവിഷനുമായി വീണ്ടും CNN എന്ന അമേരിക്കൻ പ്രക്ഷേപണരംഗം കരാർചെയ്യുകയും. അതുവഴി നമ്മുടെ വിചാരരംഗത്ത് വീണ്ടും അട്ടിമറികൾ നടത്തുകയുമാണ്. മാധ്യമങ്ങൾ വഴിയുള്ള ഈ കുത്തകവത്ക്കരണം നമ്മുടെ സാംസ്ക്കാരികരംഗത്ത് ആഴത്തിലേക്കുള്ള വീഴ്ചയാണ് ഉണ്ടാക്കുന്നത്. അമേരിക്ക എന്ന സാമ്രാജ്യത്വശക്തി ഒരു രാക്ഷസനെപ്പോലെ വികസ്വര രാഷ്ട്രങ്ങളുടെമേൽ കടന്നാക്രമണം നടത്തുകയാണിന്ന്. ഏഷ്യൻ രാജ്യങ്ങളിലൊന്നാകെ വിഘാതമുണ്ടാക്കുന്നതിന്റെ ഭാഗമായി അറബിരാഷ്ട്രങ്ങളുടെമേലാണ് പ്രത്യക്ഷമായ ആക്രമണ പരമ്പര സൃഷ്ടിക്കപ്പെട്ടത്. പുത്തൻ കൊളോണിയലിസത്തിന്റെ ഒന്നാംപടി എന്നനിലയിൽ വിചാര വിപ്ളവത്തോടെ അമേരിക്ക ഇന്ത്യയുടേയുംമേൽ പിടിവച്ചിരിക്കുന്നു. പുതിയ സർക്കാർ വിദ്യാഭ്യാസ നയം ഏറെ ഒച്ചപ്പാടുണ്ടാക്കുമ്പോൾ നമുക്കറിയാം, IMFമായി കരാർ ചെയ്തുകൊണ്ട് അമേരിക്കയുടെ പിണിയാളുകളായി മാറുകയായിരുന്നു നമ്മൾ. വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്ക്കരണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫണ്ട് ചുരുക്കൽ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർത്തലാക്കൽ തുടങ്ങിയവയും ഇതിനെല്ലാം അകമ്പടിയെന്നോണം വരുന്ന അത്യന്തം ആപത്ക്കരമായ സ്ഥിതിവിശേഷങ്ങളാണ്. നമ്മുടെ ചിന്തകൾക്ക് തടയിട്ടുകൊണ്ട് അമേരിക്ക പുത്തൻ കൊളോണിയലിസത്തിലൂടെ രാജ്യത്തിന്റെ എല്ലാ രംഗത്തും ഇന്ന് കൈവച്ചുകഴിഞ്ഞു. അരാഷ്ട്രീയവത്ക്കരണത്തിലൂടെ, രാജ്യത്തെ സാമൂഹ്യാക്രമണങ്ങളിൽനിന്ന് വിദ്യാർത്ഥിവർഗ്ഗത്തെയാകെ ആട്ടിപ്പുറത്താക്കിക്കൊണ്ട്, വിദ്യാഭ്യാസരംഗത്തെയാകെ, സാമ്രാജ്യത്വശക്തികൾക്ക് കാഴ്ചവെക്കുവാനാണ് പുതിയശ്രമം. അതുവഴി നൂൽപ്പാവകളെപ്പോലെയാടിക്കളിക്കുന്ന പുതിയൊരു സമൂഹം സൃഷ്ടിക്കുകയും ഒടുവിൽ ഇഞ്ചിഞ്ചായി അടിമപ്പെടുത്തുകയും ചെയ്യുക.

നമ്മുടെ സ്വാതന്ത്ര്യം ഒരു വഴിത്തിരിവിലേക്ക് എത്തിനിൽക്കുകയാണ്. പുതിയ കൊളോണിയലിസത്തെയും തുടച്ചുമാറ്റി നാം ആ സ്വാതന്ത്ര്യ നക്ഷത്രത്തെ സ്വന്തമാക്കേണ്ടത് ഇന്നത്തെ കാലത്തിന്റെ ആവശ്യമാണ്. ഹിന്ദുവർഗ്ഗീയത സൃഷ്ടിക്കുന്ന കറുപ്പ് ലഹരിയായിപ്പടരും മുൻപ് അതിനെ എതിർത്തു തോൽപ്പിക്കേണ്ടിയിരിക്കുന്നു. സ്വകാര്യവത്ക്കരണത്തിലൂടെ, വിദ്യാഭ്യാസരംഗം ആർക്കും എപ്പോഴും വിഹരിക്കാവുന്ന രംഗമായി മാറുന്നു. എല്ലാം ഈ കാലത്തിലെ കറുത്ത യാഥാർത്ഥ്യങ്ങൾ.

പള്ളിപൊളിച്ചതിനുശേഷം അരങ്ങേറിയ കറുത്ത ദിനങ്ങളിലെ ചോരചീന്തലുകൾ ഇന്നത്തെ നമ്മുടെ യുവത നേരിട്ട ഏറ്റവും വലിയ പ്രശ്നമാണ്. അതുപോലെതന്നെ നമ്മുടെ ഭരണകർത്താക്കൾ അടിയറവെച്ച സ്വാതന്ത്ര്യവും, സംസ്ക്കാരവും ഇന്ന് പ്രതികരിയ്ക്കേണ്ട വിഷയങ്ങളാണ്. ഇന്ന് രാജ്യമാകെ ഉറ്റുനോക്കുന്നത് വിദ്യാർത്ഥി സമൂഹത്തിലെ മതനിരപേക്ഷ പ്രസ്ഥാനങ്ങളെയാണ് ഇന്നത്തെ സാഹചര്യത്തിൽ നാം തുടങ്ങേണ്ട സംശുദ്ധമാക്കൽ പ്രക്രിയ തുടങ്ങേണ്ടത് നമ്മുടെ രാജ്യത്തെ സാമ്രാജ്യത്വ ഏജന്റുമാർക്കെതിരെ നിന്നുമാവണം. പ്രതികരണത്തിന്റെയും പ്രതിഷേധത്തിന്റെയും വജ്രമുനകൾകൊണ്ട്, പൊടിഞ്ഞു വീഴേണ്ടത്, അവരുടെ കൃത്രിമ മുഖങ്ങളാണ്.

***ബിപിൻ ചെറിയാൻ തോമസ്***

# വേർപാടുകളുടെ നക്ഷത്രങ്ങൾ...

വേർപാടുകൾ എന്നും വേദനകളാണ്. ആൾക്കൂട്ടത്തിന്റെ യാന്ത്രിക ചലനങ്ങൾക്ക് പുറത്ത് സുന്ദരമാക്കിയ സന്ധ്യയും പ്രഭാതവും നൽകിയവർ എന്നും ഒരു പ്രഭാതത്തിന്റെ തന്നെ നനഞ്ഞ ഉണർവ്വിൽ എപ്പോഴോ നമ്മിൽനിന്ന് പറന്നകലുന്നു.

ആ നിമിഷങ്ങൾക്ക് നന്ദി. ആ ഓർമ്മകൾക്കു മുന്നിൽ നക്ഷത്രംപോലെ ജ്വലിക്കുന്ന ഒരായിരം ചെത്തിപ്പൂക്കളും.

## വിപി ശിവകുമാർ

വിപി ശിവകുമാർ അന്തരിച്ചു. മരണത്തിന്റെ ചുവകൾ എന്നും ഇഷ്ടപ്പെട്ടിരുന്നോ അദ്ദേഹം. അറിയില്ല എങ്കിലും, നീണ്ടനാളത്തെ രോഗഗ്രസ്തമായ അവസ്ഥക്കുശേഷം' അതു സംഭവിച്ചു. ഒരു പ്രവാചകനെപ്പോലെ മരണത്തെനോക്കി നിസംഗനാവുന്ന അദ്ദേഹത്തിന്റെ 'പ്രതിഷ്ഠ'യിൽനിന്ന്.

'എല്ലാവരും തിരിച്ചുവന്നല്ലോ. ഇതാ അമ്മ, തഴമ്പുവീണ കൈകളാൽ മുറിവുകൾ അറുപത്തിനാലും മൂടുന്ന ഒരു മൃദുസ്പർശം. അഭയവരമുദ്രധാരിയായ അച്ഛൻ. ഇരുവരും പുഞ്ചിരിക്കുന്നുവല്ലോ. ഭാര്യയുടെ കയ്യിൽ എന്താണിത്. വെള്ളിത്താലം, നെയ്‌വിളക്ക്, മുല്ലപ്പൂവിന്റെ ഗന്ധം. കുഞ്ഞിക്കൈകൾ കഴുത്തിൽ വലിഞ്ഞു മുറുകുന്നു.

'അച്ഛനെ ആദ്യം തൊട്ടത് ഞാനാണേ. ഊഷ്മളമായ ഗന്ധസ്പർശങ്ങൾ സ്നേഹത്തിന്റേയും ശാന്തിയുടേയും വെട്ടിത്തിളങ്ങുന്ന മഞ്ഞുതുള്ളികൾ നേർത്ത മണിനാദങ്ങൾ. മരിച്ചു നിശബ്ദമായി ദൈവസന്നിധിയിലേക്കു മാറ്റപ്പെട്ടുകൊണ്ടിരുന്നപ്പോൾ അയാൾ അവസാനമായി

ഇങ്ങനെ ഓർത്തു, ഓ! ഇതുവെറും കിനാവായിരുന്നു അല്ലേ"?

അനുഭവലോകത്തെ തീക്ഷ്ണമായ സ്വത്വും, മനോബലവും, ജ്ഞാനവും, പ്രപഞ്ചപരിണാമത്തിൻെറ അനുസ്യൂതിയെക്കുറിച്ചുള്ള അവബോധവും എല്ലാം കൂട്ടിച്ചേർത്ത്, സ്വന്തം തലയെ കോഴിത്തലയെന്നുവരെ പറഞ്ഞ ശിവകുമാറിൻെറ നർമ്മവും, കഥയും കാര്യവും, മാത്രം ഇനി നിലനിൽക്കും....

•

## സ്വാമി ചിൻയാനന്ദൻ

ഗീതാ സാഗരത്തിലൂടെ, ലോകത്ത് വിജ്ഞാനത്തിരകളിളക്കിയ ഋഷിവര്യൻ സ്വാമി വിവേകാനന്ദനുശേഷം ലോകം കണ്ട ഒരു വലിയ മനുഷ്യൻ കർമ്മബോധത്തിൻെറ അഗ്നിമന്ത്രങ്ങളുരുവിട്ട് ചിൻമയാനന്ദൻ വലിയൊരു മിഷനറിയായി, വലിയൊരു മനുഷ്യനായി...ഒരു ഗോഡ്മാനേക്കാൾ.

## ദേവദാസ് -
## ശബ്ദലേഖനത്തിലെ സത്യസന്ധത

"സംവിധായകൻെറ മനസ്സിൽ രൂപംകൊള്ളുന്ന സിനിമയുടെ ആത്മാവ് കണ്ടറിയുകയും അതിനെ തൻെറ സംഭാവനകൾകൊണ്ട് സമ്പന്നമാക്കുകയുമാണ് ശബ്ദലേഖകൻെറ കടമ. അപ്പോൾ തിരക്കഥാ രചനയുടെ ആദ്യഘട്ടം മുതൽ ശബ്ദലേഖകൻെറ സജീവ സാന്നിധ്യം ആവശ്യമാണ്. സംവിധായകനുമായി മാത്രമല്ല ചിത്രസംയോജകനുമായും, ഛായാഗ്രാഹകനുമായും ശബ്ദലേഖകൻ മാനസികമായി ബന്ധപ്പെട്ടും പൊരുത്തപ്പെട്ടും നിൽക്കേണ്ടതുണ്ട്."

സിനിമയിൽ ശബ്ദങ്ങൾ വെറും കാതടപ്പിക്കുന്ന ഇലക്ട്രോണിക് തരംഗങ്ങൾ മാത്രമായി അധഃപതിക്കുമ്പോൾ ഒരു ശബ്ദലേഖകനിൽനിന്ന് ഇത്രയും ആത്മാർത്ഥമായ ഒരു സമീപന രീതി ആരും പ്രതീക്ഷിക്കുകയില്ല. കാരണം, വെറും ബഹളങ്ങൾ മാത്രമായി അധഃപതിച്ച ശബ്ദലേഖനത്തിൻെറ സാധ്യതകൾ കണ്ടെത്തുക്കാൻ അതുവരെ മലയാള സിനിമയിൽ ശ്രമിച്ചിരുന്നില്ല. എന്നാൽ ദേവദാസ് എന്ന ശബ്ദലേഖകൻെറ കണ്ണും മനസ്സും, കാതുമുണർന്നപ്പോൾ മലയാളസിനിമയ്ക്ക് ജീവൻെറ ഒരു ത്രസിപ്പ് അനുഭവപ്പെടുകയായിരുന്നു. അർത്ഥഗർഭമായ മൗനവും, അതിലേറെ വാചാലമായ ശബ്ദങ്ങളുടെ വിവിധ ടോണുകളും, ഫ്രെയിമുകളിലേക്ക് സംക്രമിപ്പിക്കുമ്പോൾ ദേവദാസ് എന്ന കലാകാരൻ, ശബ്ദലേഖനം എന്ന കലയെ നമുക്ക് പരിചയപ്പെടുത്തുകയായിരുന്നു. തികച്ചും, അച്ചട്ടും, ഒറിജിനലായിട്ടുള്ള ശബ്ദങ്ങൾ അദ്ദേഹം നമ്മുടെ സിനിമകളിലേക്ക് പരിചയപ്പെടുത്തികൊടുക്കുകയും ചെയ്തു. യന്ത്രപ്രവർത്തനമെന്ന കേവലാർത്ഥത്തിൽനിന്ന് തൻെറ കർമ്മരംഗം തികച്ചും കലാത്മകവും ഏറെ സത്യസന്ധവുമായ സമീപനമാവശ്യപ്പെടുന്നതുമാണ് എന്ന് തനിക്കുചുറ്റും വീർപ്പുമുട്ടിക്കുന്നവരെ അദ്ദേഹം കാണിച്ചുകൊടുത്തു.

പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ശബ്ദലേഖനം പഠിച്ചുകഴിഞ്ഞിറങ്ങിയ ദേവദാസ് പിന്നീട് അടൂരുമൊത്ത് ചിത്രലേഖാ ഫിലിം സൊസൈറ്റിയിലും പല ഡോക്യുമെൻററികളിലും വർക്കുചെയ്തു. അദ്ദേഹത്തിൻെറ പ്രഥമ ചിത്രം അടൂരിൻെറ 'കാമുകി'യായിരുന്നു. പിന്നീട് ജോണിൻെറ വിദ്യാർത്ഥികളെ ഇതിലെ ഇതിലെയും ശബ്ദലേഖനത്തിന് മൂന്നുതവണ ദേശീയ അവാർഡും അനന്തരം, മുഖാമുഖം, എലിപ്പത്തായം എന്നിവയ്ക്ക് ഒമ്പതുതവണ സംസ്ഥാന അവാർഡും നേടി. ഏറ്റവും ഒടുവിൽ അദ്ദേഹം അടൂരിൻെറ 'വിധേയന്' ശബ്ദലേഖനം നിർവ്വഹിക്കുകയായിരുന്നു. ഓർമ്മകളും ഒരുപാട് മുദ്രകളും, കലോപഹാരങ്ങളും നമുക്ക് നൽകി തിരോഭവിച്ച ദേവദാസ് നമ്മുടെ ചലച്ചിത്രരംഗത്ത് ഒരു പ്രസ്ഥാനം തന്നെയായിരുന്നു.

ഏറ്റവും വലിപ്പമുള്ള കൃതിയുടെ കർത്താവ് 'അവകാശികൾ' രൂപത്തിലും അതിലെ പാത്രസൃഷ്ടിയിലുമെല്ലാം പൂർണ്ണതയിലെത്തിയ ഒരു വലിയകൃതി. 'നിറമുള്ള നിഴലുകൾ' അങ്ങിനെ ഏറെ അനുഭവതീവ്രതകൾ അക്ഷരങ്ങളിലൂടെ പകർന്നു നമുക്ക് നൽകിയ വിലാസിനി, മനുഷ്യവിദ്വേഷത്തിൻെറ മൂർത്തിമാവമായിരുന്ന വില്ല്യം ഗോൾഡിങ്, സാംസ്കാരിക സദസ്സുകളിലെ ഉറച്ച ശബ്ദവും സഹൃദയ മനസ്സുമാർന്ന വേലപ്പൻ, നഷ്ടങ്ങളുടെ ഈ പട്ടിക നീളുന്നു. വേർപാടുകൾ എന്നും വേദനതന്നെയാവുന്നു. അത് വ്യക്തിനഷ്ടങ്ങളെക്കാൾ ഏറെക്കടന്നുപോകുന്നു എന്നുവരുമ്പോൾ വേദനയുടെ തീവ്രതയേറുന്നു.....



# തോപ്പിൽഭാസി എന്ന ഇതിഹാസകാരൻ

കേരളചരിത്രത്തിന്റെ നാളുകളിൽ പരിവർത്തനത്തിന്റെയും പുരോഗമന ചിന്തയുടേയും പുത്തൻ ശീലുകളുമായ് 1950-കളിലെ ഒരു പ്രഭാതം ഉണരുകയായിരുന്നു. പോലീസിന്റെ മർദ്ദനത്തിന്റെ ഭീകരതയിൽ വിറങ്ങലിച്ച ഒരു ഗ്രാമം - 'ശൂരനാട്' അവിടെ 'തെന്നല ജന്മി കുടുംബത്തിലെ' സംഭവവുമായി ബന്ധപ്പെട്ട് ശൂരനാടുമുഴുവൻ പോലീസ് തേർവാഴ്ച ആരംഭിച്ചു. പുരോഗമന ചിന്തയുടേയും വിപ്ളവത്തിന്റേയും തെളിവാർന്ന വെളിച്ചം ഒളിവിലും, തെളിവിലും പ്രവർത്തിച്ച് ജനങ്ങളിലേക്ക് എത്തിക്കുവാൻ ശ്രമിക്കുന്ന കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഒരു നേതാവ് ഈ സംഭവവുമായി ബന്ധപ്പെട്ട് ഷെൽട്ടറുകൾതേടി എത്തുമ്പോൾ ശൂരനാട്ടെ ആ പുലയ കുടുംബം സ്വന്തം ജീവൻ പണയംവെച്ച് അദ്ദേഹത്തിന് ഒളിസങ്കേതമൊരുക്കുമ്പോൾ മനസിൽ കനലുകൾ എരിയുന്നതായി അദ്ദേഹത്തിനു തോന്നി. വലിയൊരു കൊടുംകാറ്റിന്റെ ആരവം ആ ചെവികളിൽ ഇരമ്പി. പിന്നിട്, അടുപ്പുകല്ലുകൾ കൂട്ടിയൊരുക്കിയ മെത്തയിലേക്ക് ചരിയുമ്പോൾ, ഓലക്കീറുകൾ കുത്തിമറച്ച ആ ചെറ്റക്കുടിലിന്റെ മുറ്റത്ത് സ്നേഹത്തിന്റെ ഒരു വലിയ മരം തണലായ് വളരുകയായിരുന്നു. ഇതിഹാസങ്ങളുടെ വലിയപുഴ ഒഴുകാൻ തുടങ്ങുകയായിരുന്നു. ആ രാത്രിയിലെ ചീവീടുകൾ ശബ്ദിക്കുന്ന തണുത്ത നിലാവിൽ വിപ്ളവവും, മനുഷ്യസ്നേഹത്തിന്റെ മഹാ, ഇതിഹാസവും സങ്കലമാവുകയായിരുന്നു. "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന ഇതിഹാസ കൃതി പിറക്കുകയായിരുന്നു. ആ കുടിലിന്റെ ഓലക്കീറുകൾ മറച്ചു കുത്തിയ ഇടുങ്ങിയ മുറിയിൽ.

തോപ്പിൽഭാസി ഇന്ന് നമ്മോടൊപ്പമില്ല. നാലുപതിറ്റാണ്ടുകൾ കേരളത്തിലെ രാഷ്ട്രീയസാമൂഹ്യ സാംസ്കാരിക രംഗത്തെ ഒറ്റപ്പെട്ട ശബ്ദമായിരുന്നു അദ്ദേഹത്തിന്റേത്. ആദ്യകാല കമ്മ്യൂണിസ്റ്റു പ്രവർത്തകനും, സ്ഥാപകനേതാവുമായിരുന്ന ഭാസി പിന്നിട് തന്റെ കർമ്മ രംഗം നാടകമാണെന്നു വിശ്വസിക്കുകയും അതുവഴിക്ക് നീണ്ടശ്രമങ്ങൾ നടത്തി, നാടകത്തിന്റെ വ്യാപ്തിയും പരപ്പും, സാധ്യതകളും കണ്ടെടുക്കുകയായിരുന്നു. കമ്മ്യൂണിസ്റ്റാക്കി, എന്ന നാടകത്തിന്റെ ആദ്യപ്രസിദ്ധീകരണം അദ്ദേഹം നടത്തുമ്പോൾ ഒളിവിലിരുന്നുകൊണ്ട് 'സോമൻ' എന്ന പേരിലായിരുന്നു എഴുതിയിരുന്നത്. കേരളത്തിന്റെ പുരോഗമന ചിന്തയേയും, പുത്തൻ ലോകത്തെയും സാധാരണ ജനങ്ങളുടെ മനസിൽ ആഴത്തിൽ പതിപ്പിക്കുന്നതിന് അദ്ദേഹത്തിന് തന്റെ എല്ലാ നാടകങ്ങളിലൂടെയും കഴിഞ്ഞു.

ഒരു ജനതയുടെ മനസിനെ ആകമാനം സ്വാധീനിക്കുകയും, വിശ്വാസങ്ങളെ മാറ്റിമറിക്കുകയും വഴി, കേരളചരിത്രത്തിന്റെ കാറ്റ് മാറ്റിവീശിക്കുകയും ചെയ്ത ഭാസിയുടെ നാടകങ്ങൾ ഇതിഹാസതുല്യങ്ങളായി മാറുകയായിരുന്നു. അത്ഭുതകരമായ ഒരു പ്രതിഭാസമായി മാറിയ ഭാസിയുടെ വിപ്ളവ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ സാർത്ഥകമായ ഒരു ജീവിത ചിത്രമാണ് ലഭിക്കുക. ഭാസി എന്തുകൊണ്ടും. ഒരു ഇതിഹാസകാരനാവുകയാണ്

നാമറിഞ്ഞ ജീവിതത്തിലൂടെ

നാമറിഞ്ഞ നാടകങ്ങളിലൂടെ......

***അജയ് കെ.ആർ***
II DC Economics

# ജോൺ എബ്രഹാം നിഷേധത്തിന്റെ കാല്പാടുകൾ



നിഷേധത്തിൻെറ തുരുത്തുകളിലെ ഏകാന്തപഥികനായിരുന്ന ജോണിന്, അടിച്ചമർത്തലിൻെറ നീതിശാസ്ത്രങ്ങൾക്കപ്പുറത്തെ മനുഷ്യസ്നേഹിയുടെ ഹൃദയമായിരുന്നു. ജോൺ അതുകൊണ്ടുതന്നെ തുറന്നു പറഞ്ഞു. ഹോളിവുഡിലെ തീട്ടത്തിൻെറ സ്വാധീനമാണ് ഇവിടെ ലബ്ധപ്രതിഷ്ഠരായ സിനിമാക്കാരിൽ എന്ന്, സിനിമക്ക് സ്വന്തമായ ആവിഷ്ക്കാരവും, സ്വാധീനവും സമൂഹത്തിൻെറ ഘടനയിൽ നിർവ്വഹിക്കാനുണ്ടായിരുന്ന പങ്കിനെയും കുറിച്ച് നാം ബോധവാൻമാരായി തുടങ്ങിയതിനുശേഷം ഈ അഭിപ്രായത്തിലെ കഴമ്പിനെ നമുക്ക് തള്ളിക്കളയാനാവുന്നതല്ലായിരുന്നു. സമൂഹത്തിൽ സ്വയം നഷ്ടപ്പെട്ടുകൊണ്ടിരുന്ന നമ്മുടെ ജീവിതവും നിലനില്പുമെല്ലാം കണക്കിലെടുത്തു ചിന്തിക്കുമ്പോൾ പുത്തൻ കൊളോണിയലിസത്തിൻെറ ചീഞ്ഞഗന്ധം സുഗന്ധമായി വീടുകളിൽ പുകഞ്ഞുകത്തി നമ്മുടെ നാസാദ്വാരങ്ങൾവഴി തലക്കുള്ളിൽ കടക്കുന്നത് നാം അറിയിക്കേണ്ടിയിരിക്കുന്നു. ജോൺസിനിമകളും, ആദർശങ്ങളും ഏതാണ്ടിതേ രീതിയിൽ ചിന്തിപ്പിക്കുന്ന ഒന്നാണ്. എന്തിനു നാം അടിമപ്പെടണം, അല്ലെങ്കിൽ നാം ഉണരാതിരിക്കണം എന്നെല്ലാമായിരുന്നു ജോണിൻെറ ചോദ്യം. നമുക്കുചുറ്റും എല്ലാമുണ്ടായിരുന്നിട്ടും അടിമപ്പെടാൻ ശിരസ്സു കുനിക്കുന്നവർ ജോണിൽ തികട്ടലുണ്ടാക്കി. ജോൺ വിളിച്ചുകൂവി, ഇവരെ ആട്ടിയോടിക്കുക എന്ന്. ജോൺതിരിച്ചറിവുകളുടെ പര്യായമായിരുന്നു.

ട്രൈബൽ സ്വഭാവമുള്ള നമ്മുടെ സമൂഹത്തിലെ കറുത്തവൻെറ പാരമ്പര്യം ആര്യൻെറ വരവോടെ പണയപ്പെടുത്തിയവർക്കുനേരെ ജോൺ നിശ്ശബ്ദനായിരുന്നില്ല. നമ്മെപ്പോലെ ജനാധിപത്യവും സോഷ്യലിസവും പറഞ്ഞ് പിച്ചവെക്കുന്ന ഒരു ഫ്യൂഡൽ സെറ്റപ്പിൽ ജോണിൻെറ ശബ്ദം മാത്രം പ്രതിഷേധത്തിൻെറ കാഹളങ്ങളിൽ ഒരിടിമുഴക്കംപോലെ ഒറ്റപ്പെട്ടുനിന്നു. ബാക്കിയെല്ലാം ഏച്ചുപിടിപ്പിച്ച, മുഖംമൂടിയണിഞ്ഞ, കൂട്ടിനടപ്പുകാരുടെ, കൃത്രിമരോഷത്തിൻെറ റെക്കോർഡുകൾ മാത്രം! ജോൺ മനുഷ്യസ്നേഹത്തിൻെറ ആഴം അറിയുന്നവനായിരുന്നു.

ജോണിൻെറ മാധ്യമം സിനിമയായിരുന്നു. പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഒന്നാംറാങ്കോടെ സിനിമാഭാഷ വശമാക്കിയ ജോണിന് സാധ്യതകൾ ഏറെ

മായിരുന്നു. എന്നാൽ 75% നിരക്ഷരരുള്ള ഭാരതത്തിൽ ജോൺ വേറെ വഴി തേടുകയായിരുന്നു. കള്ളക്കടത്തുകാരും കരിഞ്ചന്തക്കാരും കയ്യടക്കിവാണിരുന്ന സിനിമാനിർമ്മാണ രംഗത്ത് ജോൺ കലാപത്തിന്റെ കൊടികൾ നാട്ടുകയായിരുന്നു. ദാഹിക്കുമ്പോൾ നാം ആവശ്യപ്പെടുന്നത് കൊക്കോകോള എങ്കിൽ അത് ഒരു അന്താരാഷ്ട്ര അഭിരുചിയുടെ ഭാഗമാകുമെന്ന് തിരിച്ചറിയപ്പെട്ടു. ഈ അടിച്ചമർത്തലുകൾക്ക് അതീതനാവാൻ ജോൺ നമ്മെ പ്രേരിപ്പിച്ചു. അതുകൊണ്ടുതന്നെ ജോൺ എന്നും സാധാരണക്കാരനൊപ്പമായിരുന്നു.

"തെരുവിലെ യഥാർത്ഥ മനുഷ്യൻ മണ്ണുപുരണ്ട നീളൻ കുപ്പായത്തിൽ തന്റെ ഉണങ്ങിയ ശരീരം മറച്ച് തെരുവിന്റെ ഇടുങ്ങിയ പാതയിലൂടെ, നാട്ടിൻപുറത്തിന്റെ നൻമകളിലൂടെ അവനലഞ്ഞു. കയ്യടിച്ച് പാട്ടുപാടി രസിച്ചും രസിപ്പിച്ചും അവൻനടന്നു. തങ്ങളിൽ കയറിയിരിക്കുന്ന മധ്യവർഗ്ഗ ജാഡകളെ കുടഞ്ഞു കളഞ്ഞ് സ്വന്തം വേരുകൾ കണ്ടെത്താൻ അവൻ ജനങ്ങളോടുപറഞ്ഞു. അപ്പോൾ അവന്റെ ശബ്ദം പരുക്കനാവാം, ചുളിഞ്ഞ നെറ്റിക്കുകീഴെ കണ്ണുകൾ തിളങ്ങിയിരിക്കാം വിശുദ്ധമായ ഗ്രന്ഥംപോലെ കറയില്ലാത്ത തന്റെ വിശ്വാസങ്ങളാൽ മധ്യവർഗ്ഗത്തിന്റെ ബ്രൗൺഷുഗർ ഭാവത്തെ ജോൺ കൊടുങ്കാറ്റുപോലെ ആക്രമിച്ചു. അവരുടെ കപടസദാചാരത്തെ ജോൺ കൂക്കിവിളിച്ചു. തന്റെ പ്രേക്ഷകർക്കുനേരെ അവൻകാറി. നീണ്ടമുടിയും താടിയുമായ് വന്ന ഒരു വിപ്ളവകാരി."

കച്ചവട സിനിമകളുടെ മുൾച്ചെടികൾക്കിടയിൽ ഞെരുങ്ങുന്ന സിനിമാലോകത്ത് ജോൺ സിനിമയും ആദർശങ്ങളും ഒരു സാന്ത്വനമായിരുന്നു. ക്യാമറ എന്ന മൂന്നാം കണ്ണിലൂടെ മുന്നിൽ കണ്ട സത്യങ്ങളെ പാവപ്പെട്ടവന്റെ വിശേഷ നിദർശനങ്ങളാക്കുകയായിരുന്നു ജോൺ സിനിമകളുടെ സന്ദേശം. അവ മുന്നിലെ കപട വിനോദങ്ങളുടെ ചായക്കൂട്ടുകൾക്കുനേരെ തെറിപറഞ്ഞാക്രോശിച്ചു. ജോണിന്റെ ജീവിതവും ഏതാണ്ടിതുപോലെ തന്നെയായിരുന്നു. അതുകൊണ്ടു തന്നെ പലർക്കും ജോൺ അന്തിക്കഥകളിൽ നായകനായി. അത് പരദൂഷണങ്ങളിലൂടെ പരിണമിച്ച് ജോൺ പലതുമായി.

ഇന്ത്യയെപ്പോലെ ഒരു രാജ്യത്ത് കൊളോണിയലിസത്തിന്റെ പടർന്നുപിടിക്കുന്ന പ്രചരണവും അതിന്റെ മുനകളിൽ കോർക്കപ്പെട്ട സമൂഹത്തെയും ജോൺ തന്റെ മൂന്നാം കണ്ണിലൂടെ നോക്കിക്കണ്ടു. ക്യാമറ

തോക്കുപോലെയാണ് എന്ന ലാറ്റിനമേരിക്കൻ സങ്കൽപ്പവുമായി ജോൺ രമ്യപ്പെട്ടു. യാന്ത്രികമായി സിനിമ പിടിക്കുന്നവരെ പുഛിച്ചുകൊണ്ട് മൂന്നാം ലോകത്തിലെ മാലിന്യങ്ങളെ തിരിച്ചറിഞ്ഞ് ജോൺ തൻെറ സിനിമകളുമായി പാവപ്പെട്ടവൻെറ കൂടെ ചുറ്റുകയായിരുന്നു. കസേരകളിൽ അമർന്നിരുന്ന് സോഷ്യലിസത്തേയും സത്യത്തേയും പ്രസംഗിക്കുന്ന കാപട്യക്കാരുടെ തലക്കുമുകളിൽ ജോൺ ഇടിമുഴക്കമായി.

നമുക്ക് എവിടെയാണ് ജോണിനെ നഷ്ടപ്പെട്ടത്. ടിവിയുടെ പരസ്യപ്രക്ഷേപണങ്ങൾക്കും, ഉപഭോഗ സംസ്ക്കാരത്തിൻെറ മിനുത്ത കുപ്പായങ്ങളിടുവിക്കുന്ന വിനോദഘോഷങ്ങൾക്കും വേണ്ടി സമയം കൊല്ലുന്ന നമ്മുടെ ആധുനിക ജീവിതത്തിൽനിന്നും പറിച്ച കുശുമ്പു വർത്തമാനങ്ങളുടെ വളർച്ചയിലെവിടെയോ തിരിച്ചറിവിൻെറ വെളിച്ചവും, സത്യത്തിലേക്കുള്ള പാതയും നമുക്കന്യമായി. അടുക്കളയിൽനിന്ന് ഓടിവരുന്ന ക്യാമറയിലൂടെ പൊള്ളയായ, ചിരിയും കലപിലയും നമുക്ക് വിനോദിക്കാനുള്ള സദ്യയായപ്പോൾ നമ്മളും പരഭൂഷണത്തിൻെറ പതിരുകൾ കൊറിച്ചുതുടങ്ങി എന്നു പറയാം. നാം കച്ചവടസിനിമകളുടെ 'ആദർശങ്ങളിലും, നിദർശനങ്ങളിലും' ഒതുങ്ങാൻ ഇഷ്ടപ്പെടുകയായിരുന്നു. ഒളിച്ചോടാൻ തുടങ്ങിയ ഒരു സമൂഹത്തിൻെറ മുന്നിൽ വന്നു നിന്നുകൊണ്ട് 'ഞാൻ ഒരു പ്രതിഭാസമല്ല എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ട് ജോൺ നമ്മുടെ കണ്ണുകളിലേക്കു തുറിച്ചു നോക്കിയപ്പോൾ തൻെറ കുട്ടനാടൻ മണ്ണിനേയും, ജീവിതത്തേയും ജോൺ തിരിച്ചറിഞ്ഞവനാകുകയായിരുന്നു. ജോൺ നമ്മോടൊപ്പം നടക്കുമ്പോൾ നാം വെറും നിഴലുകൾ മാത്രമായി ജോണിനെ കബളിപ്പിക്കുകയായിരുന്നു. ജോൺ എല്ലാം അറിഞ്ഞിരുന്നു. ആ ചിരിയുടെ അർത്ഥം പുതുതായിരുന്നു. യാന്ത്രികതയിലേക്കും കൃത്രിമത്വത്തിലേക്കും കൂപ്പുകുത്തി, സൂപ്പർ ഇംപോസിഷൻെറ ഇരകളായി, കുത്തകകൾക്ക് കൂലിവേലചെയ്യുന്ന ഏജൻറുമാരായി, വ്യഭിചരിക്കപ്പെടുമ്പോൾ ജോൺ ചിരിക്കുകയായിരുന്നു. തൻെറ മൂന്നാം കണ്ണിലൂടെ അലറിവിളിക്കുകയായിരുന്നു. സമൂഹത്തിൻെറ പാപം മുഴുവൻ തൻെറ സംശുദ്ധമായ പുണ്യബോധത്താൽ തലച്ചുമടാക്കി, സ്കിസോഫ്രേനിയ ബാധിച്ച, സാമ്രാജ്യാധിപത്യത്തിന് അടിമയായ ഒരുവന് പോലീസ് ഭീതി പിടിപെട്ട്, തൻെറ ഏറ്റവും 'ഉയർന്ന ' അവസ്ഥയിൽ നിന്നുവീണു മരിക്കുന്നവൻെറ കഥ ചെറിയാച്ചൻെറ ക്രൂരകൃത്യങ്ങളും അധഃപതിച്ച സാമൂഹ്യാചാരങ്ങളുടേയും വിശ്വാസങ്ങളുടെയും മരുന്നിട്ടുണക്കിയ യഥാർത്ഥമുഖം കപടവിശ്വാസങ്ങളുടെ മുഖംമൂടി നീക്കി വരേണ്യതയുടെ കണ്ണുകൾക്കുനേരെ പിടിച്ചപ്പോൾ ഉണ്ടായ 'കഴുതെയും' ഒരു വലിയ സത്യവും, ശക്തിയുമായ് വിരാജിക്കുന്ന അമ്മ സങ്കൽപ്പത്തിലേക്ക് ചുരുങ്ങുകയും വികസിക്കുകയും ചെയ്യുന്ന, ഒരു ദീർഘയാത്രയായ് മാറുന്ന അമ്മയറിയാനും എല്ലാം, ജോണിൻെറ മൂന്നാം കണ്ണിലൂടെ സത്യത്തിൽ നേരെ നമ്മെ നയിക്കുന്ന ചൂണ്ടാണികളാണ്. അവക്കുനേരെ നോക്കിയപ്പോൾ ഭയപ്പെട്ട് കണ്ണും മനസ്സും മുറുകെയടച്ച വികൃത സമൂഹത്തിൻെറ, കൃത്രിമത്വങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിൽ എന്നവസാനിക്കുന്നുവോ അന്ന് ജോൺ തിരിച്ചറിയപ്പെടും. ജോൺ തൻെറ ദർശനങ്ങളിലൂടെ ഉണർന്നിരിക്കുന്നു! നമ്മോടൊപ്പം നടക്കാൻ, തോളിൽ കൈവച്ച്, സമൂഹത്തിലെ പുഴുക്കുത്തുകളിലേക്ക് കൺകൂർപ്പിച്ച് ക്യാമറക്കുമുന്നിൽവന്ന് 'ഞാൻ ഒരു മനുഷ്യൻ മാത്രം' എന്ന് പ്രഖ്യാപിക്കുമ്പോൾ നാം തിരിച്ചറിയുക അത് ജോണാണ്, ജോൺ!!

*അനിൽ കുമാർ*

Ist DC Commerce



# നേർവരകളിലെ

# മനുഷ്യൻ

ഇന്നിവിടെയീ നഗരവൈതരണി നടുവിൽ
ശ്രദ്ധയുടെ നിറപാത്രവും പേറിനില്ക്കുന്ന

ഹേ, മനുഷ്യ നീ
മനസ്സു മരവിച്ച യന്ത്രം
മിന്നിലളന്നൊഴിച്ച
വികാരങ്ങൾ മാത്രം
നിനക്കാരോ ചാവി
കൊടുത്തുവച്ച പ്രവർത്തനങ്ങൾമാത്രം

മഞ്ഞുപോൽ കനത്ത മുഖവും
മരഞ്ഞു വിങ്ങഹൃദയവുമായി, നീ
നിന്റെ സ്വാർത്ഥത കൊടികുത്തി വാഴുന്ന
കൊട്ടാര മുന്നമ്പുകളിൽ,
വേർപ്പിന്റെ ഭാണ്ഡം നിറച്ചു
നീയൊരുക്കിയ പുതുമകളിൽ,
തെരുവുകളിൽ
നഗരമദ്ധ്യത്തിന്നു
ചന്തമേറ്റുന്നൊരാ
ഉദ്യാന സീമകളിൽ,
പുതുമണം വില്ക്കുന്ന പെണ്ണിലും,
പരിഭവം പെയ്യുന്ന കാമിനിയിലും,
എല്ലായിടത്തുമെല്ലാറ്റിലു-
മെന്തോ നിറക്കുന്നു.
സ്വന്തം നിഴലൊരു
തണൽ തേടുന്നു.
മരുനികളിലൊരു ജല-
കണത്തിനായ്ക്കേഴുന്നു

അറിയാത്ത പാതകളിൽ
ചേരാത്ത പദങ്ങളിൽ
കാണാത്ത സ്വപ്നങ്ങളിൽ
നീ തണലു തേടുന്നു.

പക്ഷെ, നീയറിയുന്നതില്ല
നീ മനസ്സു മരവിച്ച യന്ത്രം
നേർ വഴികളും,
നേർ വരകളും,
മാത്രമറിയുന്ന യന്ത്രം

നിനക്കോർമ്മകളിൽ മാത്രം
മരുപ്പച്ചകൾ
ഭൂതത്തിൽ മാത്രം
സ്നേഹസ്പർശം
അവിടെ, പൂലരികൾ, സന്ധ്യകൾ
പഴമൊഴിക്കഥകൾ
ചിത്രപട കുതുകമാർന്ന
വസ്ത്രാഞ്ചലം മെല്ലെ
ച്ചുരുട്ടിയും നീർത്തിയും
നിയതങ്ങളല്ലാത്ത രൂപത്തിൽ
നിന്നോടു പ്രണയം
വെളിപ്പെടുത്തിയൊരാ-
പ്പെണ്ണിന്റെ നീൾമിഴിക്കോണുകൾ
മാതൃദുഃഖത്തിൻ
ഘനീഭവമേഘങ്ങൾ,

ആ കുളിരാർന്ന മേഘങ്ങൾക്കു
താഴെമാത്രം നിനക്കു സ്വസ്തി,
ആ കനിവാർന്ന മേഘ്ങ്ങൾക്കു
താഴെമാത്രം നിനക്കു ശാന്തി,
ആച്ചുരക്കുന്ന മേഘങ്ങൾക്കു
താഴെമാത്രം നിനക്കു ജീവൻ
അവിടെ,
അവിടെ മാത്രം നീ മനുഷ്യൻ.

*രാജീവ് എസ്.*

*മൂന്നാം വർഷ ഗണിതശാസ്ത്രം*



# സ്വാതന്ത്ര്യം

ഇന്നലെ വൈകുന്നേരമാണ് ശർമ്മാജി
പുതിയ തൊപ്പിവാങ്ങിയത്.
വീട്ടിൽ ടി.വി നോക്കിക്കൊണ്ടിരിക്കുകയാണ്
പപ്പ, മമ്മി, ഗ്രാനി.
ചുവപ്പു കോട്ടക്കു സമീപം
സ്വാതന്ത്ര്യോത്സവം.
എല്ലാറ്റിനുമുപരി നൃത്തം ചെയ്യുന്ന കൊടി
ഏകാകിയായി
ചുവടൊപ്പിച്ച് ബാൻറ് വായിച്ച് പട്ടാളക്കാർ
വന്നും പോയുമിരുന്നു.
ലോൺ മുഴുവനും കുട്ടികളും കിഴവൻമാരും
കടലകൊറിക്കുന്നു.
എല്ലാവരും പറയുന്നു ഇന്നത്തെ നാൾ
സ്വതന്ത്രയായ് ദേശം
ഇന്നത്തെ നാളാണ് ഇംഗ്ലിഷുകാരൻെറ രാജ്യം
ഇല്ലാതായത്.
ഞങ്ങൾക്കു മനസ്സിലായില്ല. രാജ്യം? ദേശം? സ്വാതന്ത്ര്യം?
ഞങ്ങൾ പുറത്തുനിന്നും നോക്കുകയാണ്
പട്ടണങ്ങളുടെ അടവുകൾ
ഞങ്ങളോട് ആരെങ്കിലും ചോദിച്ചാൽ; "കുഞ്ഞുങ്ങളേ
സ്വാതന്ത്ര്യം എന്നാൽ എന്താണ്"?
ഞങ്ങൾ പറയും; "ആ ദിവസം, എല്ലാവർക്കും ഒഴിവാണ്"

-സഫ്ദർ ഹാഷ്




വീഴ്മരയറെ പ്രതീക്ഷകളുടെ നിറവുപോലെയായിരുന്നു ...ഴിഞ്ഞ ഒക്ടോബർ മാസത്തിൽ ദേവരക്കലാല ...ിലെ യൂണിയൻെറ ഭരണ സാരഥ്യത്തിലേക്ക് ...പറ്റം കഴിവുറ്റ വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടത്. ...ങ്ക - പ്രാദേശിക സംഭവവികാസങ്ങളുടെ വക്രീകര ...ണ് നമ്മുടെ പ്രശ്നങ്ങൾക്ക് യഥാർത്ഥ പരിഹാരം ...ദർശിക്കുന്നതിൽ നമ്മെ തടസ്സപ്പെടുത്തുന്നത്. യഥാർ ...ഥ ജനാധിപത്യത്തിൻെറ മാലിന്യമായി നിരൂപകർ ...തിനെ കാണുന്നുമുണ്ട്. വർഷങ്ങളായി കെട്ടിപ്പടുത്ത ...പട വിഗ്രഹങ്ങളുടെ ഭഞ്ജനത്തിലൂടെ യഥാർത്ഥ ...ൻവെളിച്ചം കാമ്പസുകളിൽ കടന്നുവരുന്നതിന് ...തെളിച്ചു. ചൂടുള്ള ആശയങ്ങൾ തമ്മിലേറ്റുമുട്ടിയ 92 ... തിരഞ്ഞെടുപ്പിലൂടെ യൂണിയൻ ഭരണ നേതൃത്വ ...ത്തിലേക്ക് സതീഷ് മാത്യു ചെയർമാനായും, റെനി ഡാ ...നിയൽ വൈസ് ചെയർമാനായും അശോകൻ എം. ...സ് ജനറൽ സെക്രട്ടറിയായും ആർട്ട്സ് ക്ലബ്ബ് ...സെക്രട്ടറിയായി രാജേഷ് വൈ.വി.യും, എഡിറ്ററായി ...ബിപിൻ ചെറിയാൻ തോമസും, യൂണി. യൂണി: കൗൺ ...സിലേഴ്സായി, രാജേഷ് വർമ്മയും, അനിരുദ്ധനും, ...നിതാ പ്രതിനിധികളായി, മരിയാമാത്യുവും, ബേബി ...ം. ഫ്രാൻസിസും തിരഞ്ഞെടുക്കപ്പെട്ടതോടൊപ്പം ഏഴ് ...ാസ് പ്രതിനിധികളെയും തിരഞ്ഞെടുത്തു.

വളരെ കുറഞ്ഞ ഒരുപ്രവർത്തന സമയമായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്. എങ്കിലും വളരെയെല്ലാം ചെയ്തു എന്നഹങ്കരിക്കാതെ, ചെയ്യാൻ ശ്രമിച്ചു എന്ന അഭിമാനത്തോടെ കലാലയ യൂണിയൻെറ വക്താവ് എന്ന നിലയിൽ ഞാൻ ഈ റിപ്പോർട്ട് ഇവിടെ അവതരിപ്പിക്കുന്നു.

## ഒക്ടോബർ 28

**യൂണിയൻ പ്രവർത്തനോദ്ഘാടനം**

സജീവമായ കലാലയ യൂണിയൻ കാഴ്ചവച്ച ഉത്സവ ലഹരിയാർന്ന ഒരുതുടക്കമായിരുന്നു യൂണിയൻ പ്രവർത്തനോദ്ഘാടനം. അഭിവന്ദ്യനായ ബിഷപ് പൗലോസ് മാർ പൗലോസ് ചടങ്ങിൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയും യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നെയ്ത്തിരി തെളിച്ചുകൊണ്ട് നിർവ്വഹിക്കുകയും ചെയ്തു. തുടർന്നു യൂണിയൻ പ്രവർത്തനങ്ങൾക്ക് അനുഗ്രഹാശിസ്സുകൾ നേർന്നുകൊണ്ട് ഡോ. കെ. എസ്. ഡേവിഡ്, പ്രശസ്ത ഗായകൻ കാവാലം ശ്രീകുമാർ, പ്രിൻസിപ്പാൾ ഫാ. വർഗ്ഗീസ് പാലമറ്റം എന്നിവർ സംസാരിച്ചു.

കാവാലത്തിന്റെ സംഗീതധാരയാൽ സംപുഷ്ടമായ ചടങ്ങിൽ ഉച്ചക്കുശേഷം മേളക്കൊഴുപ്പു പകരുന്നതിന് കൊച്ചിൻ മെലഡീസിലെ കലാകാരൻമാർ അവതരിപ്പിച്ച ഗാനമേളക്കു കഴിഞ്ഞു. ചടങ്ങിൽ ചെയർമാൻ അധ്യക്ഷത വഹിക്കുകയും, ജനറൽ സെക്ര. അശോകൻ സ്വാഗതവും, റെനിഡാനിയേൽ നന്ദിയും പറഞ്ഞു.

## നവംബർ:2

### വടംവലി

കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് യൂണിയൻ സംഘടിപ്പിച്ച വടംവലി മത്സരം മുഴുവൻ വിദ്യാർത്ഥികളിലും, ഒരുമയുടേയും ഐക്യത്തിന്റെയും പുത്തൻ ഉണർവ്വു പകരുന്ന ഒന്നായിരുന്നു.

## നവംബർ:18

### ആർട്ടസ് ക്ലബ്ബ് ഉദ്ഘാടനം

നമ്മുടെ കലാലയത്തിലെ കേളീക്ഷേത്രമായ ആർട്ട്സ് ക്ലബ്ബിന്റെ പുതിയവർഷത്തെ പ്രവർത്തനോദ്ഘാടനം പ്രശസ്ത താരദമ്പതികൾ ശ്രീ ജയറാമും പാർവ്വതി ജയറാമും ആയിരുന്നു നിർവ്വഹിച്ചത്. വിദ്യാർത്ഥി നിബിഡമായിരുന്ന സദസിലെ നീണ്ട ഹർഷാരവങ്ങളുടെ അകമ്പടിയോടെ അവർ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു. ചെയർമാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പാൾ ഫാ. ജോർജ്ജ് പിട്ടാപ്പിള്ളി ആശംസകൾ നേർന്നു. രാജേഷ് വൈ. വി. സ്വാഗതവും, ബിപിൻ ചെറിയാൻ തോമസ് നന്ദിയും പറഞ്ഞു തുടർന്നു വിദ്യാർത്ഥികൾ അവതരിപ്പിച്ച നാടകവും, ഗാനമേളയും അരങ്ങേറി.

## നവംബർ:23

### സ്ട്രോക്സ് '92

പരിമിതമായ സമയത്തിനുള്ളിൽ നിന്നുകൊണ്ട് സംഘടിപ്പിച്ച ചിത്രപ്രദർശനം 'സ്ട്രോക്സ് 92' വിവിധ മേഖലകളിൽനിന്ന് പ്രശംസ പിടിച്ചുപറ്റിയ ഒന്നായിരുന്നു പ്രൊഫ: സി. എസ്. ജയറാം ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ, കലാധരൻ, കെ. കെ. ശശി, ചിത്രം ആർട്ട് ഗാലറി ഡയറക്ടർ രാമചന്ദ്രൻ നായർ, പ്രിൻസിപ്പാൾ എന്നിവർ സന്നിഹിതരായിരുന്നു.

ലോക പ്രശസ്ത ചിത്രകാരൻ, കെ. സി. എസ്. പണിക്കർ, ജയപാലപണിക്കർ, അക്കിത്തം നാരായണൻ, എന്നിവരുടേയും ലക്ഷ്മൺപണ്ഡിറ്റ്, കലാധരൻ, തുടങ്ങിയവരുടേയും രചനകൾ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

### സ്ക്രീൻ പ്രിൻറിങ്ങ് ശില്പശാല

ചിത്രപ്രദർശനത്തോടനുബന്ധിച്ച് പ്രൊഫ. സി. എസ് ജയറാമിന്റെ നേതൃത്വത്തിൽ നടന്ന ശില്പശാലയിൽ സ്ക്രീൻ പ്രിൻറിങ്ങിന്റെ വിവിധ വശങ്ങൾ അദ്ദേഹം വിദ്യാർത്ഥികളെ ചെയ്തു കാണിച്ചു. 50 ഓളം പേർ പേരു രജിസ്റ്റർ ചെയ്തിരുന്ന ശില്പശാല യൂണിയൻ പ്രവർത്തനങ്ങളിൽ ഒരു പുതിയ കാല്വയ്പായിരുന്നു

## നവംബർ: 24,25,26

### കേളി '92. ആർട്ട്സ് വീക്ക്

സ്വപ്നതുല്യങ്ങളായ പകലുകൾ സമ്മാനിച്ചുകൊണ്ട് അരങ്ങേറിയ കലോത്സവം കേളി '92 ഒരു പുതിയ അനുഭവമായിരുന്നു. വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ കലയുടെ വിവിധ മുഖങ്ങളിൽ മാറ്റുരച്ച ഈ ദിവസങ്ങൾ മറക്കാനാവാത്തതാണ്. പ്രത്യേക പരിപാടിയായി അവതരിപ്പിച്ച 'ചിത്രഗീതം' പരിപാടിയിൽ പങ്കെടുത്ത ടീമു

...ടെ ബാഹുല്യംതന്നെ, മുമ്പെങ്ങുമില്ലാത്ത വിദ്യാർത്ഥി പ്രാതിനിധ്യത്തിന് തെളിവാണ്.

## നവംബർ 27,28

### ഫിലിം ഫെസ്റ്റ്:ചലച്ചിത്രോത്സവം

യൂണിയൻ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിൻെറ അഭാവം പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാൻ നവം. 27,28 തിയതികളിൽ നടത്തിയ ഫിലിം ഫെസ്റ്റ് ഏറെയേറെ വിദ്യാർത്ഥികളെ ആകർഷിച്ചു എങ്കിലും, ഇത് ഒരു ധന സമാഹരണമാർഗ്ഗം എന്നനിലയിൽ പ്രതീക്ഷക്കൊത്ത് ഉയർന്നില്ല. മലയാളത്തിലെ മൂന്നു പ്രശസ്ത ചിത്രങ്ങൾ, കിരീടം, ചിത്രം, മണിവത്തൂരിലെ ആയിരം ശിവരാത്രികൾ എന്നിവയായിരുന്നു പ്രദർശന ചിത്രങ്ങൾ.

## നവംബർ:30

### മീറ്റ് ദ ആർട്ടിസ്റ്റ്

കുഞ്ഞുണ്ണിമാഷുമൊത്ത് ഒരു സായാഹ്നം.

പഴയ തലമുറക്ക് തലയില്ല
പുതിയ തലമുറക്ക് മുറയില്ല

പുതിയതലമുറയുമൊത്ത് കൂടിയ കുഞ്ഞുണ്ണിമാഷ് പഴയതും പുതിയതുമായ തലമുറകളെ രസാത്മകമായി വിഷയീഭവിപ്പിച്ച് സാർത്ഥകമാക്കിത്തീർത്ത ഒരു സായാഹ്നമായിരുന്നു നവം. 30 ൻേറത്. പ്രിൻസിപ്പൽ സന്നിഹിതനായിരുന്നു. ചടങ്ങിൽ അശോകൻ സ്വാഗതവും ധീരസോ മഞ്ഞില നന്ദിയും പറഞ്ഞു.

### സ്പോർട്ട്സ്

കോളേജ് ആനുവൽ സ്പോർട്ട്സിൻെറ മുന്നോടിയായി യൂണിയൻ സ്പോൺസർ ചെയ്ത ടൂ വീലർ പ്രച്ഛന്ന വേഷമത്സരം, സ്പൂൺ & ലെമൺ റേസ്, തുടങ്ങിയ പരിപാടികൾ വിദ്യാർത്ഥികളെ ഏറെ ആകർഷിക്കുകയുണ്ടായി. ഇത് ഒരു പുതുമയുള്ള പരിപാടിയായിരുന്നു യൂണിയൻ പ്രവർത്തനങ്ങളുടെ പട്ടികയിൽ.

### യാത്രയയപ്പും അനുമോദനവും

പതിറ്റാണ്ടുകളുടെ കർമ്മസാഫല്യവും നേടി തേവരക്കലാലയത്തിൽനിന്ന് വിരമിച്ച, പ്രിൻസിപ്പാളും, ഇക്കണോമിക്സ് ഡിപ്പാർട്ട്മെൻറിലെ ഹെഡ്ഡുമായിരുന്ന റവ: ഫാദർ സക്കറിയാസ് പായിക്കാട്ടിനും, സ്പോർട്ട്സ് വിഭാഗത്തിലെ ഉന്നതശീർഷനായിരുന്ന എബ്രഹാം സാറിനും, കോമേഴ്സ് ഡിപ്പാ: തലവൻ സി. ജെ. ജോർജ്ജ് ചാക്കോള, ഇക്കണോമിക്സിലെ പ്രൊഫസറും സാറുമായിരുന്ന Rev: ഫാദർ വർഗ്ഗീസിനും കോളേജ് യൂണിയൻ ഊഷ്മളവും, സ്നേഹനിർഭരവുമായ യാത്രയയപ്പു നൽകുകയുണ്ടായി കൂടാതെ, കോളേജിലെ വിവിധ കായിക താരങ്ങൾക്ക് അനുമോദനവും സ്വീകരണവും നൽകപ്പെട്ട ചടങ്ങ് അത്യന്തം അവിസ്മരണീയമായ ഒന്നായിരുന്നു.

## ഡിസംബർ:11

### മതസൗഹാർദ്ദ ദീപപ്രതിജ്ഞ

രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ വർഗ്ഗീയഭ്രാന്ത് ആളിക്കത്തുമ്പോൾ നമ്മുടെ നഗരത്തിൽ മട്ടാഞ്ചേരിയിലും പള്ളുരുത്തിയിലും മതഭ്രാന്തത്തിൻെറ പുകപടലം മാനവികതയുടെ നൈർമല്യത്തെ വീർപ്പുമുട്ടിക്കുമ്പോൾ, നാം ആത്മാവിലെ ദീപം പകർന്നു കൺമുമ്പിൽ കൈകൾക്കുള്ളിൽ അണയാതെ പിടിച്ച് ഞാൻ മനുഷ്യനാണ് എന്നുറക്കെ പ്രഖ്യാപിക്കുകയായിരുന്നു.

പ്രൊഫ . രാമനാഥൻ മതമൈത്രി സന്ദേശം നൽകിയ ചടങ്ങിൽ, കോളേജിലെ അദ്ധ്യാപകർ അനദ്ധ്യാപകർ തുടങ്ങിയവരും പങ്കെടുത്തു.

**കാൻറീൻ**

യൂണിയന്റെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ചുകൊണ്ട് കാൻറീനിൽ ഉടനെ തന്നെ പെൺകുട്ടികൾക്ക് പ്രത്യേക ഇരിപ്പടങ്ങൾ തയ്യാറാക്കുമെന്ന് പ്രിൻസിപ്പാൾ ഉറപ്പുനൽകി. ഇതോടെ പല യൂണിയനുകൾക്കും നേടാൻ കഴിയാതെപോയ ഒരാവശ്യം നാം നേടിയെടുത്തു എന്നതിൽ നമുക്ക് അഭിമാനിക്കാം.

## ഫെബ്രുവരി: 1

## യൂണിയൻദിനം

**മതമൈത്രി ദിനം**

യൂണിയൻ പ്രവർത്തനങ്ങൾക്ക് ഔദ്യോഗികമായ വിരാമമിട്ടുകൊണ്ട് ഫെബ്രു 1 യൂണിയൻ ദിനമായി ആഘോഷിച്ചു. യൂണിയൻ പ്രവർത്തനങ്ങളുടെ നിറവിന്റെ സാഫല്യം വഴിയുന്ന മുഖങ്ങളുമായി വരവേല്ക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ഉത്സവലഹരിയായിരുന്നു യൂണിയൻദിനം. പ്രിൻസിപ്പാൾ അച്ചൻ മുഖ്യാഥിതിയായിരുന്ന ചടങ്ങിൽ സതീഷ് മാത്യു അദ്ധ്യക്ഷത വഹിച്ചു. രാജേഷ് വൈ. വി. യുടെ സ്വാഗതപ്രസംഗത്തിനുശേഷം മതസൗഹാർദ്ദ സന്ദേശം നൽകിക്കൊണ്ട് എഡിറ്റർ സംസാരിച്ചു. തുടർന്ന് 92 - 93 ലെ യൂണിയന്റെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. സമ്മാനദാനം, വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ എന്നിവക്കുശേഷം ഉച്ചക്ക് ഗാനമേളയും ഉണ്ടായിരുന്നു. ചടങ്ങിൽ അനിരുദ്ധൻ നന്ദി പ്രകാശിപ്പിച്ചു.

യൂണിയൻ പ്രവർത്തനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പരിമിതമായ കാലാവധി, ക്രിയാത്മകമായ മാറ്റങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതിന് അപര്യാപ്തമെങ്കിലും *ഒരുനിമിഷമെങ്കിലും ഒരു സൂര്യനായ്* എന്ന മുദ്രാവാക്യമായിരുന്നു ഞങ്ങൾക്ക് പ്രചോദനമായിരുന്നത്. ഞങ്ങളിൽ ഈ ചുമതലയേൽപ്പിച്ച മുഴുവൻ വിദ്യാർത്ഥികളോടുമുള്ള ഉത്തരവാദിത്തത്തിൽനിന്ന് ഞങ്ങൾ അല്പവും പിന്നോട്ട് പോയില്ല എന്ന് ഈ കലാലയത്തിനുതന്നെ അഭിമാനാർഹമായ ഒരു വസ്തുതയാണ്. ഓരോ പരിപാടികളിലും വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ പരമാവധിപ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ടാണ് ഞങ്ങൾ മുന്നോട്ട് നീങ്ങിയത്. ഈ സംരംഭത്തിൽ ഞങ്ങൾക്ക് നിങ്ങൾ നൽകിയ നിസ്സീമമായ സഹകരണവും സ്നേഹവും ഇവിടെ സ്മരിക്കുന്നതോടൊപ്പം സമയപരിമിതിയാൽ ഞങ്ങൾക്കുകഴിയാതെപോയ പലസംരംഭങ്ങളും ഇനി വരുന്നവർക്കു പൂർണ്ണമാക്കാനാവട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞങ്ങൾക്ക് വേണ്ടതായ സഹകരണവും, അനുഗ്രഹങ്ങളും നൽകിയ പ്രിൻസിപ്പാൾ അച്ചനും, വൈസ് പ്രിൻസിപ്പാൾ അച്ചനും, സ്റ്റുഡന്റ് അഡ്വൈസർ സിറിയക്ക് സാറിനും, എബ്രഹാം സാറിനും, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ജയറാം സാറിനും കൂടാതെ ജോമണേട്ടൻ, ഞങ്ങളുടെ സാമ്പത്തിക പരാധീനതകളിൽ ഞങ്ങളെ സഹായിച്ച സ്റ്റോൺസ്പ്യൂഷ് എന്നിവരോടും എല്ലാത്തിനുമുപരി ഞങ്ങളിൽ വിശ്വാസമർപ്പിച്ച്. പിന്തുണനൽകി, സഹകരിച്ച, ഞങ്ങൾ സ്നേഹിക്കുന്ന, ഞങ്ങളെ സ്നേഹിക്കുന്ന ഈ കലാലയത്തിലെ ഓരോ വിദ്യാർത്ഥിവിദ്യാർത്ഥിനികളോടും എന്റെയും, കോളേജ് യൂണിയന്റെയും പേരിൽ. നിസ്സീമമായ നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് ഇവിടെ സമർപ്പിക്കട്ടെ.

സസ്നേഹം

*അശോകൻ.എം.എസ്*
*ജനറൽ സെക്രട്ടറി*

# I See Red, I See Blood

Why, but everything now appears to be red?
The land, the sea, the sky in the colour of blood:
The sand is red upon which I tiread;
So is the petal the white flower shed
"It's the tint of the red glasses I look through",
you said
"Nay! Nay~Take it off!, See it still appears red!

Where vanished the green of love in nature?
I,see now in it the red blood of torture!
Show me that streak of blue in my sky:
It's far from sunset but the red has come by.
Where is the golden light that
played on the river bed:
It now washes down the blood of those lain dead
"Your eyes are red"!oh, Lords of Humanity?
I see not in them a streak of pity;
What do you do, what do you preach?
"Kill! Kill each other!" do them you teach:
They pull apart man, his soul and thy own,
They place stone in hearts and gods in stone

who builds the temple breaking the mosque:
who draws the sword, who donnet the mask
who stole the innocence from the eyes of my child;
who stole his bliss from light now he hide.
who has thrust the gun in his hands:
More and more blood to wet my sands

Stop them someone from lighting their swords;
stop them someone from burning abodes,
Tell them someone that god is one,
Be you of any sect, you are his son
"Take the hands of their shut eyes
& ears & wipe off this red
And give me back my land, my sea, my sky and
my blood.

*Femina*
*IInd DC Physics*



**SATISH MATHEW**
*Chairman*



**RENY DANIEL**
*Vice Chair Person*



**ASOKAN M.S.**
*General Secretary*



**BIPIN CHERIAN THOMAS**
*Magazine Editor*



**RAJESH Y.V**
*Arts Club Secretary*



**ANIRUDHAN.T**
*U.U.C*



**RAJESH VARMA**
*U.U.C*



**MARIA MATHEW**
*Lady Representative*



**BABY K. FRANCIS**
*Lady Representative*

## CLASS REPRESENTATIVES

**SUMESH M.P.**
*I P.D.C*

**DENU JOSEPH**
*II P.D.C*

**RAMAKRISHNAN**
*I D.C*

**MATHEW KURIAKOSE**
*II D.C*

**BENJI JOHN**
*III D.C*

**JIBY**
*I P.G.*

**RINKU ALEXANDER**
*II P.G*



# അമ്പതാം വയസ്സിലേക്ക് അഭിമാനപൂർവ്വം

രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന ആയിരത്തിത്തൊള്ളായിരത്തി നാല്പത്തിനാലിൽ തേവര എന്ന കുഗ്രാമത്തിൽ പൊട്ടിവിരിഞ്ഞ സ്വപ്നമാണ് സേക്രട്ട് ഹാർട്ട് കോളേജ്. സ്വപ്നത്തിനുടമ കോയിത്തറ ബ. ജോൺ ബെർക്കുമാൻസച്ചനും അതിന്റെ ചുക്കാൻ പിടിച്ചവരിൽ പ്രധാനി നുഴമൂറി ബ. ഫ്രാൻസിസ് സാലച്ചനുമാണ്. മൺമറഞ്ഞുപോയ ആ മഹാരഥൻമാരിരുവരും ഭാരതമണ്ണിൽ മുളച്ചുവളർന്ന പ്രഥമ ക്രൈസ്തവ സന്യാസ സമൂഹത്തിലെ അംഗങ്ങളായിരുന്നു.

ഗുരുകുലങ്ങളും സന്യാസിമാരും ശിഷ്യഗണങ്ങളുമൊക്കെ പ്രാചീന ഭാരതത്തിൽ സർവ്വസാധാരണമായിരുന്നെങ്കിലും രണ്ടായിരം കൊല്ലത്തെ പാരമ്പര്യമവകാശപ്പെടുന്ന ഭാരതക്രിസ്ത്യാനികൾക്കവ അന്യമായിരുന്നു. ഈ രംഗത്ത് ആദ്യത്തെ കാൽവെപ്പ്നടത്തിയത് വാഴ്ത്തപ്പെട്ട ചവറ കുര്യാക്കോസ് ഏലിയാസച്ചനായിരുന്നു. 1855-ൽ അദ്ദേഹം മാന്നാനത്ത് ഇന്നത്തെ സി.എം.ഐ സഭക്ക് രൂപം കൊടുത്തു. ഏകദേശം 35 കൊല്ലത്തിനുശേഷം 1889-ൽ സി.എം.ഐ. തിരുഹൃദയാശ്രമം തേവരയിൽ സ്ഥാപിതമായി.

ഏറെത്താമസിയാതെ, 1891-ൽ St. Mary's L.P. School സ്ഥാപിച്ചുകൊണ്ട് ആശ്രമാധികൃതർ വിദ്യാഭ്യാസരംഗത്ത് പ്രവർത്തനമാരംഭിച്ചു. 1924-ൽ Sacred Heart High School സ്ഥാപിച്ചു. ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചുള്ള CMI സഭാംഗങ്ങൾ ചിന്തിച്ചുതുടങ്ങിയപ്പോൾ, അറബിക്കടലിന്റെ റാണിയായ കൊച്ചിയുടെ അവകാശവാദത്തിന് ഉന്നതനിലവാരം പുലർത്തിപ്പോന്ന ഈ രണ്ടു സ്ഥാപനങ്ങൾ പിൻബലമായി എന്നതിനു സംശയമില്ല. ബ. ബെർക്കുമാൻസച്ചനും സാലച്ചനും കൊച്ചിയുടെ വളർച്ചയിൽ അതിരറ്റ താത്പര്യവും വലിയപ്രതീക്ഷകളും ഉണ്ടായിരുന്നു.

യുദ്ധകാലത്തു മറ്റുപ്രവർത്തനങ്ങൾ പാടില്ലെന്നുള്ള വിലക്കോ, നിർമ്മാണത്തിനാവശ്യമായ കമ്പി, സിമൻറ് തുടങ്ങിയ വസ്തുക്കളുടെ കടുത്ത ദൗർലഭ്യമോ, പണം സ്വരൂപിക്കാനുള്ള വലിയ ബുദ്ധിമുട്ടോ, സഹവൈദികരുടെ ആത്മാർത്ഥമായ ആശങ്കകളോ ഒന്നും ബ. സാലച്ചന്റെ ഉത്സാഹം കെടുത്തിയില്ല. എല്ലാ പള്ളികളോടും കൂടി പള്ളിക്കൂടങ്ങൾ സ്ഥാപിച്ചുകൊള്ളണം എന്ന കല്പന അയക്കുകയും, മാന്നാനത്ത് സ്വന്തമായി ഒരു സംസ്കൃത പള്ളിക്കൂടം തുടങ്ങി മാതൃക കാട്ടിക്കൊടുക്കുകയും ചെയ്ത സഭാസ്ഥാപകനായ ചവറയച്ചന്റെ ചൈതന്യം അദ്ദേഹത്തിനു കരുത്തുനല്കി.

യൂണിവേഴ്സിറ്റിയിലെ ഉന്നതാധികാരികളെ അത്ഭുതപ്പെടുത്തിയ വേഗത്തിൽ, ദിവംഗതനായ കലവറ ബ.ഹഡ്രിയാച്ചന്റെ നേതൃത്വത്തിൽ, പണികൾ പുരോഗമിച്ചു. കമ്പികൂടാതെ ചിരട്ട കമിഴ്ത്തിവച്ചുവാർത്ത കെട്ടിടങ്ങൾ 50 കൊല്ലമായിട്ടും കേടുകൂടാതെ നിലനില്ക്കുന്നു. സ്ഥലം വാങ്ങുന്നതിനും, കെട്ടിടങ്ങൾ പണിയുന്നതിനും കൊച്ചിത്തമ്പുരാക്കൻമാരുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ ലഭിച്ചു.

## സവിശേഷതകൾ

എളിയരീതിയിൽ മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ആരംഭിച്ച കോളേജ് അതിവേഗം വളർന്നു വന്നു. രണ്ടു പതിറ്റാണ്ടു പിന്നിട്ടപ്പോൾ അത് കേരളത്തിലെ ഒന്നാംകിട കലാലയങ്ങളുടെ മുമ്പന്തിയിലെത്തി. ഉപരിപഠനത്തിനൊപ്പം കലാകായിക പ്രവർത്തനങ്ങൾക്കും ഊന്നൽ കൊടുത്തുകൊണ്ടാണ് കോളേജ് മുന്നേറിയത്. കല, സാഹിത്യം, ശാസ്ത്രം, എന്നിവയിലെ ബിരുദപഠനവും, ജന്തുശാസ്ത്രം, രസതന്ത്രം, ധനതത്വശാസ്ത്രം, കോമേഴ്സ്, ഇംഗ്ലീഷ് സാഹിത്യം, സസ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ ബിരുദാനന്തരബിരുദപഠനവും പ്രശസ്തമായരീതിയിൽ നടത്തിപ്പോന്നു.

കേരളത്തിലാദ്യമായി M.S.W. കോഴ്സിനു രൂപം നൽകി സാമൂഹ്യപ്രവർത്തനത്തിന് ശാസ്ത്രീയമാനം പകർന്ന, സ്ഥാപകനായ ബ.സാലച്ചനുപുറമെ, രാഷ്ട്രീയ രംഗത്തും, വിദ്യാഭ്യാസ രംഗത്തും ഒരുപോലെ ശോഭിച്ചിരുന്ന ഷെവ. സി. ജെ. വർക്കി, ആദ്യത്തെ പുരോഹിത സിൻറിക്കേറ്റു മെമ്പർ ഫാ. തെയൊഡോഷ്യസ്, തെന്നിന്ത്യയിലെ ചാർട്ടേഡ് എക്കൗണ്ടൻറുമാരുടെ ആചാര്യനായിരുന്ന ശ്രീ കേരളവർമ്മതമ്പുരാൻ തുടങ്ങിയ മഹാരഥൻമാരും അക്കാലത്തു കോളേജിൻെറ വളർച്ചക്കു ചുക്കാൻ പിടിച്ചിട്ടുണ്ട്.

മൂന്നാമത്തെ ദശകമായതോടെ കോളേജിൻെറ വളർച്ചക്കു മാന്ദ്യം സംഭവിച്ചുവെന്നു പറയാതെ നിവൃത്തിയില്ല. കേരളത്തിലെ വിദ്യാഭ്യാസാന്തരീക്ഷം മുഴുവൻ കലങ്ങിമറിഞ്ഞ കാലഘട്ടം. വിദ്യാർത്ഥി പ്രക്ഷോഭണങ്ങൾ, വിദ്യാഭ്യാസരംഗത്തെ രാഷ്ട്രീയാതിപ്രസരം, സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള വർദ്ധിച്ച ചിലവ്, സ്വകാര്യ സ്ഥാപനങ്ങളോട് ഗവർമെൻറും യൂണിവേഴ്സിറ്റിയും സ്വീകരിച്ച നിഷേധാത്മക നിലപാട് ഇവയെല്ലാം കോളേജധികൃതരുടെ ആവേശം തണുപ്പിക്കുന്നതിനു കാരണമായി. പുരോഗതി മന്ദഗതിയിലുമായി.

നാലാം ദശകത്തിൻെറ പ്രത്യേകതയായി എടുത്തുപറയാവുന്നത് സഹവിദ്യാഭ്യാസത്തിൻെറ ആരംഭമാണ്. കോളേജിൻെറ സമിപപ്രദേശങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്കു ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിനു പ്രസ്തുത നയംമാറ്റം വളരെയേറെ സഹായിച്ചു.

## ഭാവിയിലേക്ക്

കാലത്തിൻെറ ചുവരെഴുത്തുകൾ മാറിവരുന്നതായി നാം കാണുന്നു. വിദ്യാഭ്യാസമേഖല വലിയ മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. 21-ാം നൂറ്റാണ്ടിൻെറ വെല്ലുവിളികളെ നേരിടുന്നതിന് ഇന്നത്തെ വിദ്യാഭ്യാസ രീതിക്കോ നമ്മുടെ യൂണിവേഴ്സിറ്റികൾ നൽകുന്ന ഡിഗ്രികൾക്കോ മാത്രം കഴിയില്ല. കൂടുതൽ ഊർജ്ജം വ്യയം ചെയ്യുന്ന, അന്തരീക്ഷം മലിനമാക്കുന്ന, മനുഷ്യ ശരീരത്തെയും മനസ്സിനേയും ഒരുപോലെമുരടിപ്പിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വികസ്വര രാജ്യങ്ങളിലേക്കു നാടുകടത്തിയിട്ട്, കായികാദ്ധ്വാനം കുറഞ്ഞ, അധികം മുതൽ മുടക്കാവശ്യമില്ലാത്ത, പരിസ്ഥിതി പരിരക്ഷിക്കുന്ന സംരംഭങ്ങൾക്ക് വികസിത രാജ്യങ്ങൾ രൂപം കൊടുത്തുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം അതിനുപകരിക്കുന്ന രീതിയിൽ അവർ ക്രമികരിക്കുന്നു. അവരുടെ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത് Information Industry, Management Studies, Biotechnology മുതലായവയിലാണ്.

ലോകത്ത് ശാസ്ത്രജ്ഞൻമാരുടെ സംഖ്യയിൽ മൂന്നാം സ്ഥാനമുള്ള ഭാരതം ഈരംഗത്ത് വളരെ പിന്നിലാണ്. തെറ്റായ ധാരണകളും അനാവശ്യമായ തർക്കങ്ങളും മറ്റും മൂലം വളരെയേറെ വിലപ്പെട്ട സമയം നാം നഷ്ടപ്പെടുത്തിക്കളഞ്ഞു. ഈ സ്ഥിതിക്ക് മാറ്റം വരണമെങ്കിൽ നാം ബോധപൂർവ്വം ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനവും എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണവും വേണം. ഒട്ടേറെ അടിസ്ഥാനസൗകര്യങ്ങളും, ധാരാളം പണവും മികച്ച സംഘടനാശേഷിയുമൊക്കെ ഇതിനാവശ്യമാണ്.

അരനൂറ്റാണ്ടു കാലത്തെ നിസ്വാർത്ഥസേവനത്തിൻെറ പാരമ്പര്യമുള്ള ഞങ്ങൾക്ക് ഈ രംഗത്ത് പലതും ചെയ്യുവാൻ കഴിയുമെന്ന ആത്മവിശ്വാസമുണ്ട്. അനേകംപദ്ധതികളെക്കുറിച്ചുള്ള സങ്കല്പങ്ങൾ ഞങ്ങളുടെ മനസ്സിലുണ്ട്. Computer Technology, Marketing, Tourism, Management തുടങ്ങിയ വിഷയങ്ങളിൽ ഉന്നതപരിശിലനം, Biotechnology, Tissue culture, Environmental Studies മുതലായവയിൽ ഉപരിപഠനം, അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന സാമൂഹ്യ ശാസ്ത്രവിഷയങ്ങളിൽ ഗവേഷണം തുടങ്ങിയവ ആ സങ്കല്പങ്ങളുടെ ഭാഗമാണ്.

കൊച്ചുകേരളത്തിലെ മുഖ്യവിഭവം മാനവവിഭവമാണ്. വളർന്നുവരുന്ന, സമർത്ഥരായ നമ്മുടെ കുട്ടികളാണ്. നാളെയുടെ വെല്ലുവിളികളെ നേരിടാൻ അവർക്കു കരുത്തുനൽകേണ്ടത് ഇന്നത്തെ തലമുറയാണ്. ചരിത്രപരമായ ആ ദൗത്യം ഏറ്റെടുത്തുനടത്താൻ തിരുഹൃദയകലാലയത്തിലെ മാനേജുമെൻറും, അർപ്പണ ബോധമുള്ള അധ്യാപകരും, പ്രബുദ്ധരായ വിദ്യാർത്ഥികളും പ്രതിജ്ഞാബദ്ധരാണ്.

*ഫാ. സക്കറിയാസ് പായിക്കാട്*

# ജല്പനം

ഇതു ജല്പനം മാത്രം
ദുഃഖിതൻെറ, സുഖിമാൻെറ
ആരും കേൾക്കാത്ത
വെറും പ്രലപനങ്ങൾ
തനിയാവർത്തനത്തിൻെറ
അന്തിമ നിമിഷത്തിൽ
കൊല്ലുന്ന വിരസതയിൽ
അവൻ ഉണർത്തിയ
പ്രതികരണത്തിൻെറ കർണ്ണ-
കഠോര ശബ്ദം!
ആരും കേൾക്കാതെ അവൻ ശപിക്കുന്നു
ആർക്കും വേണ്ടാതെ അവൻ ജീവിക്കുന്നു
പ്രതികരിക്കാനറിയാതിരുന്ന അവൻ
പ്രതിഷേധത്തിൻ മണിമുഴക്കുന്നു
കൂട്ടുകാരെ വെറുത്തവൻ
ഒറ്റയാനായി മാറുന്നു
കാട്ടുകൊമ്പനായ് മാറിയവൻ
കൂട്ടുകാരെ കുത്തുന്നു.
കുത്തി മലർത്തി വീഴ്ത്തുമ്പോൾ
ആർത്തട്ടഹസിച്ചമറുന്നു.
അട്ടഹാസം കേട്ടുണർന്ന
ലോകം ഞെട്ടി വിറയ്ക്കുന്നു
വിറയ്ക്കാൻ പോലുമാകാതെ
മർത്യർ തൻ മനം മരവിക്കുന്നു.
ആത്മാവിനെ കുത്തിക്കൊന്നവൻ
ചത്തശവമായ് ജീവിക്കുന്നു.

*ജ്യോതി കെ ആർ*
II PDC I ഗ്രൂപ്പ്

ഇത് കുറെ നൊമ്പരപ്പൂവുകളാണ്.
കാലത്തിൻെറ കൈക്കുടന്നയിൽ വീണുരുകിയ
കണ്ണീർമുത്തുകളും
അവയുടെ ലാവണ്യവും കണ്ടെടുത്ത്
കൺമുന്നിൽ പിടിച്ച്, ഇതേറ്റുവാങ്ങൂ
എന്നുപറയുമ്പോൾ, ഞാൻ പറയട്ടെ,
ഇത് നഷ്ടമായ ഒരു ബാല്യത്തിലെ
വളപ്പൊട്ടുകളാണ്.
സ്വപ്നങ്ങളുടെ കമ്പളത്തിൽപൊതിഞ്ഞ
ഒരു കൗമാരത്തിൻെറ നിറവാണ്.
അതിലുമേറെ
ചിറകിനടിയിൽനിന്ന് സുരക്ഷിതത്വത്തിൻെറ
സാന്ത്വനങ്ങൾ നഷ്ടപ്പെട്ട്
സൂര്യനേയും, ചന്ദ്രനേയും, മരങ്ങളേയും
എല്ലാം നോക്കിയപ്പോൾ, എല്ലാം അറിയാൻ പഠി
ക്കുമ്പോൾ
കൂടെ നിൽക്കാൻ ശ്രമിക്കുന്ന
വാക്കുകളുടേയും, വരകളുടേയും
അനുഗ്രഹമാണ്...




കാമ്പസ്,
ആൾക്കൂട്ടങ്ങളിൽ നഷ്ടപ്പെടുന്നവരാണിവിടെ
അധികവും, പുറത്ത് ജീവൻ പോയാലും
ഒരുനിമിഷം ഉള്ളിൽകടക്കുമ്പോൾ
മൃതസഞ്ജീവനിയുടെ ജീവപ്രവേശം
മൗനവ്രതമാണവരും, അതിലേറെ
എല്ലാം നഷ്ടപ്പെട്ടു എന്നു വിചാരിച്ചു
കൂട്ടങ്ങളിൽനിന്നുമകന്ന് ലൈബ്രറിയിലും
സ്റ്റുഡൻറ് സെൻററിലും ജീവിതം അർപ്പിച്ചവർ
ഒരു കവിൾപുകയുടെ പ്രാണനിൽനിന്ന്
ഉറക്കെ പൊട്ടിത്തെറിച്ചേക്കാം.
ലേക്കിലെ സിമൻറ് ബഞ്ചുകളിൽ
തല നഷ്ടപ്പെട്ടിരിക്കുന്നവർ, ചെറിയ ഓളങ്ങളിൽ
ചാഞ്ചാടുന്ന കൂവളത്തിലകൾപോലെ
എവിടെയൊക്കെയോ എത്താൻപാടുപെടുന്ന
മനസ്സുമായ് സന്ധ്യവരെ അവിടെയിരിക്കും.
പിന്നെ
ഈ കലാലയത്തെ ആകെ ശപിച്ചേക്കാം

(ഒരുപക്ഷേ ഈ കൂറ്റൻ അങ്ങോട്ടുതിരിഞ്ഞ് കനത്തമു
ഖത്തോടെ പൂപ്പൽ പിടിച്ചിരിക്കുന്നത് ഇതൊക്കെ കാണാ
നാവാം.)
അല്ലെങ്കിൽ
അവൻ പലതുമറിഞ്ഞ് തിരിഞ്ഞുനടക്കുമ്പോൾ
കൊന്നൻപുല്ലുകളില്ലാത്ത ഒറ്റയടിപ്പാതകളാവാം
തിരയുന്നത്.

ചരിത്രക്ലാസുകൾ, പ്രണയം, സമരം
വഴക്ക്, കയ്യാങ്കളികൾ
കൂവിത്തെളിയുന്ന പകലുകൾ, ഒടുവിൽ കലാശ
ക്കൊട്ടിനു
ശേഷം, ഒരു ഭാണ്ഡത്തിൽ ബിരുദം
അതിലുപരി
ഒരുപാടൊരുപാട് സൗഹൃദത്തിന്റെ അക്ഷയദീപങ്ങൾ
അനുഗ്രഹങ്ങൾ, പാരകൾ,
'ഞാനീപ്പടിയിറങ്ങട്ടെ' എന്നുപറഞ്ഞ്
ഒരിക്കൽ ഒരു കവിത പറഞ്ഞചങ്ങാതിക്ക്
പിന്നെ തിരിച്ചുകയറി തെറിപറയേണ്ടിവന്നത്രേ
(ഔദ്യോഗികം)

പ്രഭാതം
കുറിതൊട്ട് ഇസ്തിരിമായാത്ത
കുപ്പായംധരിച്ച്
വടക്കേഗേറ്റിലൂടെ
ചുണ്ടിൽ ചിരിവിടർത്തി
കടന്നുവരുന്നവർക്കൊപ്പം
കാമ്പസിലെ
ഇടനാഴികളിൽ
ചിതറിവീണുകിടക്കുന്നു.
പാലപ്പൂക്കൾക്കിടയിൽ
പാലമരത്തിൽ
ചെമ്പകം എന്നെഴുതിയതു കണ്ട്
ആ പുത്തൻക്കൂറ്റുകാരൻ
ആദ്യത്തെ അത്ഭുതംകൂറി.
(കർത്താവിന്റെ തലയിൽ
കാക്കയിരിക്കുന്നതുകണ്ട്
ദിവസം മുഴുവൻ ആർത്തുചിരിച്ച
ഒരു പെരിയസ്വാമിയെ ഞാനറിയും)

ഉം...
എന്താ...
എനിക്കും...ഉം!
രണ്ടാൾക്കൊളിക്കാവുന്ന തൂണുകൾക്കിടയിലൂടെ
ഡിപ്പാർട്ടുമെൻറിലെ
മുത്താശാനേയും
മോളിലെ പെരിയവനേയും
പറ്റിച്ച് അവർകിലുകിലുത്തു
പത്തുമണിക്കു പത്തുമിനിട്ടുമുമ്പെ
ക്ളാസിലേക്കോടുന്ന
പയ്യൻ അൽപം മുന്നോട്ടു നടന്ന്
കൃഷ്ണമണി സൈഡിലേക്കോടിച്ചു
പിന്നോട്ടു നോക്കി...
ഹോ...!
അഡ്ജസ്റ്റുമെൻറുകൾ
രൂപംകൊള്ളുന്ന
പതിമൂന്നാം മണിക്കൂർ
പയ്യൻസിന്റെ രണ്ടാമത്തെ അത്ഭുതം.

ലേക്കിലെ വെടിപ്പാറക്കുപിന്നിലെ
ചെറിയ തറയിൽ ഓലവിരിച്ച്
ബീഡിപ്പുകയുടെ
കൈപ്പിറക്കി കമ്പമ്പിവലകളിൽ
കണ്ണോടിച്ചുകിടന്ന
അവൻ ഒരു കാറ്റുപോലെയലഞ്ഞു.
മനസ്സിൽനിന്നും
മഴവില്ലിനേയും വസന്തത്തുവിലെ
ഇളംകാറ്റിനേയും
ഏഴു വർണ്ണവും
ഏഴു സ്വർണ്ണങ്ങളും ചാർത്തി
കടലാസിൽ എഴുതി
നഷ്ടപ്പെട്ട ബാല്യത്തെ
വീണ്ടെടുക്കാൻ ശ്രമിക്കുന്ന
ചിത്രകാരന്റെ വേദന
അവൻ കായലിന്റെ മാറിലെ
ഔഷധിയായ കാറ്റിൽ ഇല്ലാതാക്കുകയായിരുന്നു.
പിന്നെ എഴുന്നേറ്റ്
മുഷിഞ്ഞ ജീൻസിൽ
തലചായ്ച്ചു, ആൾക്കൂട്ടത്തിൽ
നിന്ന് ഇഴപിരിഞ്ഞ്

താനുൾക്കൊണ്ട
സംതൃപ്തികളിൽ മരിക്കുക എന്ന
പതിവുചടങ്ങിലേക്കുകടന്നു

സമരം
കലാലയത്തിന്റെ ഹൃദയം
പോർട്ടിക്കോയിലാണ്
അവിടെവരച്ചിട്ടിരിക്കുന്ന
സ്ക്വയറുകളിൽനിന്ന്
ആകാശത്തേക്കു വിരൽചൂണ്ടി
ഒരു പ്രതിഷേധം.
ഇന്ന് സമരാണോ....
താങ്ക്യൂ....നന്ദീടാ..
പ്രാക്ടിക്കൽ...റെക്കോഡ്,
ക്രിക്കറ്റ്, സിനിമ..
ഹോ...! !

പെങ്ങളെ
പത്തിരിയാണോ...
പെരുന്നാളുവന്നാൽ
ഇങ്ങള് - പിന്നെ
ഞമ്മടെ
പുന്നാരപ്പെങ്ങളാ....!
ഉച്ചയൂണിന്
ദിവസവും വെടിവട്ടംകൂട്ടി
കൊളേജ് മുഴുവൻ
കൈനീട്ടി കടമല്ലാതെ
അഡ്ജസ്റ്റുമെന്റിലൂടെ
പിരിവെടുപ്പിച്ച്
രണ്ടരക്കു കാന്റീനിൽ
എത്തുന്ന പതിവുകാർക്ക്
പെരുന്നാളുവന്നാൽ
പിന്നെ താത്കാലിക
വെടിനിരത്തൽ

'ഇഷ്ടലിയാ....'
മൂന്നാംവർഷ ക്ലാസിൽ
പഠിപ്പിക്കുന്ന അച്ചനെ
ശല്യപ്പെടുത്താതെ
വിശന്നു പൊരിയുന്ന ഉച്ചകളിൽ

പതിവുമോഷണം.
ഇതുകണ്ടാൽപിന്നെ
കള്ളൻമാരുടെ സ്വഭാവം
മറന്ന് ആർത്തുചിരി-
ച്ചെന്നുവരും.
എങ്കിലും സന്തോഷം ഉള്ളി-
ലൊതുക്കി മെല്ല-
പ്പറയും
"എടുമത്താ...."

'ഐ ലൗ യൂ..'
'സോറി എനിക്ക് താൽപ്പര്യമില്ല'
വീട്ടിൽ ക്ലീൻ.
നാട്ടിൽ ക്ലീൻ
ക്ലാസിൽ ക്ലീൻ
പ്രേമത്തിൽ മാത്രം പരാജയം
എന്തിനു ജീവിക്കണം.
പിറ്റേന്നു മുതൽ
വളരാത്ത താടി വലിച്ചുനീട്ടി
ചുണ്ടിൽ പുകക്കുറ്റി തിരുകി
ആരുണ്ടിവിടെ ചോദിക്കാൻ
എന്ന ഭാവത്തിൽ
അവൾക്കു മുന്നിലൂടെ
ഒരായിരം നടത്തം
പിന്നെ.
'അവൾക്ക് നാട്ടിപ്രശ്നം
വീട്ടിപ്രശ്നം
ക്ലാസീ പ്രശ്നം
ഒരായിരം പ്രശ്നം
അങ്ങിനെ ഒരു പ്രശ്നം പരിഹരിക്കപ്പെട്ടു.
പോനാൽ പോകട്ടും പോടാ....

'പ്രിയേ
പ്രപഞ്ചത്തിന്റെ
ചഞ്ചല സൗന്ദര്യത്തിന്റെ
അന്തഃകരണത്തിലെ
അണ്ഡകടാഹത്തിൽ
ധൂം ധുബി നാദം'
പ്രേമലേഖനം
തച്ചിനെഴുതുന്നവർക്ക്
സ്റ്റാർട്ടിങ് ട്രബിൾ



തീർക്കുന്ന ജോലികൂടിയിണ്ട്
ഡീലിങ്സ്
അമ്പോ യുടെ കളി
പിന്നെ
ഉപദേശങ്ങൾ
അവസാനം
ഇല്ലം നിരന്നേടം
കുളംകുത്തി അവിടുന്ന്
ഒരു കുമ്പിൾ
വെള്ളം മോന്തി
വിശ്രമം....

ഭരണകൂടം
മാറിവന്നപ്പോൾ
ഏകാധിപതിക്കെതിരെ
പൊതുജനത്തിന്റെ പോർവിളി
ചരൺസിങ്ങിനെപ്പോലെ
വാനോളം ഉയർത്തപ്പെട്ട ഒരു
പാവം
ഭരണാധികാരി
പിന്നെമെല്ലെച്ചാടിച്ചപ്പോൾ
പോയത് സ്വന്തം കാല്
ഉള്ളം കയ്യിൽ തലകുത്തി-
വരെ നിറുത്തി ഒടുവിൽ
ഒരു ഗൾഫ് യുദ്ധാരംഭത്തിൽ
പൊട്ടിയ വെടിയും
മറ്റും ഇവിടെ ഒരു ലോബിയുടെ
വിജയം കുറിച്ചു
ജനംകൂടുന്ന തന്ത്രപ്രധാന
വശങ്ങളിൽ മൈനുകൾ
തകർത്തു വാരുന്നു
ആമത്തിരിയിൽ
ആരംഭം കുറിച്ച
പുത്തൻ വിധ്വംസന പ്രവർത്തനം

ഉച്ചയുറക്കം ബാധിച്ച
നാലാം അവർ
ആർട്ട്സ് ക്ലാസുകളിൽ
കവിത ഉണരുന്ന അവർ
കാക്കാന്റെ കടയിലെ

പുഴുങ്ങലരിച്ചോറും
പുകയും വിഴുങ്ങിയ
വന്റെ പുത്തൻ ചരിത്രബോധത്തിൽ
മുസ്സോളനിയുടെ
രാത്രി സഞ്ചാരം കണ്ടുപിടിക്കപ്പെടുന്നു

ചരിത്രം സൃഷ്ടിക്കപ്പെടുന്നതു
കാണാൻ
ഉച്ചക്കാറ്റിൽ കണ്ണും പൊളിച്ചിരുന്ന്
പുസ്തകത്തിൽ കോറുന്നവന്റെ
കടക്കണ്ണിലൂടെ ഉറക്കം
ഒരു ചരിത്രസത്യംപോലെ
ഇഴഞ്ഞുകേറുന്നു.

നാലാമവറിലും
ഒന്നാമവറിലേതുപോലെ
ഉറക്കം തീരാത്ത
ഒരു ഋശ്യശൃംഗനെക്കണ്ട്
ചരിത്രാധ്യാപകൻ
വാപൊളിക്കുമ്പോൾ
പകലുറക്കാവരാത്ത
ആ പാവം 'ചരിത്രത്തിനുമുന്നിൽ'
രക്തസാക്ഷിയാവുകയായിരുന്നു.
സാർവ്വത്രികമായ മരണംപോലെ
പലർക്കും
അന്ത്യം കുറിക്കുന്ന മുകളിലെ
മാടമ്പി മണി
ഞങ്ങളെ അഞ്ചാമവറിലേക്കു
തള്ളിവിടുമ്പോൾ
ചവച്ചുതിന്നു തീരാത്ത
ചരിത്രം അദ്ധ്യാപകന്റെ വായിൽ
നിന്നു കക്കിവീഴുമ്പോൾ
ദുസ്വപ്നം കണ്ടു കരയുന്നവനെപ്പോലെ
കൊടുംകൈകുത്തി ഉറക്കംതൂങ്ങിയിരുന്നവൻ
ചാടിയെഴുന്നേറ്റു ചരിത്രപ്രഖ്യാപനം മുഴക്കി.
"ശിലായുഗങ്ങൾക്കു മുൻപേ
ചരിത്രാതീത കാലംമുതൽ
ലിഖിതവും
അലിഖിതവുമായി
ചരിത്രം ആവർത്തിച്ചസത്യം
അജയമവർ
ഫ്രീ...! !"

രാത്രി
എല്ലാം മറന്നുകിടന്നുറങ്ങിയ
രാവുകൾ അസ്തമിച്ച
മാഗസിൻ നിർമ്മാണത്തിന്റെ
ദിനങ്ങൾ
പ്രേതബാധയുടെ പേരിൽ
തഴഞ്ഞിട്ട മുറിയിൽ
തൂങ്ങിമരിച്ച ഫാൻ
കിടന്നുറങ്ങിയ കട്ടിൽ
ഇരുന്നുണ്ട മേശ, കസേര,
കുറഞ്ഞ വാടകയ്ക്ക് .
ഒത്തുവന്നത്
ഭാർഗവീനിലയംപോലെ ഒന്ന്
പരസ്പരം കണ്ണുടക്കാതെ
സെക്കൻറ്ഷോ കഴിഞ്ഞ്
മത്തുപിടിച്ച
കണ്ണുകളുമായി ഉറക്കം
കാത്തുകിടക്കുമ്പോൾ
തറയിൽ കാറ്റു ചലിക്കുന്ന
കടലാസുതുണ്ട്
രാത്രിയെ ഭീകരമാക്കി.

ഉച്ച
ആർട്ട്സ് ക്ലബ്ബിലെ
ചിലരെക്കാണുമ്പോൾ
നീറകൊണ്ട വിശപ്പിലും
പോക്കറ്റു തപ്പിപ്പിടിച്ച്
ഓടിരക്ഷപ്പെടുന്ന
ചിലരെക്കാണാവുന്ന സമയം.

തൊണ്ടയിൽ കുരുങ്ങുന്ന ഈ നൊമ്പരത്തിന്റെ
ശീലുകൾ,
കാഴ്ചകളായ്,
കാലത്രയങ്ങളുടെ സാക്ഷിയാർന്ന
ഗന്ധർവ്വഗാനമായ ഈ സ്നേഹഗീതം

ചുറ്റും.
ബെബി,
കാവേരി, അച്ചായൻ
ദാസ്, വല്യേട്ടൻ, ഉമേഷ്, രാജീവ്
അങ്ങിനെ...

കലാലയം എന്നതിന്റെ
അർത്ഥം നശിക്കുന്നതുകണ്ടപ്പോൾ
ശബ്ദമുയർത്തിയവർ
നിശബ്ദമാകുകയായിരുന്നു പിന്നീട്
ഇവിടെനാം കണ്ടെത്താൻ ശ്രമിച്ചത്
ഉയർന്ന പൂത്ത പിച്ചിയുടെ ഗന്ധവും
പാലപ്പൂക്കളുടെ ചിരിയും
പിന്നെ ഒരുപാടൊരുപാട്
സ്വപ്നങ്ങളുമായിരുന്നു.
എല്ലാം വെറുതെ എന്ന്
ആരോ ഉച്ചവെയിലിൽ പറഞ്ഞപ്പോൾ
ലേക്കിലെ സിമന്റു ബഞ്ചുകളിൽ
പ്രഖ്യാപനം നടത്തിയപ്പോഴും
സാർത്ഥകമായ
ഒരുപാടു സൗഹൃദങ്ങൾ
ആശ്വസിപ്പിക്കാനെത്തി.
അവസാനം
ഇക്കണോമിക്സ് നീ ഞങ്ങളുടെ
ഇതിഹാസമായി...!!!

ഞാൻ തേങ്ങിപ്പോവുന്നു.
ഈ ഇടനാഴികളിലെ
ജാലകപ്പഴുതുകളിൽ
ചാഞ്ഞിരുന്നു, ഈ ഘോഷയാത്രയിൽ
ഞാൻ കണ്ണീർ പൊഴിക്കുന്നു.
അതെ
ഈ നിമിഷം തേങ്ങുന്നു.
അസ്തമിക്കുന്ന
സൂര്യൻ
ഒരു ചെമ്പഴുക്കപോലെ
പൈനിൻ വള്ളിയിൽതൂങ്ങി
വാപൊളിച്ചു വിഴുങ്ങാൻ
നിൽക്കുന്ന കടൽപാമ്പിലേയ്ക്കടുക്കുന്നത്
കണ്ടു കവിത മൂളിയ

സുധീർ
അവൻ എന്നും ജീവിതം
ഒരു പ്രശ്നമായിരുന്നു (വെറുതെ)

ഷിബു:-
മയ്യഴിയുടെ
മണൽപ്പുറങ്ങളിൽ
ഗൃഹാതുരത്വത്തിന്റെ
ഇത്തിരി വരകൾ എന്റെ
മനസുകോറിയപ്പോൾ
എല്ലാം മറക്കാൻ
നീ പാടിയത്
ഒരു ചങ്ങാത്തത്തിന്റെ
പാട്ടായിരുന്നു.
ഭൂമിയോളം
പ്രായംചെന്ന
ഒരു ചങ്ങാത്തം
പിന്നെ വീട്ടിൽ
കളവുപറഞ്ഞവരുടെ
കുറ്റബോധം
ഒരു ഗ്ളാസ് വീഞ്ഞിൽ
തണുത്തപ്പോൾ
പറഞ്ഞുതീരാത്ത
നിന്റെ ചരിത്രക്ളാസ്
പിന്നെ
ഒരിരുപത്തിയെട്ടു നടന്ന
രാവ്
മയ്യഴിയിൽനിന്നു തിരിക്കുമ്പോൾ
നീ പൊതുവാളായിരുന്നു
സ്നേഹമെന്ന നിക്ഷേപം
മനുഷ്യമനസ്സെന്ന
ബാങ്കിൽ ഇരട്ടിയിരട്ടിയാവുമോ
എങ്ങിനെ ഇതിന്റെ ഓഹരി
തിരിച്ചു നൽകും
എന്ന് ഞാൻ ദുഃഖിക്കുന്നു.
ഇനിയും
മാർച്ചിനെക്കുറിച്ച്
എഴുതാതെവയ്യ.
കൺമുമ്പിലൂടെ
യാത്രയാവുന്ന
ചേട്ടൻമാരും ചേച്ചിമാരും

തങ്ങളുടെ ശീനുജൻമാരെ
വീക്ഷിക്കുന്ന
ഒരു വർഷംകൂടി നീണ്ടുകിടക്കുന്ന
അവരുടെ
കലാലയ ജീവിതത്തെ കണ്ടുകൊണ്ടാണ്

നക്ഷത്രങ്ങൾ കഥപറയുന്ന
കാലത്തിൽനിന്ന്
ഭാവിസൂര്യൻമാരുടെ ചൂടിലേക്ക്
മുറുക്കിയ ഭാണ്ഡത്തിൽ
ഒത്തിരി നേട്ടങ്ങളും
കോട്ടങ്ങളുമായി, അവർ
ഇറക്കത്തിന്റെയോ, കയറ്റത്തിന്റെയോ
പടികൾ ചവിട്ടുന്നത്
ഈ മാർച്ചിലാണ്.

കിന്നാരങ്ങളും
കുസൃതികളും
കലാലയ ജാലകങ്ങൾക്കിപ്പുറം
ഇളം കാറ്റിൽ
കൊച്ചു കിളിക്കുഞ്ഞുങ്ങളുമായി
അനുഭവിക്കുമ്പോൾ
ജാലകങ്ങൾക്കപ്പുറം
മറ്റൊരു ലോകം
മീനച്ചൂടിൽ വെന്ത് എരിയുന്നു
അവിടെ,
യഥാർത്ഥ്യങ്ങളുടെ
ജീവജാലമില്ലാത്ത മരുഭൂമി,
ഭൂതകാലമെന്ന
രക്തം വാർന്നൊഴുകുന്ന നിഴൽപാട്
വർത്തമാനമെന്ന
അന്തമില്ലാത്ത വട്ടമേശാവണി.
ഇരുട്ടുമുറിയിലെ സ്വപ്നക്കാഴ്ചപോലെ
ഭാവി
അതെ
മാർച്ചാവുന്നു.
ഇവിടെ യാത്രകളുടെ
'പച്ചക്കൊടിക്കാരൻ'(?)

'ഇക്കണോമിക്സ്'
നീ ഇതിഹാസമാവുന്നു.
ആരോപറഞ്ഞു,
ജീവിതംപോലെ സങ്കീർണ്ണ-
മായ ഒരു
ബാഷ്
കുസൃതികളായിരുന്നു
അധികവും
ഒന്നുമറിയാതെ
ആർത്തുചിരിക്കാൻ അവർ
ഇഷ്ടപ്പെട്ടു
അല്ലെങ്കിൽപിന്നെ എന്തിന്
ഞങ്ങളെല്ലാം ഒത്തുവന്നു
എന്നവർ ചോദിക്കും.

ലാബിലെ
ദുർഗന്ധവും
കായലിലെ ഉച്ചക്കാറ്റുമേറ്റ്
അഞ്ചപ്പംകൊണ്ടഞ്ചാറുപേരുടെ
വയറുനിറച്ച
തങ്ങളുടെ സാമ്രാജ്യത്തിന്റെ ഗോവണികളിൽ
വിശ്രമിക്കുമ്പോഴായിരിക്കും
ബഡ്ജറ്റ് മേക്കിങ്ങും
ഫൈവ് മന്നും
വൈൽഡ് ഹിസ്റ്ററിയും
തലയിലുദിക്കുന്നത്.

എക്കണോമിക്സ്
നീ ഒരുതിഹാസമാകുന്നു
പ്ളേറ്റോ, അരിസ്റ്റോട്ടിൽ
ചാണക്യൻ, ആഡംസ്മിത്ത്
റോബിൻസൺ, മാർക്സ്
മാർഷൽ തുടങ്ങി 82...85 മുറികളിൽ
ഒരു മണിക്കൂറിന്റെ ദൈർഘ്യത്തിൽ
പൊട്ടിപ്പോയ തിയറികളുടെ
പ്രേതമണവും, അവയ്ക്കുമീതെ ആണിവച്ചു
യർക്കുന്ന പുതിയ നിർവ്വചനങ്ങൾക്കും
അവയെ ഇടയിൽ ഒരു സർജനെപ്പോലെ
വെട്ടിക്കീറി ചീഞ്ഞതുതന്നെ എന്നുപറഞ്ഞ്
ഡിഗ്രി എന്ന സ്വർണ്ണപ്പാത്രത്തിനു കാത്തിരിക്കുന്ന



ഈ കേമൻമാർക്ക് വിളമ്പുന്നു തൂശനിലയിൽ
കോരൻ മെല്ലെ മേലോട്ടുനോക്കി
തൂശനിലയിലെ ചാണക്യൻെറ ചീയാത്ത
ആമാശയത്തിൽക്കിടന്ന് ദഹിക്കപ്പെട്ട
ആഹാരങ്ങളുടെ സ്വാദു രുചിച്ചു.
രാജ്യതന്ത്രത്തിൻെറ നൂലാമാലകളിൽ
കന്നുകാലിവളർത്തലും, കൃഷിയും നടത്തിയ
ചാണക്യൻെറ അർത്ഥശാസ്ത്രത്തിൽ
മുന്നേപോയ ശുക്രനേക്കാൾ മികവുകാണാൻ
ചില ചരിത്രാന്വേഷികൾക്കു കഴിഞ്ഞെങ്കിലും
എക്കണോമിക്സിലെ, തീറ്റഭ്രാന്തൻമാർ
ചൂടാക്കിയ പഴയ മാംസം
കയ്യിട്ടുവാരിത്തിന്നു തീർത്തു.

ചരിത്രത്തിലും, ധനതത്വങ്ങളിലും
എവിടെയാണ് മൂന്നാംലോകവും
പുത്തൻ കൊളോണിയലിസവും പറഞ്ഞത്.
അറിയില്ല!
മുഗൾരാജാവിനെക്കുറിച്ചുപറഞ്ഞവൾ
ഒരിക്കലും, കൈപത്തികൾ നഷ്ടപ്പെട്ട
മാർബിൾപണിക്കാരെക്കുറിച്ച് പറഞ്ഞുതന്നില്ല.
സാമ്പത്തിക പരിഷ്ക്കാരങ്ങൾക്ക്
തലവനാകുന്ന തലമൂത്ത അക്കാഡമിഷ്യനെ
കൂട്ടുപിടിച്ചവർ എല്ലാം ശാസ്ത്രീയം
എന്നുപറഞ്ഞ് ഒഴിയാൻ ശ്രമിക്കുന്നതും
എങ്ങും കണ്ടു.
അറിയില്ല
കയ്പുള്ള ഈ ദ്രാവകം എന്തിനിങ്ങനെ
തേൻപോലെ ചുവപ്പിച്ചു.
പട്ടിലും പൊന്നിലും പൊതിഞ്ഞ്
കയ്യിൽ വേദപാഠങ്ങളും പിടിച്ച്
അവനലയുന്നു നമുക്കിടയിൽ
ചെവിയോർത്താൽ നിനക്കും കേൾക്കാം
ആ കുശുകുശുപ്പ്. നീയും ഞാനും
തമ്മിലറിയാത്തവരാകാൻ അവൻ ഇന്നും
ഇവിടെ നടക്കുന്നു.

ഇത് ഒരു പ്രണയത്തിൻെറ ശീല്
അവസാനമില്ലാത്ത തിരകളുടെ പാട്ട്
തെങ്ങോലകളുടെ മഞ്ഞ വെളിച്ചത്തിൽ

നിന്ന് നിനക്കൊരു മുത്തുമാല
വെളുത്ത പൂവുകൾ ഇളകിയാടുന്ന
കാറ്റിന്റെ കൈകളിൽനിന്ന് നിനക്കൊരു സാന്ത്വനം
കായൽക്കരയിലെ സിമന്റു ബെഞ്ചുകളിലെ
ഏകാന്തതയിൽനിന്ന്
അന്യവൽക്കരിക്കപ്പെട്ടവരുടെ
ഹൃദയത്തിൽവീണ ഒരു മഞ്ഞുകണത്തിന്റെ ചൂട്

ഇവിടെ എല്ലാം
ചതുരക്കളങ്ങളിലൊരുക്കിയ പൂക്കളങ്ങൾപോലെ
അളവും ആഴവും അക്കങ്ങളിലൊതുക്കി
കണ്ണിനും, കണ്ണീരിനും
കൂട്ടിയാലും കിഴിച്ചാലും ഒരുത്തരം
എല്ലാം കണക്കിലെ കളികൾ

സംഘഗാനങ്ങളിൽനിന്നും
ഈ വരാന്തയിലെ നിഴലും വെളിച്ചവും വീണ
പകലുകളിൽനിന്നും
പറഞ്ഞുതീരാത്ത
കഥകളിലേയും കഥയില്ലായ്മകളേയും
ചുവന്ന പൂക്കൾ

ബാക്കിയാവുന്ന അപൂർണ്ണതയിലേക്ക്
ദാസിന്റെ പിൻകുറിപ്പ്

സീൻ 1
മാഹി- പശ്ചാത്തലത്തിൽ കടലിൽ താഴുന്ന സൂര്യൻ
കരയെ കാർന്നു തിന്നുന്ന തിരകളെണ്ണി ജീവിതത്തിന്റെ
ഗതിവിഗതികളറിയാത്ത അഞ്ചുപേർ പതഞ്ഞു
പൊങ്ങുന്ന ബിയറിന്റെ കരുത്ത് സിരാപടലങ്ങളെ തടി
ച്ചുമർത്തുന്നു. അലമുറയിടുന്ന കടൽക്കാറ്റ് മഴവില്ലിന്റെ
അറ്റത്തുനിന്നും ഒരു കഷണം ഒടിഞ്ഞു താഴെവീഴുന്നു.
മുക്കുവബാലൻ സമീപത്തുണ്ട്. അവനു വേണ്ടതു കാലി
യായ മദ്യക്കുപ്പി. തിരികെ നടക്കുമ്പോൾ കാലിൽ പുണ്ട
മണ്ണിന്റെ രോമാഞ്ചം ഹൃദയത്തിലേക്കാവാഹിച്ചു ദൂരെ
യുള്ള തെവാരകോളേജിനെ കിനാവുകണ്ടവർ.

രാത്രിവണ്ടിയിൽ മാഹിയോട് യാത്ര പറയുമ്പോൾ ഇനി
യൊരിക്കലും പുനഃസമാഗമമുണ്ടാവല്ലേ എന്നാരെന്നാ
ചിന്തിച്ചത്?

സീൻ 2
കോളേജ് പ്രിൻസിപ്പളച്ചന്റെ മുറി
കാഴ്ചക്കാരായി അഞ്ചല്ല, അതിലധികം ആളുകൾ
അച്ചന്റെ തിരുവായ്മൊഴി "സംശോകൻ, ബെജി,
ഷിബു, ഗോപൻ, ബിജു, ജോജോ, വിശ്വസാഹിത്യ
കാരൻ മോഹൻദാസ്, നാണംമില്ലല്ലോടാ നിനക്കൊക്കെ"
"...... അതുപിന്നെ അച്ചോ..."
"എടാ നിന്നെക്കാളും വിവരമുള്ളവരാ നിന്നെയൊക്കെ
പഠിപ്പിക്കാൻ വരുന്നത് അറിയ്യോ"?
"കഴിട്ടങ്ങിനെ തോന്നുന്നില്ല അച്ചോ. എം.ഫിലും, പി.എ
ച്ച്.ഡി.യുമൊന്നും അദ്ധ്യാപകനാകാനുള്ള മാനദണ്ഡമ
ല്ലച്ചോ. Teaching is an art not meant for ............പുറി
പ്പിച്ചാ കുഴപ്പമാ"
അവസാനത്തവന്റെ തിരുമൊഴി
"നന്നാവില്ല മക്കളേ"
"ഇല്ലച്ചോ അതു ഞങ്ങക്കുമറിയാം".

സീൻ 3
പോർട്ടിക്കോ സമയം 1.20 pm
സമയത്തെപിടിച്ച് ചില്ലുകൂട്ടിലാക്കാൻ ശ്രമിച്ചവരുടെ
ഗാഥ ഇവിടെ മയങ്ങുന്നു. കടലാസു പൂവിന്റെ വിളറി
യ നിറം. വിറകൊള്ളുന്ന ചിരി. പിന്നെ പരസ്പരം നെടു
നിശ്വാസമുതിർത്ത് കാൻറീനിലേക്കു മടങ്ങി.
സീൻ 4

സെയിം ലൊക്കേഷൻ
നിറയെ കുട്ടികൾ. പരസ്പരമറിയാത്ത ഭാഷയിൽ കലമ്പൽ
കൂട്ടുന്നു. പെട്ടെന്ന് കാതടപ്പിക്കുന്ന ദാസിന്റെ സ്വരം
ഓ! ഇലക്ഷനാണല്ലോ. പെൺകുട്ടിയുടെ നിഴൽ പറ്റി
വോട്ടു ചോദിച്ചതിന് മറുപക്ഷത്തുനിന്നും ഭീഷണി.
ആത്യന്തികവിജയം തെരുവോരത്തെ നായ്ക്കൾക്ക്
മഴവില്ലു നനച്ചു. വില്ലീസുചുറ്റിയ പെൺകുട്ടി നിനക്ക്
എന്റെ ഹൃദയത്തിലെ മഞ്ചാടിമണിമാല.

ഭാഷമാറിയപ്പോൾ സംസ്കാരം നശിച്ചതും, പ്രേമവും രാഷ്ട്രീയവും മിത്തായി തീർന്നതും, വരും കാലങ്ങളിൽ കോളേജങ്കണങ്ങളിൽ പാണർ പാടി നടക്കുമായിരിക്കും.

സീൻ 5

അന്വേഷണം - നവംബറിനെ തേടി

മഞ്ഞുതിരുന്ന ആദ്യ നാളുകൾ കൊടൈയുടെ താഴ്വാരത്തിലെ ഏകാന്തഭംഗികളായിരുന്നു. പില്ലർ റോക്കിന്റെ തുമ്പറ്റത്ത് സ്വർഗ്ഗ സ്പർശം. നിരന്തരമായ സംവേദനം കൊണ്ട് സ്വർഗ്ഗലോകം ഭൂമിയിലേക്കിറങ്ങിയിരിക്കുന്നു. മഞ്ഞു കൊഴിയുന്ന നവംബർ എന്നും വേദനയോടെ വരും, പോവും. അഗ്നിയെ ആവിഷ്കരിക്കാൻ വാക്കുകൾക്കാവാതെ വരുമ്പോൾ നമുക്കിടയിൽ ഒരു ശവപ്പറമ്പ് പിറവികൊള്ളുന്നു. മൗനത്തിന്റെ ശവപ്പറമ്പ്. നേത്രപടലം കുത്തിത്തുറന്ന് കാഴ്ചകൾ കരടായി മറയുമ്പോൾ നമുക്ക് പരസ്പരം അറിയാൻ ശ്രമിക്കാം. മതചിഹ്നങ്ങൾ ഉൾക്കൊള്ളുന്ന പേരുകളിൽ നിന്നും നിന്റെ പേര് വേറിട്ടു നിൽക്കുന്നു. മതാതിരുകൾക്കപ്പുറത്തേക്കു നീളുന്ന സ്നേഹമാണ് നീ.

സീൻ 6

ഫെബ്രുവരി

മാർച്ചിന്റെ ഹൃദയ കാഠിന്യം കൂടുതലായതിനാലായിരിക്കണം, അത് പിരിഞ്ഞു പോകുന്നവർക്കായി നീക്കിവെച്ചത്.

അവസാനത്തെ ലഞ്ച്. എല്ലാവരുമൊന്നിച്ച്.

ഓ! അദ്ധ്യാപകരില്ലല്ലോ. ആർക്കുവേണം? നമ്മുടെ പട്ടികയിൽ അവർക്കെവിടെ സ്ഥാനം?

ഒത്തിരി നേടിയ ഒത്തിരി സമ്പത്തിന്റെ ഓർമകൾ മാത്രം. മിഴിനനഞ്ഞ് യാത്രപറഞ്ഞിറങ്ങുമ്പോൾ ഹൃദയപിന്നാമ്പുറങ്ങളിൽ ശവകച്ചകൊട്ടി രൂപങ്ങളാടുന്നു. സ്റ്റഡീലീവിന്റെ ചെലവിൽ സൗജന്യ ഉച്ചയുറക്കം. തുറന്നുവെച്ച ഗ്രന്ഥാക്ഷരപുസ്തകത്തിൽ വേതാളം. ജാലകത്തിനു മപ്പുറം വേനൽമഴ കടിച്ചലറുന്നു. ആടുന്ന കലണ്ടറിൽ അക്കങ്ങൾ കുറയുന്നു.

ഭയത്തെ പ്രസവിക്കുന്ന രാത്രി, എന്റെ കിനാവുകളിൽ തേവര കോളേജ് മിനിഓഡിറ്റോറിയം, കുട്ടികൾ. ചുട്ടു പൊള്ളുന്ന, മേടമാസരാവിൽ ഒരിക്കലും ദഹിക്കാത്ത പുതിയ ശാസ്ത്ര സത്യങ്ങളുടെ അരങ്ങേറ്റം. പരീക്ഷയ്ക്ക് ഛർദ്ദിക്കാനായി കരുതിവെച്ചതെല്ലാം ചോർന്നുപോയിരിക്കുന്നു. തലേന്നുകണ്ട ഭീകര സ്വപ്നത്തിലെവിടെയോ, ജാലക വാതിലിനുമപ്പുറം മുഖമൊളിപ്പിച്ച് ചിരിച്ചു കാണിക്കുന്ന പെൺകുട്ടി - പ്രേമത്തിനിനിയും സ്ഥാനമുണ്ടോ?

ഈ വേനലിന്റെ കാഠിന്യത്തിൽ നാം നമുക്കുതന്നെ നഷ്ടമായിരിക്കുന്നു. കാലത്തിന്റെ ആസുര ബിരുദധാരിയായ തൊഴിൽ രഹിതന്റെ നിർവ്വികാരത. യന്ത്രച്ചക്രങ്ങളിൽ നിന്നുയരുന്ന താളത്തിനൊത്ത് ഹൃദയചലനവും മാറ്റേണ്ടിയിരിക്കുന്നു.

പ്രിയ എസ്.എച്ച് നാം പരസ്പരം അറിയാത്ത വരായിരിക്കുന്നു. നിന്റെ മാറിൽ പദമൂന്നിയാടി രുദ്രവീണമീട്ടിയ അവയവങ്ങൾക്ക് തളർച്ചയും പതർച്ചയും. അവസാനത്തെ പദമാകാൻ മൂകത മാത്രം. മൗനത്തിന്റെ കൊക്കൂൺ പൊട്ടിച്ചു പുറത്തു വരുന്ന ചിത്രശലഭത്തെ കിനാവുകാണാം. കിനാവുകൾ കൈപിടിച്ചെങ്ങോ നയിക്കുന്നു. അനന്തതയിലേക്ക്, അനാദി വിദൂരതയിലേക്ക്. കഴുകച്ചിറകിലേറി നമുക്കൊന്നിച്ചു പറക്കാം.

പ്രിയ എസ്. എച്ച് നീവരുമെന്നോ? നമുക്കൊരുമിച്ച് നടക്കാം. കാവേരി തീരത്ത് കഥയുറങ്ങുന്നുണ്ട്. തിരകളുടെ അനുസ്യൂതമായ താളം കേട്ടു മരവിച്ച തീരം, നമ്മുടെ മുറിവേറ്റ പാദങ്ങൾ കൊണ്ട് ഉണരട്ടെ. ഗുരുപ്രസാദമേല്ക്കാൻ കാത്തു നില്ക്കണ്ട. മുന്നിലെ സാളഗ്രാമം കവച്ചുവച്ചോളൂ. നമുക്കൊരുമിച്ചു നടക്കാം.

***അശോകൻ***

***III എക്കണോമിക്സ്***

# One September Morn........

The alarm promptly woke me up. The sun was rising and the day was beginning. I rubbed my eyes and I was glad to feel the first rays on my face as was my routine. I listened for the usual morning chorus of the winged tribe. Yes, I could hear them thanking the omni potent for the fresh day. But strangely their meody sounded strained. I wondered what was wrong with them, but before I could nurse on that, the fluttering calendar caught my eyes and september 3rd stared back at me. The realization was quick and an uneasiness gripped my spine. The chill traveled to the decoders in my grey cells and I got the message. The dryads of the tree were their normal self, it was me whom cheer evaded.

Since escape was virtually impossible, I collected my wits and with effort prepared myself for my tryst with desting. Time moved painfully slow, but once I crossed the golden gates a thousand comets swished through my head. The Guardian angles at the gate looked fear some with the ancient daggers on their sides. A huge question mark flashed on my minds screen I was in doubt -should I proceed? I was'nt sure why the papers moved in my hands- was it the gentle breeze or my shivering hands. Some how the ebony path between the green lawn and the court looked inviting But the beauty and the vibrant colours of the nodding

flowers around was lost on me. The stock part in me was prompting me to go ahead. And I made the fateful decesion. But once again to assure myself, I looked upto the heavens and a miracle happened. I was immediately comforted-the outstretched hands of the almighty smoothed my frayed nerve ends. And that vision provided all the courage I needed-I was ready for the worst.

For a moment I stopped in the Portico, multitude of faces passed by. I was oblivious of the thunderous confusion arond me.I was only aware of the intense-tom-toming of my heart. I crossed the portico and my unsteady feet took me to a flight of stairs leading to some alien region. I found myself mechanically moving to the bottom step, I wanted to escape the milling crowd downstairs. I lifted my leg, hesitated and made sure it was my right leg. I vaguely felt the sole of my right shoe meeting the cemented surface.

The sudden violent nudge on my shoulder ignited a million dynamites in my brain. For a wild second, I thought I was finished.But fortunately my blurred eyes cleared, the explosions in my brain subsided and my head jurned involuntarily on my shoulders, ignoring the warning signals that flashed in the recens of my heart. And I was emmensely relieved to find a grinning face instead of what I had pictured in my mind (a huge whiskered face with glaring eyes ready to tear me to pieces for some irreversible crime I had committed ) My eyes followed the hand which pointed at something above my head and the wpord 'Boys'glared back at me as if childing me for my carelessness with uncomprehending eyes I stupidly looked back at the cheerful face. So once more the hand like a weather cock moved almost 180 and another board came into my view- the word 'GIRLS' looked back at me with an understanding look. I was reminceded that was a female. And before I could express my gratitude, the helpful nymph had disappeared among the innumarable faces.

Neverthless that ray of sunshine added to my confidence and I climbed the steps with more optimism. And within seconds I reached my destination, thankfully without any further hindrances. I took my place in the queue that was gradually growing longer. I clutched my papers fightly to my side as the line of aspirants moved forward like pilgrims on their way to a holy shrine. Slowly I regained my confidence. A bell rang and my name was announced. I fixed a bright smile and a ready greeting on my lips. I briskly pushed open the door and stepped into the room- the nerve centre. He looked dignified behind the vast expanse of his table, almost like an arbitrary ruler with an iron hand and a loving heart(holefully). He gazed at the casually, but I felt like an open book ( I still am sure that he had read my thoughts clearly). He remained still for a moment and I felt my heart go numb. My lifeless hand placed whatever I had with me before him. He raffled the pista coloured papers and once again I was in that vaccum of uncertainity. But the spreading smile in his eyes bestowed a second life on me. Instaintly I became a part of the temple of knowledge which was the heven of almost fifty genereations before me, and will remain so for a million years to come.

I will cherish the memory of that life- giving smile on my PRINCIPAL'S countenance on that (might have been) dooms day - MY INERVIEW DAY !!

*ANITHA ZACHARIAH*
*IInd M.A. English*

# THE FEMALE CHILD

That day there was, in my family-joy,
Nearly after a year, was it true boy!
My dad disclosed "Mother is expecting"
Papa, Granny, Granpa, Uncle, Aunty
Expected a male
Hearing it I went pale.

To all, Granny exclaimed "This time it is sure to be a boy"
Papa brought a beautiful toy.
An aeroplane
Mother's heart Sank seeing it.
"what if it's a girl"

Months passed, Mother was growing fat.
All giving papa a pat
Asking "Have you thought of a name for your boy"
we three sisters too wished for a brother
To save from the insults that would be thrown at mother

The days kept nearing
Mother's tension increasing
Granny, busy pleasing gods and sanyasins
Who assured her of a male child

The time arrived, Mother was in pain
we hoped our prayer won't be in vain

A cry was heard
We sisters feared
To hear the news

A sricking noise suddenly filled the house
Followed by silence
Which was suffocating

Tired by waiting for the news
Ventured to ask Granny
"Alas! The baby was born dead"
Wailed Granny
We couldn't believe it
" I swear I heard a baby cry"
"Shutup or your fate will be the same"
Wailed Granny

NAMRATA K. KHONA
III BA Sociology

# A day at the movies

"Let's go for a film", she said. "Why not?", I thought, "afterall the financial sphere was sound and it has been quite a long time since we last went for a film". So I decided to be complacent and agreed to what seemed to be a pleasant proposition.

But..luck had decreed otherwise. The way things happen, you see, it had to be on that very same day that all the movie houses in town chose to be housefull!. We rushed from one theatre to another; but there was not a single ticket to be had for love or money.

I don't know who said that 'despair has it's own calms but I was perhaps starting to feel some of those calms when she pointed to a theatre and cried, "Look! That one is not full!".

Conference- A group of people who can do nothing individually but meet collectively to decide that nothing can be done

VINAY CHERIAN
I PDC (242)

*With Best Compliments From :*

# COCHIN REFINERIES LIMITED

**Registered Office : Post Bag. No.2,**
**Ambalamugal - 682 302**
**Ernakulam District, Kerala (India)**

*Phone : Cochin 877 261 Telex : 0885-6214*
*Cable : COCHREFINE, Cochin.*

*With Best Compliments From :*

LACHMAN
DAS & CO

ERNAKULAM

*With Best Compliments From :*

Kwality
ICE CREAM

***Attention L P G Consumers !!!***

*You can get a* **NEW** *Gas Stove with Ist mark for an* **OLD** *Gas Stove*

Gas Stove Spare Parts, Gas Stove Repairing & Painting. Foreign Gas Stove Repairing
Mixie Repairing. Iron Box Repairing. Pressure Cooker Repairing

***Door Delivery Facility available***

Contact :

**M/s.BINS SUPERTECH**

John Buildings, Kadavanthra, Kochi - 20, Phone 315179

*With Best Wishes From*

# INDIAN POTASH LIMITED

*Regional Office*

**"KADAVIL COURT"**

**Pulleppaday Cross Road,**

**Ernakulam,**

**Cochin - 682 018**

Telephone Nos.: 354 435, 361 883

Telex No. : 0885 6668 IPL IN

*A Dream with Creams*

## Kwality

**DISTRIBUTORS**

XL / 7165

Pullepady Junction, Cochin 682 035

*Contact for Party Orders*

*Phone : 360458, 366864*

*With Best Compliments From :*

## *A Well Wisher*

**SONAL BOUTIQUE**

*With Best Compliments From :*

**KODAK Express**

*Quality monitoring service*

Shenoy's Junction, MG Road,
Ernakulam.

*With Best Compliments From :*

**VANITHA JEWELLERY**

Broadway, Ernakulam, Cochin - 682 031
Ph. 360 966, 363 277

MG Road, Near Shenoy's Theatre
Ernakulam, Cochin - 682 035
Tel. 363 255, 368 369.

*Owing the best is no more a tough task*

**KINETIC HONDA**

*You deserve the best*
offers Finance at only
**9.9%** rate of interest.
or
**DOWN PAYMENT SCHEME**
* Spot Delivery * Simplified documentaton *
Flexible Repayment Schedule

***Please contact***
**PAINUMMOOTIL MOTORS**
Manorama Junction, Ernakulam
Tel. 317 697,317 769

*With Best Compliments From :*

**BEST BAKERS**

Kacherippadi, Ph. 362 709
Padma Jn., Ph. 351 597
Kaloor, Ph.347 607

**THE OVEN**

Shanmugham Road, Ph. 362 957

**SONAL BOUTIQUE**

SONAL BOUTIQUE

*With Best Compliments From :*

# EXIDE

**AUTO BATTERY CENTRE**

(AUTHORISED SERVICE DEALER)

Chittoor Road. Pulleppady Junction, Cochin 682 035
Tel : 369 172

We deal in Exide Automobile Batteries, Exide Tubular/Stationery Batteries, Dry type Maintenance free Rechargeable Batteries, Battery Chargers, Battery Testing Equipments and Invertors.

*With Best Compliments From :*

# SUPER BAKERS

THEVARA, KOCHI 682 015

*With Best Compliments From :*

# HOTEL PANCHAMI

THEVARA JN., KOCHI 682 015

SONAL BOUTIQUE


ഏക സന്തതിയെ കാണാത്തതിലുള്ള
ദുഃഖവുമായി ഒരമ്മ
ഏക പുത്രന്റെ ദുര്യോഗത്തിൽ
സമനില തെറ്റിയ ഒരു പിതാവ്
ഇന്ത്യൻ സിനിമയിൽ ആദ്യമായി ഒരു കാർട്ടൂൺ
കഥാപാത്രം നിങ്ങളുടെ ഇഷ്ടതാരങ്ങളോടൊപ്പം!
Sponsored by FABY KIDS CLUB

SONAL BOUTIQUE





SONAL BOUTIQUE

SONAL BOUTIQUE





SONAL BOUTIQUE

SONAL BOUTIQUE




"നിന്റെ കണ്ണുകൾ ഇന്നും അതുതന്നെ മരുഭൂമിപോലെ വിശാലമായി..." ലക്ഷ്മൺ സിങ് കാണുന്നത് വർഷങ്ങൾക്കുമുമ്പ് കണ്ട സന്നിച്ചെരി (Sanichari)യെത്തന്നെ. ജനനത്തിനു \മുമ്പ് മരിച്ചുപോയ അച്ഛനേയോ, തെരുവുനാടകക്കാരുടെ കൂടെപ്പോയ അമ്മയേയോ ഓർത്ത് ഒരിക്കൽ പോലും കരയാത്ത സന്നിച്ചെരി മദ്യപാനിയായ ഭർത്താവിന്റെ കൂടെയുള്ള വരണ്ട ജീവിതത്തിലോ അയാളുടെ ആകസ്മിക മരണത്തിലോ, കരയാതിരുന്ന സന്നിച്ചെരി. അവളുടെ മകനെ കാണാതായപ്പോഴും അവൾ കരഞ്ഞില്ല. മരുഭൂമിയെപ്പോലെ അവളിലെ കണ്ണീരിന്റെ ഉറവ വറ്റിപ്പോയിരുന്നു.

രാജസ്ഥാനിലെ മരുഭൂമിയുടെ സൂക്ഷ്മമായ ഭാവപ്പകർച്ചകൾ ഹരിജൻ സ്ത്രീയായ സന്നിച്ചെരിയുടെ സവിശേഷ വ്യക്തിത്വവുമായി ഏറെ സാത്മ്യം പ്രാപിച്ചുകിടക്കുന്നു. പ്രണയമറ്റ ജീവിതത്തിന്റെ കഠിനതകൾ ഇച്ഛാശക്തികൊണ്ട് മറികടക്കുന്നതാണ് റുദാലിയിലെ സന്നിച്ചെരി. പണവും പാരിതോഷികങ്ങളും വാങ്ങി, വിലയുള്ളവർ മരിക്കുമ്പോൾ ആചാരക്കരച്ചിൽ നടത്തുന്നവളാണ് റുദാലി. സന്നിച്ചെരിയുടെ ഗ്രാമത്തിലെ ജമീന്ദാരായ അവതാർ സിങ്ങിന്റെ മരണത്തിൽ കരയാൻ കാലേകൂട്ടി വിളിച്ചിരിക്കുകയാണ് ബിഖ്നിയെന്ന റുദാലിയെ. ജമീന്ദാരുടെ ആയുസ്സിന് നീളമുള്ളതിനാൽ ബിഖ്നി സന്നിച്ചെരിയുടെ കുടിലിൽ തങ്ങിയിരിക്കുകയാണ്.

ആദ്യമായി മറ്റൊരാളുടെ ബിഖ്നിയുടെ മുന്നിൽ തന്റെ ആത്മാവിന്റെ മരുപ്രദേശം തുറന്നു വക്കുകയാണ് സന്നിച്ചെരി. അവതാർ സിങ്ങിന്റെ സഹോദരൻ ലക്ഷ്മൺ സിങ്ങിന്റെ നിർദ്ദേശപ്രകാരമാണ് സന്നിച്ചെരി ഹവേലിയിൽ വേലക്കാരിയായത്. മോഷ്ടിച്ചതിന് ജയിലിലടക്കപ്പെട്ട ഭർത്താവിന്റെ അസാന്നിധ്യത്തിൽ താമായി

SONAL BOUTIQUE

യജമാനരിച്ചത്, മരിച്ചു പോയ അച്ഛൻ, നാടകക്കാരുടെ ഒപ്പം ഓടിപ്പോയ അമ്മ, വിഷംകലർന്ന പ്രസാദം കഴിച്ചു മരിച്ച ഭർത്താവ്, വേശ്യയെ ഭാര്യയാക്കി സ്വീകരിച്ച മകൻ, സംഭവ ബഹുലമായ തന്റെ ജീവിതത്തിൽ അനുഭവിച്ച ഏകാന്തതയെക്കുറിച്ച് എല്ലാം അവർ ബിഖുനിയോട് പറയുന്നു.

ഒരിക്കൽ ലക്ഷ്മൺസിങ് അവളോടാവശ്യപ്പെട്ടത് ഭർത്താവിനേയും, കുട്ടിയേയും ഉപേക്ഷിച്ച് ഹവേലിയിൽ താമസമാക്കാനാണ്. പാപത്തെയും പുണ്യത്തെയും കുറിച്ചുള്ള അവളുടെ ലളിതധാരണകൾക്ക് ഇത് മുറിവേൽപ്പിച്ചെങ്കിലും ലക്ഷ്മൺ സിങ് തീരുമാനം സന്നിചെരിക്കു വിട്ടുകൊടുത്തു. ഹവേലിയിലെ ആഘോഷത്തിന് പാടിയതിന് സമ്മാനമായി കിട്ടിയ വീട്ടിൽ അവൾ താമസമാക്കിയതിനുശേഷം സന്നിചെരി അവിടുത്തെ ജോലിയും അവസാനിപ്പിച്ചു. എങ്കിലും ലക്ഷ്മൺ സിങ് അവളെ മനസ്സിലാക്കുകയായിരുന്നു.

സാവധാനം തന്നിൽ നിന്ന് അകന്നു പോകുന്ന തൃഷ്ണകളെ അവൾ കണ്ടു. അകത്ത് കാർമേഘം തിങ്ങി നിറഞ്ഞിരുന്നെങ്കിലും അവൾ ഒരിക്കലും കരഞ്ഞില്ല. ഭർത്താവിന്റെയും, പിതൃക്കളുടേയും ആത്മാവിന് ശാന്തിവരുത്തുവാൻ പൂജാരി ആവശ്യപ്പെട്ടതനുസരിച്ച് ജമീന്ദാറുടെ കയ്യിൽനിന്നു വാങ്ങിയ അമ്പതു രൂപയുടെ കടം തീർത്തത് പതിനഞ്ചുവർഷം അയാളുടെ തോട്ടത്തിൽ അടിമപ്പണിയെടുത്താണ്. പിന്നീട് ബധുവാ (മകൻ) ഒരു വേശ്യയെ കല്യാണം കഴിച്ച് വീട്ടിൽ താമസമാക്കുകയും ചെയ്തു. തള്ളിപ്പുറത്താക്കാൻ ശ്രമിച്ചെങ്കിലും ബധുവയുടെ കുട്ടിയെ പ്രതീക്ഷിച്ച് താമസിക്കാൻ അവന്റെ ഭാര്യയെ അനുവദിക്കുന്നു. പക്ഷേ കുഞ്ഞുണ്ടാകാതിരിക്കാൻ മറക്കാത്ത അവൾ ഗർഭം അലസിപ്പിച്ച് വീണ്ടും തെരുവിലേക്കുതന്നെ തിരിഞ്ഞു. ബധുവയും അപ്രത്യക്ഷനായി. എന്നിട്ടും സന്നിചെരി കരഞ്ഞില്ല. പക്ഷേ അവളുടെ കഥ കേട്ട ബിഖുനി കരഞ്ഞു. ഒരു തുള്ളി ഗ്ലിസറിൻ അവളുടെ കണ്ണിലിട്ടു. എന്നിട്ടും സന്നിചെരി കരഞ്ഞില്ല. എങ്കിലും ബിഖുനി ഇവളെ റുദാലിയാക്കണമെന്നു തന്നെയുറച്ചു. രാം അവതാർ സിങ് ഇനിയും മരിച്ചിട്ടില്ല. ചുറ്റും കൂടി നിൽക്കുന്നവരിൽ കാര്യസ്ഥൻ, വേലക്കാർ, ബന്ധുക്കൾ - ആരും തനിക്കുവേണ്ടി കരയില്ലെന്നയാൾക്കുറപ്പാണ്. ഗോദാനവും, ഗംഗാജലപാനവും കഴിഞ്ഞ അയാൾക്ക് കരയാനൊരാൾ വേണമെന്ന് നിർബന്ധം. ഇതിനിടയിൽ അവതാർസിങ്ങിന്റെ ബന്ധത്തിൽപ്പെട്ടതെങ്കിലും ശത്രുതയുള്ള കുടുംബത്തിലെ ഒരാൾ അന്തരിച്ചു. അവതാർ



സിങ്ങിനെ താഴ്ത്തിക്കെട്ടാൻ അവർ അയാൾ വിളിച്ചു വരുത്തിയ റുദാലിയെ സമീപിച്ചു.

അവിടുത്തെ കരച്ചിലിനു ശേഷം തിരിച്ചുവന്ന ബിഖുനി തന്റെ കഥ പറയാനാരംഭിച്ചു. അതിനിടയിൽ ഒരാൾവന്ന് ഭീഷ്മദാദയുടെ അത്യാസന്നനിലയെക്കുറിച്ച് ബിഖുനിയെ അറിയിച്ചു. പെട്ടന്ന് വരാമെന്നു പറഞ്ഞ ബിഖുനിയെ പിന്നെക്കണ്ടില്ല.

ലക്ഷ്മൺ സിങ് റാം അവതാർ സിങ്ങിന്റെ മരണശേഷം ഉള്ളതെല്ലാം വിറ്റു പോവുകയാണ്. അതിനുമുമ്പ് സന്നിചെരി അയാളുമായി സംസാരിക്കുന്നു. മരുഭൂമിയുടെ ആത്മാവിനെ താനിന്നും സന്നിചെരിയുടെ കണ്ണുകളിൽ കാണുന്നെന്ന് അയാൾ സന്നിചെരിയോട് പറഞ്ഞു. ഇതിനിടയിൽ ബിഖുനിയുടെ മരണവാർത്ത സന്നിചെരിയെ അറിയിക്കുന്നു. വിഷം കഴിച്ചുമരിച്ച ബിഖുനിയുടെ പൊരുൾ അവളറിയുന്നു. പണ്ട് നാടകക്കാരുടെ കൂടെ ഒളിച്ചോടിയ തന്റെ അമ്മയായിരുന്നു ബിഖുനി എന്ന ബാവുളി.

അവസാനം റാം അവതാർ സിങ് മരിച്ചു. നിദ്രയിലെന്നവണ്ണം സന്നിചെരി ഹവേലിയിലേക്കു നടന്നു. ബന്ധത്തിന്റെ അവസാന കണ്ണിയും തന്നെ വിട്ടുപോയിരിക്കുന്നു. അവൾ തളർന്ന് കുഴഞ്ഞുവീഴുന്നത് ഭൂമിയുടെ ആഴത്തിലെ നിലവിളിയിലേക്കാണ്. സന്നിചെരി കര



യുന്നു. നീണ്ട വേനലിന്റെ അന്ത്യത്തിലെ വർഷപാതം പോലെ അവളും ഒരു റുദാലിയാവുന്നു.

മഹാശ്വേതാ ദേവിയുടെ പ്രശസ്തമായ കഥയുടെ ചലച്ചിത്രാവിഷ്കാരത്തിന്റെ സ്ഥൂലമായ വിവരണമാണിത്രയും. ഗുൽസാർ സൃഷ്ടിച്ച തിരക്കഥയും, സംഭാഷണവും കഥയെ മറ്റൊരു പരിപ്രേക്ഷ്യത്തിലാണ് വികസിപ്പിച്ചിരിക്കുന്നത്. സന്നിച്ചെരി (ഡിംപിൾ കപാഡിയ) എന്ന രാജസ്ഥാനി ഹരിജൻ സ്ത്രീയുടെ യൗവ്വനം മുതലുള്ള ജീവിതം, കഠിനവും, ചൂഷിതസ്വഭാവമുള്ള സാമൂഹ്യ പരിതസ്ഥിതിയിൽ നിന്നടർത്താതെയാണ് ചിത്രീകരിച്ചിട്ടുള്ളത്. പക്ഷെ വിശദമാക്കാൻ വ്യഗ്രതകാട്ടിയിട്ടുള്ളത് അവളുടെ ആന്തരിക ജീവിതവും. കൽപ്പനാ ലാജ്മി (സംവിധായിക) ഒരു സ്ത്രീയായതിനാൽ ഈ ആന്തരിക ജീവിതാവിഷ്കാരത്തിന് ഒരു പ്രത്യേകതയുണ്ട്. ചിരവിരഹിയായുള്ള മീരയുമായുള്ള സാദൃശ്യമാണ് സന്നിചെരിയുടെ പാത്രസൃഷ്ടിക്ക് വിഷയഗൗരവം നൽകുന്നത്. സന്നിചെരിയിലെ സ്ത്രീക്ക് പൂർണ്ണയാവേണ്ടത് മാതൃത്വത്തിലൂടെയല്ല, കൃഷ്ണന്റെ ശ്യാമവർണത്തിൽ ലയിച്ചിട്ടാണ്. ഈ സാക്ഷാൽക്കാരത്തിന്റെ വിശ്വാസം നേരിടുന്ന ദുരന്തങ്ങളും വിപര്യയങ്ങളുമാണ് സിനിമയിൽ പ്രതിപാദിച്ചിരിക്കുന്നത്.

താനെതാന ായ ഭർത്താവിൽനിന്നും ലക്ഷ്മണ്‍സിങ്ങിന്റെ ......പുരത്തിലേക്കുള്ള ദൂരം സന്നിചെരിക്കറിയാം. ...നുശേഷം ഹവേലിയിൽ ഒരിക്കൽപോലും അവ... പോയിട്ടില്ലെന്ന് ബിഖുനി പറഞ്ഞപ്പോൾ സന്നിചെരി ...ദ്ഭുതപ്പെട്ടു. അവളുടെ മനസറിഞ്ഞ ബിഖുനി പറ...ന്നതിതാണ്. "സന്നിചെരി നീ റുദാലിയാകണം. ഞാൻ കരയുന്നത് എന്നെ അടിച്ചമർത്തിയ ജമീന്ദാർക്കുവേണ്ടിയല്ല. എനിക്കുവേണ്ടിയാണ്. കാരണം അപ്പോഴാണ് ...ാൻ എന്നെ അറിയുന്നത്." ജീവിതം നനഞ്ഞിറങ്ങുന്ന ...രു കരച്ചിൽ പോലുമാവാതെ അത്രയെങ്കിലും ...ണമെന്നു പറഞ്ഞ ബിഖുനി മീരയുടെ എതിർരേഖയി...ാണ് സഞ്ചരിക്കുന്നത്. ഈ ആശയത്തെ സ്ഥിരീകരിക്കുന്നത് 'റുദാലി'യിലെ മനോഹരമായ ഗാനങ്ങളാണ് റുദാലിയുടെ അന്തഃസത്ത വെളിവാക്കുന്നതാണ് ഈ ഗാനരീ. എന്തെങ്കിലും അടുത്ത നിമിഷത്തിൽ സംഭവിക്കും എന്നു കരുതി കാത്തോർത്തിരുന്ന് നഷ്ടപ്പെട്ട ആയുസാണ്, ജീവിതമെന്ന കണ്ടെത്തലിനു നേരെയുള്ള പുച്ഛം ക...ർന്ന പരിഹാസമാണ് റുദാലിയുടെ കരച്ചിൽ. ആ അർത്ഥത്തിൽ പുരുഷാധിപത്യത്തിന്റെ സംവേദനശേഷി (Sensibility) എത്രമാത്രം പാപ്പരാണെന്ന കണ്ടെത്തലിലെത്തുന്നു കൽപനാ ലാജ് മി.

കറുപ്പും വെളുപ്പും കളങ്ങളിൽ മരണവിലാപം നടത്തുന്ന റുദാലികളെ ആദ്യവും അവസാനവും അവതരിപ്പിച്ച് പ്രമേയത്തിന്റെ കാലാതിവർത്തിയായ സാന്നിധ്യം ലാജ്മി അറിയിക്കുന്നു. ഗാനങ്ങൾ എഴുതിയതും സംഗീതം നൽകിയതും ഫാൽക്കേ അവാർഡ് നേടിയ ഭൂപെൻ ഹസാരികയാണ്. ഹിന്ദിയിലേക്ക് തർജ്ജിമ ചെയ്ത ഗുൽസാറും സന്തോഷ് ശിവന്റെയും, ധറംഗുലാത്തിയുടേയും ക്യാമറ ലാജ്മിയുടെ .കണ്ടെത്തലിനെ എത്രമാത്രം ഉൾക്കൊണ്ടുവെന്ന് പറയുക വിഷമം. ഇനി പറയേണ്ടത് ഡിംപിളിന്റെ അവിസ്മരണീയമായ പ്രകടനത്തെക്കുറിച്ചാണ്. കാമ്പുള്ള നടിയെന്ന നിലയിൽ ഡിംപിൾ 'ബോളിവുഡിലെ മയക്കത്തിൽനിന്ന് മണികൗളിന്റെ 'ദൃഷ്ടി'യിലൂടെയും ഇപ്പോൾ ലാജ്മിയുടെ റുദാലിയിലൂടെയും ഉയർന്നിരിക്കുന്നു. രാഖിയും ഡിംപിളും ആത്മാവിന്റെ ആവരണങ്ങൾ അഴിക്കുന്നതിനിടയിൽ ലീവ് ഉൾമാനും (Live Ullman), ബർഗ്മാനും ചേർന്ന് കാഴ്ചവെച്ച അസംഖ്യം അവിസ്മരണീയ രംഗങ്ങളിലൊന്ന് ഓർമ്മവരുന്നത് വെറുതെയാവില്ല.

# എൻെറ ശലഭം

ഏകാന്ത തടവറയിൽ ബന്ധിച്ച എൻ-
ശലഭമെ നിൻ വർണ്ണ ചിറകുകൾ
എൻ മോഹത്തിനു രൂപമേകി
എൻ സ്വപ്നത്തിനു നിറമേകി.

മനം നിറയെ അവ്യക്ത ചിത്രത്തിൽ
നിൻ രൂപം നിൻ ഭാവം എൻ-
സ്മൃതികളിലുണർന്നു രാഗമായ്
താളമായ് സപ്ത സ്വരങ്ങളായ്

ദുഃഖത്തിൻ മറപറ്റി നീങ്ങിയ നിന്നുടെ
പുഞ്ചിരി തൂകിയ വദനം കാണുവാൻ
ആശയോടെ നിൻ ദുഃഖത്തിലമർന്ന-
പ്പോഴും കണ്ണുനീർ തുളുമ്പിയതറിഞ്ഞില്ല.

തിരുവാതിര നാളിൽ പ്രകാശമേറിയ നിൻ
നയനങ്ങൾക്കു വർണ്ണ പീലിതൻ നിറ-
മേകിയോ, താരകത്തിൻ പ്രഭ ചോരിഞ്ഞുവോ
എന്നിട്ടുമാ മനത്തിൽ ദുഃഖത്തിൻ കരി നിഴൽ
വീണുവോ?

നിശബ്ദമായ ഈ രാത്രിയിലാരുടെയോ
നിഴൽപാടുകളിൽ ഞാന്നു കിടക്കുന്ന
വിധിയുടെ കുരുക്കു കയർ നീളുന്നോയെന്നു
പരതിയ എൻ ശലഭമെ നിന്നെ ഞാൻ തേടുന്നു.

പൂജിക്കും നിവേദ്യം നിന്നിൽ
പ്രതിഷ്ഠ ചെയ്തത് എൻ മനത്തിൽ
തുളസിക്കതിർകൊണ്ടു ഞാൻ പൂജിച്ച്
നിർമ്മാല്യം തൊഴുതു ചുറ്റമ്പലത്തിൽ

പ്രകാശിച്ചു കൽവിളക്കുകൾ ശംഖു-
നാദത്തിൻ ധ്വനിയുണർന്നു താളം-
പിടിച്ചു വിരലുകൾ ഭക്തിയോടെ തൊഴുതു
നട തുറന്നു സ്നേഹത്താൽ
ജ്വലിച്ച നയനം ഞാൻ കണ്ടു.

പുഞ്ചിരിയോടെ കണ്ണുനീർ തുടച്ചെൻ
നെറ്റിയിൽ രാഗചന്ദനം തൊട്ടപ്പോഴും
അവ്യക്ത ചിത്രത്തിലൂടെ എൻ ഏകാന്ത
ശലഭമേ, നിൻ രൂപം ഞാൻ പരതുന്നു.

മൗനമേ.........വിട
പ്രതീക്ഷകളുണർത്തുന്ന പൊൻ പുലരിയിൽ
നിൻ കാലൊച്ച ഞാൻ കാതോർത്തു
എൻ മൗനത്തിനു വിട നല്കുവാൻ
മോഹം കൊണ്ട്\എൻ മനം സ്പന്ദിച്ചു
കേട്ടുവോ ആ ശബ്ദം കണ്ടുവോ ആ നിഴൽ
മിഴികളിൽനിന്നുതിർന്നു കണ്ണു
നീർ തുള്ളിയിൽ പ്രതിഫലിച്ചുവോ
വർണ്ണത്തോടെ ആ രൂപം?
ചായം തേച്ച പ്രതിബിംബത്തിൽ
വീണുവോ കരി നിഴൽ വീണ്ടും?
എന്തിനെന്നെ വിടാതെ പിൻതുടരുന്നു
ദുഃഖത്തിൻ സാഹല്യമണയാനോ?
സ്നേഹത്തിൻ നറുമലരുകൾ വിതറിയ
ആ പുഞ്ചിരി, എൻ മനം നിറയെ
മായാതെ, മറയാതെ തെളിഞ്ഞു ആ
വദനം, പനിനീർ പൂവിൻ ശോഭയോടെ
ചാലിച്ച നിറക്കൂട്ടിൽ മോഹത്തിൻ
രൂപമായ് സ്മൃതിയിലൊരു തെന്നലായ്
നിദ്രയിലേക്ക് വഴുതിയ എൻ മനം
തൊട്ടുണർത്തി സ്വപ്നസ്വരമാക്കിയതെന്തിന്?

*ജയരേഖ*
*രണ്ടാം വർഷ പ്രീഡിഗ്രി*
*IInd ഗ്രൂപ്പ്*

**SONAL BOUTIQUE**

# अजीब - ए - दुनिया

ये दुनिया वाले बहुत ही अजीब होते है।
कोई किसी की दोस्त न हबीब होते है।
औरों से दूर रहके खुद से करीब होते है।

हाथ पकडके धकेल देते है।
सामने रहके फरेब करते है।
ये दुनिया वाले बहुत ही अजीब होते है।

आइना से झूठ बोलते है।
खुदा से थे न डरते है।
ये दुनिया वाले बहुत ही अजीब होते है।

कदम उठाके ही यो लोग सोचते है।
जलदी चलके राह भूल जाते है।
ये दुनिया वाले बहुत ही अजीब होते है।

किसी को रुलाके खुद यो हसते है।
नज़र मिलाके ये खून पीते है।
ये दुनिया वाले बहुत ही अजीब होते है।

इनमे कई मसीहा भी होते है।
मसीहा मे की कातिल भी होते है।
ये दुनियावाले बहुत ही अजीब होते है।

मिटनी वाली अदा पे गुमाने परते है।
जन्नत कबर ले जाने को सोचते है।
ये दुनिया वाले बहुत ही अजीब होते है।

खुद माजरा बनके शिकवा करते है।
खुद खुन करके सबूत ढूँढते है।
ये दुनीया वाले बहुत ही अजीब होते है।

धरती को ये अपनी माँ कहते है।
और कहते कहते उसे नीलाम कर छोडते है।
ये दुनिया वाले बहुत ही अजीब होते है।

औरों की खुशी पे ये रोते है।
और उनकी धम पे ये हसते है।
ये दुनिया वाले बहुत ही अजीब होते है।

दिल को यो फूल का नाम देते है।
और अहिस्ता अहिस्ता दिल पत्थर का बना देते है।
ये दुनिया वाले बहुत ही अजीब होते।

इनमे कुछ पागल भी होते है।
और कुछ को पागल बना दिए जाते है।

ये दिनाया वाले बहुत ही अजीव होते है।

यहाँ सभी अपने लिए जीते है।
अपने हाथों में अपना नसीब देखते है।
ये दिनिया वाले बहुत ही अजिव होते।
दीवाना होके खज़ाना लूढते है।
चोर होके हुकूमत करते है।
ये दुनिया वाले बहुत ही अजीब होते हे।

सुलजाते यो खुद सुलज जाते है।
बहलाते ये खुद बहक जाते है।
यो दुनिया वाले बहुत ही अजीब होते है।

प्यार से ये सुवर भी पालते है।
और इनसान को दरवाज़ा दिखा देते है।
ये दुनाया वाले बहुत ही अजीब होते है।

जगडते बच्चों को डाँढ लेते है।
और अपस मे मार पीट करते है।
ये दुनिया वाले बहुत ही अजिब होते है।

पीते पीते साखी को पिला देते है।
बस्ते बस्ते खुद विखट जाते है।
ये दुनिया वाले वहुत ही अजीव होते है।

"एक ही खुदा ! ये दावा करते है।
और खुदा के नाम
ये दुनिया वाले बहुत ही अजीब होते है।

मिट्टी के होके मिटने से डरते है।
कत्ल भी करके जीना चाहते है।
ये दुनिया वाले बहुत ही अजीव होते है।

आखें खोलके ये सोते है।
ज़िन्दगी मरके ये जीते है।
यो दुनाया वाले बहुत ही अजीव होते है।

ये दुनीया वाले दीवाने होते है।
और खुद को अजीब कहते है।
ये दुनीया वाले वहुत ही अजीव होते है।

*फेमीना*
*II डी. सी. फीसीक्स*

# കാമ്പസിൻെറ പ്രതിബിംബങ്ങളിലൂടെ

പോർട്ടിക്കോ ആണ് കാമ്പസിൻെറ ഹൃദയം എന്നു പറയാം. വൃത്തങ്ങളും ചതുരങ്ങളുമെല്ലാം ഒരു ബിന്ദുവിലേക്കു ലോപിച്ച് തുടിപ്പും, സ്പന്ദവുമനുഭവിക്കുന്ന ഒരു വെള്ളിടിപോലെ ഇവിടെ നിന്ന് പലതും തുടങ്ങുകയും, അവസാനിക്കുകയും ചെയ്യുന്നു. ഒരു വിദ്യാർത്ഥിയുടെ ഹൃദയകോണുകളിൽ പ്രേമത്തിൻെറ ചെറുവിത്തുകൾ പാകാൻ വളക്കൂറുള്ള മണ്ണും ഈ ഹൃദയത്തട്ടുകളിൽ സുലഭം. പ്രയറുകഴിയുമ്പോൾ ഇവിടം ശൂന്യമാക്കാൻ ഓടിവരുന്ന അധ്യാപകരെയും കടന്ന്, മുകളിൽ കോൺക്രീറ്റു മച്ചും പിന്നിട്ട് ആകാശത്തിൻെറ കണ്ണിലേക്ക് വിരൽചൂണ്ടി പ്രതിഷേധത്തിൻെറ തിരയിളക്കമാണ്

x x x

പോർട്ടിക്കോയിൽനിന്നു ജീവൻ വാങ്ങുന്ന കക്ഷിഭേദമില്ലാത്ത ഒരു സംരംഭം പിന്നെ അത് ജീവൻ തിരിച്ചുനൽകാൻ വരുമ്പോൾ ഒരുപക്ഷേ കടമായ്ത്തന്നതിൻെറ കടപ്പാടു തീർക്കാനെന്നവണ്ണം, ഉയരെ ഉയരെ മുഷ്ടികൾ പായിച്ച് ഉറക്കെയുറക്കെപ്പറഞ്ഞ് വിടവാങ്ങുന്നിടംവരെയെത്തുന്നു. ഉച്ചയൂണും കഴിഞ്ഞ് ലിഷറവെഴ്സ് തള്ളിനീക്കാൻ ലൈബ്രറിയിൽക്കയറണമെന്ന ചട്ടം ലംഘിച്ച് എറെയും ഈ വൃത്തങ്ങൾക്കും ചതുരങ്ങൾക്കും സ്വന്തം നിഴലുകൾ നൽകി കാത്തുനിൽക്കുന്നു. (ഒരുപക്ഷേ തുറന്നു കിടക്കുന്ന ഫ്രാൻസിസ് സേൽസ് ലൈബ്രറിയിലെ പിന്നിലെ ഗ്രന്ഥങ്ങൾ പിന്നിട്ട് ജനലുകൾ വഴിയെത്തുന്ന സൂര്യവെളിച്ചം നുകരുവാൻ ഞാനിവിടെ നിൽക്കട്ടെ എന്നു പറയുന്നവരും കുറവല്ല) വോട്ടു പിടുത്തവും, ചാക്കിലാക്കലും എല്ലാം ഇവിടുത്തെത്തിരക്കിൽ നിഷ്പ്രയാസം സാദ്ധ്യമാവുമ്പോൾ തെന്നിപ്പോകുന്ന ഇരകളെ ചൂണ്ടി പായുന്നവർ കലാലയത്തിൻെറ ഹൃദയത്തെ തന്നിലേക്കാവാഹിക്കുകയാണ്. ജാസിൻെറ മാസ്മര താളവും, പ്രകടനങ്ങളുടെ ഉത്സുകതയും എല്ലാം ചേർന്നുള്ള ചുവന്ന തറയിൽ ചവുട്ടിനിൽക്കുന്ന നിൻെറ രക്തം എപ്പോഴും തിളക്കുകയും, സിരകൾ പോലെ ഇരുവശത്തേക്കും നീളുന്ന ഈ വരാന്തകളിലെ ക്ലാസ്മുറികളിലേക്കു സംക്രമിക്കുകയും ചെയ്യുമ്പോൾ കാറ്റിലെപ്പോഴൊ പാറിവീണ ബോഗൻവില്ലയുടെ മോതിരങ്ങൾ രക്തനിറവും, സുന്ദരവുമായ തൻെറ യൗവ്വനം സാർത്ഥകമാക്കുകയാണ്.

x x x

ഈ ലൈബ്രറിയുടെ വൃത്തിക്കും, അച്ചടക്ക നിയമങ്ങൾക്കും നമോവാകം! MGയൂണിവേഴ്സിറ്റിയിലെ ഏറ്റവും വലിയ ലൈബ്രറിയിൽ കയറുന്നവർ ചുരുക്കം, കാരണം, വേറൊന്നുമല്ല. 10 മുതൽ 4 വരെ ക്ലാസിലിരിക്കുന്നവർ അല്പം വിശ്രമത്തിൻെറ സങ്കേതം തേടുമ്പോൾ എത്തിപ്പെടുന്നത് വേറെ പലയിടത്തും, സിലബസിനു പുറത്തെ പഠനത്തിന് ഒരു ക്ലാസ്കട്ടുപോലും അനുവദിക്കുന്നുമില്ല. എങ്കിലും, ആവശ്യമുള്ളവന് എന്നും അറിവിൻെറ പറുദീസ അഡ്ജസ്റ്റുമെൻറുകൾക്ക് രൂപം നൽകി അറിവിൻെറ നാളത്തിലൂടെ പലതും കാണാൻ ശ്രമിക്കുന്നവർക്കു ഇവിടെ എവിടെയാണു സീറ്റ് ഇല്ല അങ്ങിനെയൊന്നില്ല പദ്യം വായന ഇവിടെ, റഫറൻസ് അവിടെ, എല്ലാ വായനയ്ക്കും പിന്നിലെ നാവുകൾക്ക് തടയിടുന്ന 'സൈലൻസ് പ്ളീസ്' എന്ന നീല ബോർഡ് കൊത്തിക്കലും, സൊള്ളലും എല്ലാം നിയമംകൊണ്ടും നീണ്ട മരമതിൽ (മരമെങ്കിലും ഉറപ്പ് ജാസ്തി കൊണ്ട് ഒരു പട്ടാള രാഷ്ട്രത്തിലേതുപോലെ ഹനിക്കുന്നു എന്നു ചിലർ)

ഇവിടുത്തെ വൃത്തിയുള്ള പ്രദർശനത്തിനും അച്ചടക്കനിയമങ്ങൾക്കും സ്വസ്തി!!

x x x

'ഇതാ സിമൻറ് ബെഞ്ചുകൾ

ലേക്കിലെ സിമൻറു ബഞ്ചുകൾക്ക ഒരു റൊമാൻറിക് ഭാവമുണ്ടെന്ന് പറയുന്ന കവിയിൽനിന്ന് ഇവിടുത്തെ സായന്തനങ്ങളുടെ ചുവപ്പുകൊണ്ട് നിനംപൊരു മഞ്ചാടി മണിമാല.

കുന്തിച്ചിരുന്ന് വലിച്ചു തീർത്ത ബീഡിക്കുറ്റികളും ഇടയിലിരിക്കുന്ന എന്റെ വിപ്ളവകാരി സുഹൃത്തിന്റെ മുഷ്ടികൾക്ക് ഇവിടെനിന്ന് ഒരു വിപ്ളവത്തിന്റെ ചുവപ്പ് ഈ ബെഞ്ചിന്റെ ഉറപ്പാർന്ന ഹൃദയവും.

കൂട്ടുകെട്ടും, സൗഹൃദസാരവം കണ്ടു വെടിഞ്ഞ് ഏകനായി നീണ്ടുനിവർന്നു മാനംനോക്കിക്കിടക്കുമാറിരുന്ന എന്റെ വിദൂരങ്ങളിലെ സുഹൃത്തിന് ഈ സിമൻറു ബഞ്ചുകളിലെ ഏകാന്തമായ ഒരായിരം സന്ധ്യകൾ ഞാൻ നീക്കിവക്കട്ടെ.

പ്രേമത്തിന്റെ ചിക്കുവെയിൽ വീണ വഴികളിലും ഒരായിരം ചുറ്റു നടന്ന പ്രിയപ്പെട്ട കാമുകന് എല്ലാ ഋതുക്കളിലും തണലുതരുന്ന ഈ തെങ്ങോലകളും, കൂവളത്തിലകളൊഴുകുന്ന ഈ കായലിന്റെ സാന്നിദ്ധ്യതയും ചേർന്ന ഈ സ്വർഗ്ഗ ഭൂമി

x x x

വായുവിൽ തങ്ങിനിൽക്കുന്ന ജലകണങ്ങളുടെ മഴവില്ലുകളും ഏറെമുത്തുകൾ മാലകോർക്കുന്ന ജലധാരകളും ഒന്നുമില്ലാത്ത ഒരു ഫൗണ്ടൻ ഇതിന്റെ കരയിൽ ഇരിക്കുന്നവർ സൃഷ്ടിക്കുന്ന മഴവില്ലുകൾക്ക് പക്ഷേ എഴുനിറങ്ങളെങ്കിലുമുണ്ട്. പത്തുമണിക്കുമുമ്പത്തെ കണ്ടുമുട്ടലുകൾ നടക്കുന്നത് ഇവിടെയാണ്, ഇവിടെയിരുന്നു ചുറ്റും നോക്കുമ്പോൾ ഹെലൻകെല്ലറുടെ ആകാശവീക്ഷണത്തിന്റെ വൈരുദ്ധ്യമെങ്കിലും ഒരുപനോരമപോലെയുള്ള കാഴ്ചപ്പുറങ്ങൾ.

x x x

കാൻറീൻ പെൺകുട്ടികൾക്ക് പ്രത്യേക കാബി'' പുറത്ത് പുകവലിപാടില്ല എന്ന് വലിയ അക്ഷരത്തിൽ കഴിയുന്നത്രയും തവണ എഴുതിവച്ചിരിക്കുന്നു. സമ്പാറും മോരുമെല്ലാം ഇട്ട് കുഴച്ചുണ്ണുന്ന ഉച്ചയൂണിന് ഒരു കാൻറീൻ സ്വാദ് മാത്രം. കാൻറീൻ പാചകങ്ങൾക്ക് ഒരു കാൻറീൻ സ്വാദ്. കാറ്റ് വഴിമറന്നുപോലും കയറാതെ പോകുന്ന ഉഷ്ണിക്കുന്ന വലിയ റൂമിൽ അടുക്കളയിലെ പുകയും എല്ലാംകൂടി കാൻറീന് വെറുതെയിരിക്കുന്നവരെയെല്ലാം ഇറക്കി വിടാൻ വരുന്ന പ്രിൻസിപ്പാളിന്റെ ഭാവം. ഒരു മീറ്റിങ്ങോ മറ്റോ നടത്തുമ്പോൾ ഉടക്കാൻ



SONAL BOUTIQUE

വരുന്ന കാൻറീൻകാരന് ചുട്ടെറുപടിയെന്നോണം ചില ദിവസങ്ങളിൽ താവരറിയാതെ ഒരു സൈട്രക്ക്. അന്നുച്ചക്ക് ഊണിന് ഒരു വില. അതുപോലെ പല നഷ്ടങ്ങളും. ബെൻസ്കിൽ നിറയെ കാൻറീൻകാരന് വിശുദ്ധമായ പര്യായപദങ്ങൾ. ആവശ്യമെങ്കിൽ കുറച്ച് രേഖാ ചിത്രങ്ങളും. ചിലരുടെ ഭക്ഷണ സ്വഭാവങ്ങൾവരെ രൂപപ്പെടുത്തുന്നു കാൻറീൻ, വൈകുന്നേരം വീട്ടിലായാലും ചായക്ക് ഒരു സമോസ മേമ്പൊടിയെങ്കിലും വേണം ഊണിന് സാമ്പാറും മോരും മിക്സ്, അങ്ങിനെ എന്തെല്ലാം.

X X X

ഏറെ വിവാദങ്ങളുടെ കഥകളുറങ്ങുന്ന എക്കണോമിക്സ് ഡിപ്പാർട്ടുമെൻറിലേക്ക് എത്താണമെങ്കിൽ, ലോകബാങ്കുജംഗ്ഷൻ എന്നു വിളിക്കുന്ന സ്റ്റെയർകേസിൻെറ സന്ധികളിലെ സൗഹൃദ ഭാഷണങ്ങളും ജനൽക്കമ്പികൾക്കിടയിലൂടെ തലനീട്ടുന്ന നീല കോളാമ്പി പൂവുകളുടെ വരവേൽപ്പും പിന്നിടണം. പിന്നെ കെമിസ്ട്രി ലാബിലെ ചീഞ്ഞ മുട്ടയുടെ മണത്തിനൊപ്പം നിൽക്കാനുള്ള മനക്കരുത്തും. (ഈ മണം ഞങ്ങൾക്കുമാത്രംപോരാ ഹൈകൗണ്ട് പൈപ്പുവഴി എല്ലാ ക്ലാസുകളിലും എത്തിക്കണം എന്ന് പറഞ്ഞ ഒരു വിവാദക്കാരൻ എക്കണോമിക്സിലല്ലേ എന്നു ചോദിക്കരുത്) സിലബസിനു പുറത്ത് ഏറെ സ്വാതന്ത്ര്യങ്ങൾ ഈ ഡിപ്പാർട്ട്മെൻറിൽ മാത്രം. ഇവിടെ പെരുന്നാളും, ഉത്സവങ്ങളും എല്ലാം ഭംഗിയായി ആഘോഷിക്കപ്പെടും. മാപ്പു പത്രങ്ങളുടെ കോപ്പികൾ എഴുതേണ്ടിവരുമ്പോൾ 'റീഡേഴ്സി'ലേക്ക് ഓടേണ്ട ഇവിടെ എതെങ്കിലും പ്ലാസ്റ്റിക് ഫയലുകളിൽ സംഗതി സ്റ്റോക്കുണ്ടാവും. (ഇതെല്ലാം 90 93 ബാച്ചിൻെറ കഥയിൽനിന്നും) മറക്കാൻ കഴിയാത്ത ഒത്തിരി അധ്യാപകർ. ഏറെ സമ്പന്നമായ നിമിഷങ്ങൾ. (എക്കണോമിക്ക് ക്ലാസ് കൊതിയിട്ടു നടന്നിരുന്ന ഒരു BScക്കാരൻെറ ഭാഷയിൽ 'എക്കണോമിക്സ് നീ ഒരിതിഹാസമാകുന്നു.)

X X X

ആനയും ആനപ്പാപ്പാനും, എല്ലാം അസ്ഥികൂടങ്ങളായി കാഴ്ചവെയ്ക്കുന്ന zoology. Botany ഡിപ്പാർട്ടുമെൻറ് ഇവിടെയും നിഷേധികളുടെ മിന്നലാട്ടമുണ്ട്. പക്ഷേ ഏറെയും ബ്ലെയ്ഡുകൊണ്ട് വിരൽ മുറിഞ്ഞ് വരുന്ന ചോരകണ്ട് തലകറങ്ങി വീഴുന്നവർ. ഒരു പൂ കീറി മുറിക്കാൻ മാത്രം ഒരു ജൻമം എന്ന് ചിലർ കളിയാക്കും. എങ്കിലും, കമ്പിവലകളുടെ ജനലുകൾക്കിടയിലൂടെ ഏറെയേറെ വാർത്താവിനിമയം നടക്കുമ്പോൾ ബോട്ടണിയിലെ പൂക്കൾപോലെ സുഗന്ധം പരത്തുന്ന ഏറെ സൗഹൃദങ്ങൾ മൊട്ടിടുന്നു.

X X X

ലോണുകളും, പൂക്കളും വച്ചുപിടിപ്പിച്ച എസ്. എച്ചിൻെറ കമാനങ്ങളെയും രാജവീഥികളെയും കുറിച്ച് പറഞ്ഞില്ലല്ലോ. പിച്ചികളുടെ പൂവുകൾനുള്ളി എന്നും രാവിലെ ക്ലാസിലേക്കു പായുമ്പോൾ മണക്കുന്നവൻ. ഓരോദിവസം ഓരോഗന്ധം മഞ്ഞ കോളാമ്പികളിലെ തേൻതേടി നിശ്ശബ്ദമായ ക്ലാസവറുകളിൽ വരുന്ന കുരുവികളെയും കറുത്ത വഴികളിലൂടെ നടന്നുവരുന്ന ഏകാന്തപഥികരെയും നോക്കിയിരുന്ന് തള്ളിനീക്കാൻ ഒരു യുഗം കിട്ടിയാലും വിരസമാവില്ല. ബാസ്ക്കറ്റ് കോർട്ടിനു മുന്നിലെ ചെറിയലോണിൽ ഇരുന്നും കിടന്നും സായാഹ്നങ്ങളിലെ വെടിവട്ടങ്ങളൊരുക്കുന്നവർ, ഗേറ്റിലെ ഭായിയുടേയും, പ്രിൻസിപ്പൽ അച്ചൻെറയും നോട്ടം ഒരുപോലെ കടന്നുവരുന്നത് ഈ മുൻവരാന്തകളിലാണ്. വീണുകിടക്കുന്ന കടലാസുപ്പൂക്കൾ നഷ്ടപ്പെട്ട ദിനങ്ങളിലെ യൗവ്വനത്തെയും, കൗമാര സ്വാതന്ത്ര്യത്തെയും കുറിക്കുന്നു. എവിടെനിന്നോ ഒരുകാറ്റ്. അത് കടലാസുപൂക്കളുടെ ഉണങ്ങിയ ശരീരത്തെ തെല്ല് വായുവിലുയർത്തി എങ്ങോട്ടോ പുറപ്പെടുന്നു. പരാഗങ്ങളും ചുമന്ന്, സന്ധ്യയുടെ യാത്രക്കൊപ്പം എങ്ങോ എങ്ങോ അത് മറയുന്നു.

X X X

എസ്. എച്ച്. അമ്പതാം വയസ്സിലേക്ക് കടക്കുമ്പോൾ എൻെറ എളിയ ഓർമ്മപ്പെടുത്തലുകൾ. നിൻെറ [illegible] യാൺമ കലർന്ന ആ പ്രണയഭാവം നശിക്കുന്നത് [illegible] കാണുന്നുണ്ട്. യൂണിവേഴ്സിറ്റിയിൽ വച്ചുകണ്ട [illegible] പകൻ മലയാളത്തിൻെറ ഗതികേടിൽ പരിതപിച്ചു. ഔദ്യോഗിക സമ്മേളനങ്ങളിൽ ഞങ്ങൾക്കുപോലും മനസ്സിലാക്കാൻ വയ്യാതെ നീ 'തേവര'യായത്. നിൻെറ പ്രതിബിംബങ്ങൾ പെരുകുമ്പോൾ നീ ഏകയായിരിക്കണം. നിൻെറ നിറഭേദങ്ങളിലും നീ നീയായിരിക്കണം. നിൻെറ ഉയരങ്ങളിൽ അഭിമാനപൂർവ്വം ഞാൻ നിർത്തട്ടെ.

SONAL BOUTIQUE

*Nationwide collections at highly subsidised rates.*

Credit facilities to Bank, School, College and Government Employees.

**handloom house**

*(SPONSORED BY THE GOVT. OF INDIA)*

**ERNAKULAM** 38/762, M.G. Road, (North End), Phone : 366280

**THRISSUR** Town Hall Road, Behind Sapna Theatre, Phone : 331033.

**TRIVANDRUM** Opp. Power House, Power House Road. Ph : 72886.

# കരാട്ടെ

## കായികരംഗത്തെ അത്ഭുതം

കേരളത്തിന്റെ പരമ്പരാഗത ആക്രമണശൈലി ആയ കളരിപ്പയറ്റു പോലെ ശാസ്ത്രീയമായ ഒരു ആക്രമണശൈലിയാണ് ''കരാട്ടെ''. ലോകശ്രദ്ധപിടിച്ചുപറ്റിയ ആയോധനകലകൾ എല്ലാംതന്നെ ഭാരതത്തിൽ നിന്നും ഉത്ഭവിച്ചതാണെന്ന് കരുതപ്പെടുന്നു. ചൈനയിലെ ഷാവോലിൻ ക്ഷേത്രത്തിൽ വികാസംപ്രാപിച്ച് ലോകമെങ്ങും അംഗീകാരവും പ്രശസ്തിയും നേടിയെടുത്ത കരാട്ടെ ഭാരതത്തിൽ എത്തിച്ചത് ബുദ്ധസന്യാസിമാരാണെന്ന് ചരിത്രരേഖകൾ പറയുന്നു. അഹിംസ ആയുധമാക്കിയ ബുദ്ധസന്യാസിമാർ എങ്ങിനെ കരാട്ടെ ഇഷ്ടപ്പെട്ടിരുന്നു എന്ന് ചിലപ്പോൾ സംശയം തോന്നിയേക്കാം. മനസും ശരീരവും ഇണപിരിയാതെ ഏകാഗ്രതയും ആത്മവിശ്വാസവും ആരോഗ്യവും നേടിയെടുക്കുവാൻ ആയോധനകലകൾ സഹായിച്ചിരുന്നു എന്ന് ബുദ്ധസന്യാസിമാർ മനസിലാക്കിയിരുന്നു. ഷാവോലിൻ ക്ഷേത്രത്തിൽ താമസിച്ച് വളരെ ബുദ്ധിമുട്ടുകൾ സഹിച്ചാണ് ഇവർ കരാട്ടെ അഭ്യസിച്ചിരുന്നത്.

കരാട്ടെ എന്ന വാക്കിന്റെ അർത്ഥം ആയുധമില്ലാത്ത കൈകൾ എന്നാണ്. നിരായുധനായി ആയുധധാരിയായ അക്രമിയെ നേരിടുവാൻ കരാട്ടെ അഭ്യാസിക്ക് കഴിയുന്നു. കരാട്ടെയിൽ ആയുധപരിശീലനം ഉണ്ടായിരുന്നില്ല. എന്നാൽ കാലക്രമേണ ചില ആയുധങ്ങൾ കരാട്ടെയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'നൻചാക്ക്, ടോങ്ഫാ, സമോറായ്, സ്വോഡ്ഫൈറ്റ്, ടേപ്പ് ഫൈറ്റ്, ബാറ്റൺ ഫൈറ്റ് എന്നിവ ഇതിനുദാഹരണങ്ങളാണ്.

ചൈനയിലും, ജപ്പാനിലും സ്കൂളുകളിൽ കരാട്ടെ പഠനത്തിന് കുട്ടികൾക്ക് അവസരം ലഭിക്കുന്നു. ഇന്ന് ചില ക്രിസ്ത്യൻ സെമിനാരികളിലും 'കരാട്ടെ', കുങ്ഫു' തുടങ്ങിയ ആയോധനകലകൾ അഭ്യസിപ്പിക്കുന്നുണ്ട്. ഭാരതത്തിലുള്ള കരാട്ടെ സ്കൂളുകൾ ഒകിനാവാ മാർഷൽ ആർട്സ് അക്കാഡമിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളവയാണ്. ഒളിംപിക്കിൽ കരാട്ടെ ഒരു പ്രദർശന ഇനമായി അംഗീകരിച്ചു എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്.

കേരളത്തിൽ ഇന്ന് ശാസ്ത്രീയമായ രീതിയിൽ കരാട്ടെ ക്ലാസ്സുകൾ നടത്തുന്ന സ്ഥാപനമാണ് കുര്യൻ തലയോലപ്പറമ്പ് കേരളാ ചീഫായിട്ടുള്ള ബിനോ-റ്യൂ-കരാട്ടെ ഇന്റർനാഷണൽ (Binot-Ryu-Karate-International).

പല ഘട്ടങ്ങളിലാണ് കരാട്ടെ അഭ്യസിപ്പിക്കുന്നത്. ആദ്യമായി ശരീരത്തിലെ പേശികളും ഞരമ്പുകളും അയഞ്ഞ് കിട്ടുന്നതിനായി വ്യായാമങ്ങൾ. പിന്നീട് ചെറിയ അറ്റാക്കുകളും ബ്ലോക്കുകളും. അതിനുശേഷം അല്പം സങ്കീർണ്ണമായ ആക്രമണമുറകൾ. ഒരു വർഷത്തിനുശേഷം "കിക്ക് ബലൻസ്". ഇത് വളരെ ബുദ്ധിമുട്ടുള്ളതാണ്. നല്ല താത്പര്യവും ആഗ്രഹവും ഇല്ലാത്ത വിദ്യാർത്ഥികൾ കിക്ക് ബാലൻസ് പഠിപ്പിക്കുന്ന ഘട്ടത്തിൽ ഇതിന്റെ ബുദ്ധിമുട്ടുകാരണം പഠനം മതിയാക്കുന്നു. കരാട്ടെ പരിശീലനത്തിന്റെ ഏറ്റവും വിഷമം പിടിച്ച ഘട്ടവും കിക്ക് ബാലൻസ് ആണ്. രണ്ടാം വർഷത്തിലേക്ക് കടക്കുന്ന വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത്

SONAL BOUTIQUE

വളരെ നിഗൂർണ്ണങ്ങളായ ആക്രമണ രീതികളാണ്. 'ജമ്പിഗ് കിക്ക്, സ്പിന്നിംഗ് കിക്ക്, ജമ്പിംഗ് കാർട്ട്വീൽ കിക്ക്, ഫ്ളൈയിംഗ് കിക്ക്, ഹാമർ കിക്ക്, സ്നേക്ക് അറ്റാക്ക്, ഡ്രാഗൺ അറ്റാക്ക്, ഹേറ്റ്സ് അറ്റാക്ക് എന്നിവ ഇതിനുദാഹരണങ്ങളാണ്. പഠിച്ച വിദ്യകൾ ഉപയോഗിച്ച് പ്രാക്ടീസ് ചെയ്യുമ്പോൾ ധൈര്യവും ആത്മവിശ്വാസവും വർദ്ധിക്കുന്നു. ഗ്രൂപ്പ് ഫൈറ്റിംഗ് പ്രാക്ടീസിലൂടെ ഒന്നിലധികം ആക്രമികളെ നേരിടാൻ പരിശീലിക്കുന്നു.

കരാട്ടെ പഠനത്തിന്റെ ക്ലാസ് തിരിക്കുന്നത് വ്യത്യസ്ത വർണ്ണങ്ങളിലുള്ള ബെൽറ്റുകളിലൂടെയാണ് ടെസ്റ്റുകളിൽ വിജയിക്കുന്നവർക്ക് ബെൽറ്റുകൾ നൽകുന്നു. ആറുമാസം പഠിച്ചവർക്ക് പ്രാഥമിക ടെസ്റ്റായ മഞ്ഞ ബെൽറ്റ് (Yellow Belt) ടെസ്റ്റിന് പങ്കെടുക്കാവുന്നതാണ്. തുടർന്ന് ഓറഞ്ച് ബെൽറ്റ് (Orange Belt), നീല (Blue).പച്ച (Green), പർപ്പിൾ (Purple),ബ്രൗൺ (Brown). എന്നീ ടെസ്റ്റുകളിൽ വിജയിച്ച് അഞ്ചു വർഷം കഴിയുമ്പോൾ ബ്ലാക്ക് ബെൽറ്റ് വരെ എത്തിച്ചേരാവുന്നതാണ്. അതിനുശേഷം ഓരോ വർഷവും ഓരോ ഡിഗ്രി എടുക്കാവുന്നതാണ്. 10th ഡിഗ്രി ബ്ലാക്ക് ബെൽറ്റാകുമ്പോൾ ചുവന്ന ബെൽറ്റ് (Red Belt) ലഭിക്കുന്നു.

മനോബലം നേടുവാൻ ധ്യാനം കരാട്ടെ പഠിക്കുവാൻ ആവശ്യമായ അഭ്യാസം തുടങ്ങുന്നതിന് മുൻപ് മനസ്സിനെ ഒരേനിലക്ക് കൊണ്ടുവരുവാനും മെയ്വഴക്കത്തിനും കരാട്ടയിൽ ധ്യാനത്തിന് മുഖ്യപങ്ക് ഉണ്ട്. ധ്യാനം ചഞ്ചലമനസ്സിനെ ഏകാഗ്രമാക്കുന്നു. മനോശക്തിയും ശാന്തിയും നൽകുന്നു. ധ്യാനം കോപത്തെയും വക്രബുദ്ധിയേയും ദുഃസ്വഭാവങ്ങളെയും ദുഷ്ടവിചാരങ്ങളെയും അകറ്റി നല്ല മനസ്സ് പ്രദാനം ചെയ്യുന്നു.

ലക്ഷ്യബോധവും ആത്മവിശ്വാസവും നഷ്ടപ്പെട്ട യുവതലമുറക്ക് കരാട്ടെ പരിശീലനം പ്രയോജനപ്പെടുമെന്നുള്ളതിൽ സംശയമില്ല.

***ഗിരീഷ് ബാബു. ബി.***

BA. Eco. Ist Year

SONAL BOUTIQUE

# സൗന്ദര്യപ്പിണക്കം

തൂമഞ്ഞിന്റെ നിറവിലൊളിച്ചിരിക്കുമാ, ഗ്രീഷ്മത്തിന്റെ നറുമണമേകി ആരെയോ പ്രതീക്ഷിച്ച് അന്തരീക്ഷത്തിലേക്ക് തലയെടുത്തുനിൽക്കുന്ന പുഷ്പങ്ങൾ. സൗന്ദര്യത്തിന്റെ പുറംപൂച്ചിലൊളിച്ചിരുന്നാലും ആരെയോ കാത്തിരിക്കാനുള്ള മനസ്സിന്റെ വെമ്പൽ, അതെന്നും പ്രകൃതിയുടെ രഹസ്യമായിരിക്കാം. ഒരിക്കലും തിരുത്താനാവാതെ ഒരിക്കലും തെളിയാതെ, അതങ്ങനെ മനുഷ്യമനസ്സിന്റെ മറവിലെങ്ങോ ആണ്ടുകിടക്കുന്നു.

പ്രശാന്തമായ ആ അന്തരിക്ഷത്തിൽ വിശാലമായ പൂന്തോട്ടത്തിന്റെ മനോഹാരിത എത്ര ഹൃദ്യമായി തോന്നുന്നു. ക്ലോക്കിൽ മണി പത്തടിച്ചു. "മരിയ" ചിന്തയിൽ നിന്നുണർന്ന് സിറ്റൗട്ടിന്റെ അരികത്തുപോയിനിന്നു. വിജനമായ പാതയിലേക്ക് നോക്കി.

"എന്താണദ്ദേഹം ഇത്രയും താമസിക്കുന്നത്. വൈകുമെങ്കിൽ അറിയിക്കാമായിരുന്നല്ലോ. രാവിലെ അദ്ദേഹത്തോടൽപം ദേഷ്യപ്പെട്ടത് ശരിയായില്ല. വേണ്ടായിരുന്നു. അദ്ദേഹത്തിനെന്തു തോന്നിക്കാണുമോ ആവോ?

അവർ ഒന്നിച്ചു താമസിക്കാൻ തുടങ്ങിയിട്ട് കുറച്ചു മാസങ്ങളേ ആയുള്ളൂ. അതിനിടയിലാണ് അവരുടെ ആദ്യത്തെ സൗന്ദര്യപ്പിണക്കം. വന്നനാൾ മുതലുള്ള അവളുടെ പ്രയത്നത്തിന്റെ ഫലങ്ങൾ, പുഷ്പങ്ങളായി റോസച്ചെടികളിൽ വിരിഞ്ഞു. അവയിൽ തേൻ നുകരാനെത്തുന്ന വണ്ടുകൾ. അവളെ സംബന്ധിച്ചിടത്തോളം കാത്തിരിപ്പിന്റെ സാഫല്യമായിരുന്നില്ലേ? അതെ. അവൾ വളരെയേറെ ആഹ്ളാദിച്ചു. അവളുടെ ഹൃദയത്തിൽ താനെന്തോ നേടിയെടുത്തതിലുള്ള സന്തോഷം, വദനത്തിൽ നിഴലിച്ചു കാണാമായിരുന്നു.

രാവിലെ ഭർത്താവേതോ പെൺകുട്ടിയുമായി സംസാരിക്കുന്നതു ശ്രദ്ധിച്ചുകൊണ്ടാണ്, അവൾ ചായയുമായി ചെന്നത്.

"ആ, ശ്രീമതി, വരൂ. ഇതു നമ്മുടെ അടുത്തു താമസിക്കുന്ന വർക്കിച്ചായന്റെ മോളാ.

"ഉം....

"ഇവള് കോളേജിലാ പഠിക്കുന്നത്"

"ഉം... എന്താടി നിന്റെ പേര്? അവന്റെ ചോദ്യം

"ജെസ്സി"

"ഇതാ ചായ" ഭർത്താവിനു ചായകൊടുത്തു. പിന്നീട് അവൾ തിരിഞ്ഞു നോക്കിയപ്പോൾ, ക്ഷമയുടെ നെല്ലിപ്പലക പോലും തകർക്കുന്ന സംഭവമായിരുന്നു മുന്നിൽ കണ്ടത്. ആ പെൺകുട്ടി വിരിഞ്ഞു നിന്ന പൂക്കളെല്ലാം പറിച്ചു കൂടയിലാക്കി, പടികടന്നു പോയി. അക്ഷരാർത്ഥത്തിൽ താൻ പൊട്ടിത്തെറിക്കുകയായിരുന്നു.

"ചേട്ടനാണോ ഞാൻ നട്ടുവളർത്തിയ പൂ പറിക്കാൻ സമ്മതിച്ചത്?

"ഞാൻ പറയുന്നതൊന്ന് കേൾക്കൂ.

"ഇനിയെന്ത പറയാനാ. എല്ലാം മേലസ്സിലായി വന്നു കയറിയാതെ ഉള്ളു. മനുഷ്യരെക്കൊണ്ടു പറയിപ്പിച്ചേ നിങ്ങളടങ്ങൂ.. അല്ലേ?

"അത് ... ഞാൻ

"ഇനി ഒന്നും പറയണ്ട. എന്നാലും ഇത്രക്കു മനസ്സാക്ഷിയില്ലാതായിപ്പോയല്ലോ? ചവുട്ടിക്കുലുക്കി നടന്നകന്നപ്പോൾ അവളുടെ മനസ്സിലുണ്ടായിരുന്ന ഭാവം എന്തായിരുന്നോ ആവോ?

പിന്നീട് ഷവർ തിരിയുന്നതും, ശേഷം സ്യൂട്ട്കെയ്സ് എടുത്തു അയാൾ നടക്കല്ലിറങ്ങുന്നതും അവൾ കേട്ടു. അപ്പോഴൊക്കെ അവൾ വിചാരിച്ചു അദ്ദേഹം അടുത്തു വരുമെന്ന്, പക്ഷേ സ്കൂട്ടർ സ്റ്റാർട്ടാകുന്നതു കേട്ടതോടുകൂടി ആ പ്രതീക്ഷയും അസ്തമിക്കുകയായി.

"ച്ഛെ! എന്നാലും ഇത് സീരിയസ്സായി എടുക്കുമെന്ന് ഒട്ടും കരുതിയില്ല. മനസ്സിൽ നേരിയ കുറ്റബോധം തോന്നി. തനിക്കതു ക്ഷമിക്കാമായിരുന്നു എന്ന ചിന്ത അവളെ അലട്ടിക്കൊണ്ടിരുന്നു.

"അതിലെന്ത്, ഭർത്താവ് ഒരു കുട്ടിയോടു സംസാരിച്ചു. താൻ നട്ടുവളർത്തിയ കുറച്ചു പൂവുകൾ ആ പെൺകുട്ടി പറിച്ചു. വരട്ടെ അദ്ദേഹത്തോട് തനിക്ക് ക്ഷമപറയണം. മനസ്സിലെ വിഷമമെല്ലാം തനിക്ക് തുടച്ചു മാറ്റണം".

ശക്തിയേറിയ പ്രകാശം മുഖത്തു പതിച്ചപ്പോൾ അവൾ ഞെട്ടിയെഴുന്നേറ്റു. കൈ പിണച്ച് മുഖത്ത് വച്ചു. "അതേ അദ്ദേഹം തന്നെ" തലമുടി ഒതുക്കി നടക്കല്ലിറങ്ങി അരികത്തു ചെന്നു. ആകപ്പാടെ ഒരസ്വസ്ഥത അയാളെ വലയം ചെയ്തിരുന്നു. താളം തെറ്റുന്ന കാലുകൾ ദൈവമേ അദ്ദേഹം മദ്യപിച്ചിരിക്കണം.. പൊട്ടിക്കരയുവാൻ വന്നതും തടഞ്ഞു നിർത്തി.

തന്റെ അടുത്തുവന്നു. തന്റെ കൈകൾ പിടിക്കുന്നു. ഒരു ചെറിയപൊതി തന്റെ കൈയിലേൽപ്പിച്ച് അകത്തേക്ക് കയറിപ്പോകുന്നതും അവൾ കണ്ടു. പൊതി തുറന്നപ്പോൾ.. കണ്ണിൽ ഉരുണ്ടുകൂടിയ നീർക്കണങ്ങളിലൂടെ, കൈയിലിരുന്ന റോസാപുഷ്പങ്ങൾ കണ്ടു.മനസ്സു വേദനിച്ചു.

"അയ്യോ! അദ്ദേഹത്തെ ഞാൻ വല്ലാതെ വേദനിപ്പിച്ചു". അവൾ അകത്തേക്കു ചെന്നു. മടിച്ചു മടിച്ചാണെങ്കിലും വാതിൽ തുറന്നു. സോഫയിൽ മലർന്ന് കിടന്ന് മുകളിലേക്ക് നോക്കുകയായിരുന്നു അയാൾ. തന്റെ അടുത്തേക്കു വരുന്ന കാലടികൾ ശ്രദ്ധിച്ച് അയാൾ അലക്ഷ്യമായി തലയുയർത്തി. അവൾ പതിയെ അടുത്തിരുന്നു. ആ കൈകളെടുത്ത് സ്വന്തം കൈയിലാക്കി മെല്ലെ മന്ത്രിച്ചു.

"എന്നോട് ക്ഷമിക്കൂ" അവൾ അയാളുടെ നെഞ്ചിലേക്ക് ചാഞ്ഞു.

"ഞാനെന്തോ പറഞ്ഞു എന്നു കരുതി ചേട്ടനിങ്ങനെ സമനില വിട്ട് മദ്യപിക്കണമായിരുന്നോ? തന്നെ പൊതിയുന്ന കൈകളും ചിതറുന്ന വാക്കുകളും കേട്ട് അയാളുടെ മുഖത്ത് നിർവികാരതയായിരിക്കാം തെളിഞ്ഞുനിന്നത്.

"അവൾ വന്നതെന്തിനെന്ന് നിനക്കറിയുമോ. അവളുടെ മാതാപിതാക്കളുടെ കൂടാരത്തിൽ അർപ്പിക്കാൻ പൂക്കൾ ഇറുത്തോട്ടെ എന്നു ചോദിച്ചു. 'മരിയ, നീ പറഞ്ഞാനെങ്ങനെ വേണ്ടയെന്നു പറയും."

ഹൃദയവേദനകൊണ്ട് വിങ്ങിയ അവളുടെ മുഖം കൂടുതൽ തുടുത്തിരുന്നു. അറിയാതെയെങ്കിലും ചെയ്ത അപരാധം അവളെ വല്ലാതെ സ്പർശിച്ചു.

ദുഃഖഭാരത്തോടെ അതിലേറെ കുറ്റബോധത്തോടെ അവൾ പറഞ്ഞു. ക്ഷമിക്കണം. എനിക്കൊരു തെറ്റു പറ്റി. ചേട്ടൻ മദ്യപിച്ചതു സാരമില്ല. ഒരു പൊട്ടിച്ചിരിയായിരുന്നു മറുപടി.

"എടീ, ഞാൻ മദ്യപിക്കുകയോ, നിന്നെ ഒന്നു ഭയപ്പെടുത്താൻ വേണ്ടി ചെയ്തതല്ലേ ഞാൻ". അയാൾ ഉറക്കെയുറക്കെ ചിരിച്ചു.

ആ നിഷ്കളങ്കതയിൽ അവളും പൊട്ടിച്ചിരിച്ചു. അവരുടെ ചിരിയുടെ അലകൾ ഉയർന്നുയർന്ന് ആ പരിസരമാകെ സന്തോഷം പരത്തി. അതായിരുന്നു അവരുടെ ആദ്യത്തെ സൗന്ദര്യപ്പിണക്കം.

***Christopher Francis .***
***II PDC IIIrd Group***

# 'അല്പം ഫ്രോയിഡിയൻ ചിന്തകൾ'

ഭർത്താവ് അവളോട് ചോദിച്ചു: "നമ്മുടെ പിയാനോ ട്യൂൺ ചെയ്യേണ്ടതില്ലേ?" അവൾ മറുപടി പറഞ്ഞു, "അതുകൊണ്ട് കാര്യമില്ല. ചുറ്റികയിൽ തോലുമാറ്റേണ്ടതുമുണ്ട്." ഇതും തലേന്നാളത്തെ യഥാർഥ സംഭവത്തിന്റെ പുനഃസൃഷ്ടിയായിരുന്നു. അവളുടെ ഭർത്താവ് ഈയൊരുചോദ്യം ചോദിച്ചിരുന്നു. അതിനവൾ ഇതേ മറുപടിതന്നെയാണ് നൽകിയത്. എന്നാൽ അവളീ സ്വപ്നം കണ്ടതിന്റെ അർത്ഥമെന്താണ്? പിയാനോ വകയ്ക്കു കൊള്ളാത്ത പഴയൊരു പെട്ടിയാണെന്ന് അവൾ പറഞ്ഞു. വിവാഹത്തിനു മുമ്പത്തെ ഭർത്താവിന്റെ സ്വത്തായിരുന്നു അതെന്നവൾ സൂചിപ്പിച്ചു. എന്നാൽ സ്വപ്നത്തിന്റെ അർത്ഥം പ്രധാനമായും അടങ്ങുന്നത് "അതിന്റെ ആവശ്യമില്ല" എന്ന പ്രയോഗത്തിലാണ്. തലേദിവസം ഒരു സ്നേഹിതയെ അവൾ സന്ദർശിച്ചിരുന്നു. ആ സന്ദർശനമാണ് ഈ പ്രയോഗത്തിന്റെ ഉല്പത്തിക്കു നിദാനമായത്. കോട്ട് ഊരിവെക്കാൻ സ്നേഹിത അവളോടുപറഞ്ഞു. "നന്ദി, അതിന്റെ ആവശ്യമില്ല. ഞാനുടനെ പോവുകയാണ്". എന്നാണവൾ പ്രതികരിച്ചത്. അത് ഇന്നലെ അവളെന്നോടു പറഞ്ഞ ഒരു കാര്യം ഓർമ്മിപ്പിച്ചു. അപഗ്രഥനവേളയിൽ അവൾ പൊടുന്നനെ കോട്ട് കയ്യിലെടുത്തു. അതിന്റെ ഒരു ബട്ടൺ ഊരിയിരിക്കുന്നതായി ഞാൻ കണ്ടു. അവളിങ്ങനെ പറയുന്നതായി തോന്നി. "ദയവായി അകത്തേക്കു നോക്കാതിരിക്കൂ. അതിന്റെ ആവശ്യമില്ല". അങ്ങിനെ പിയാനോപ്പെട്ടി മാറിടമാകുന്നു. സ്വപ്നത്തിന്റെ വ്യാഖ്യാനം അവൾ ബാല്യം പിന്നിട്ട് കൗമാരത്തിലെക്കു വളർന്ന കാലഘട്ടത്തിലേക്കു നയിക്കുന്നു. അപ്പോൾ അവൾക്ക് തന്റെ ശരീരപുഷ്ടിയില്ലായ്മയുടെ കാര്യത്തിൽ അതൃപ്തിയുണ്ടായിരുന്നു. സ്വരലയമില്ലായ്മയേയും ഉപയോഗശൂന്യതയേയും സ്തനപുഷ്ടിയില്ലായ്മ കൂടെക്കൂടെ സ്വപ്നത്തിൽ കടന്നുവരുന്ന കാര്യത്തേയും കണക്കിലെടുത്താൽ നമുക്ക് സ്വപ്നത്തിന്റെ പൊരുൾ മനസിലാക്കാം.

## സ്വപ്നങ്ങളുടെ അപഗ്രഥനം

സിഗ്മണ്ട് ഫ്രോയിഡ്

ഈ രീതിയിലുള്ള സ്വപ്നവിശകലനത്തിലൂടെ, സ്വപ്നങ്ങളെക്കുറിച്ചുള്ള പല അബദ്ധധാരണകളും തിരുത്തിക്കുറിക്കുകയും, സ്വപ്നങ്ങൾ വ്യക്തിയുടെ ഇച്ഛാപൂരണങ്ങളാണെന്നും, ഒട്ടുമിക്ക സ്വപ്നങ്ങളുടെയും അടിസ്ഥാനം ലൈംഗികപരമായ പ്രശ്നങ്ങളുമാണെന്ന് പ്രഖ്യാപിച്ച ഫ്രോയിഡ് തന്റെ മാനസിക വിശകലന ശാസ്ത്രത്തിന് അടിത്തറപാകി.

വിയന്നയിലെ മിടുക്കനായ ഒരു ന്യൂറോളജിസ്റ്റും, വിയന്നാ യൂണിവേഴ്സിറ്റിയിലെ ഞരമ്പുരോഗ സംബന്ധമായ രോഗങ്ങളുടെ ലക്ചററുമായിരുന്ന ഫ്രോയിഡ് സിരാരോഗം (Neurosis) മൂലം തലവേദന അനുഭവിച്ചിരുന്ന ഒരു രോഗിയെ മെനിഞ്ജൈറ്റിസ് രോഗബാധിതനായി ചിത്രീകരിച്ചതിനെ തുടർന്ന് ജോലിയിൽ നിന്നും പുറത്താക്കപ്പെട്ടു. അക്കാലത്ത് പ്രശസ്തരായ പല ഭിഷഗ്വരൻമാർക്കും ഇത്തരം തെറ്റുകൾ സംഭവിച്ചിരുന്നു. 1885-ൽ ഷാർക്കോട്ട് (Jean Charcot) എന്ന പ്രസിദ്ധ ന്യൂറോളജിസ്റ്റിന്റെ കീഴിൽ പഠിക്കുവാൻ പാരീസിലേക്കു പോയ ഫ്രോയിഡ് പിന്നീട് ഹിസ്റ്റീരിയാ രോഗികളിൽ ഹിപ്നോട്ടിസ് ചികിത്സ നടത്തിയിരുന്ന നാൻസിയിലെ ചില ഭിഷഗ്വരൻമാരുടെ പ്രവർത്തനങ്ങളിൽ തത്പരനായി അവരോടൊപ്പം പ്രവർത്തിച്ചു. അവിടെ വെച്ചാണ് മനസ്സിന്റെ ബോധപരമായ അവസ്ഥയിൽ നിന്നും മറച്ചുവെക്കപ്പെട്ടതും എന്നാൽ ശക്തമായതുമായ മാനസിക പ്രക്രിയയെക്കുറിച്ച് ഫ്രോയിഡിന് അറിവ് കിട്ടുന്നത്. കുറച്ചു

# 'അല്പം ഫ്രോയിഡിയൻ ചിന്തകൾ'

നാളുകൾക്ക് ശേഷം വിയന്നയിലേക്കു തിരിച്ചു വന്ന അദ്ദേഹം ജോസഫ് ബ്രൂയർ (Joseph Bruer) എന്ന ഫിസിഷ്യനോടൊപ്പം സിരാരോഗികളെ ചികിത്സിച്ചു. ഹിപ്നോട്ടിക് ചികിത്സയിലൂടെ മൂടിവെക്കപ്പെട്ട വികാരങ്ങളുടെ ബഹിർഗമനം സാധ്യമായപ്പോൾ രോഗികൾക്കുണ്ടായ വൈകാരിക ശമനത്തെ കത്താർസിസ് (Catharsis) എന്നും വിളിച്ചു. രോഗിക്ക് തന്റെ രോഗ ലക്ഷണങ്ങളും വൈകാരിക പ്രശ്നങ്ങളും തമ്മിൽ യാതൊരു ബന്ധവും തോന്നിയിരുന്നില്ലെങ്കിലും ചികിത്സകന് അത് തിരിച്ചറിയാൻ കഴിഞ്ഞിരുന്നു. ഇതാണ് അബോധമനസിന്റെ കണ്ടുപിടുത്തത്തിലേക്കും സ്വഭാവരൂപീകരണത്തിൽ അബോധമനസിന്റെ പങ്കിനെക്കുറിച്ചുള്ള തിരിച്ചറിവിലേക്കും ഫ്രോയിഡിനെ നയിച്ചത്.

താൻ ബോധവാനല്ലാത്ത പല കാര്യങ്ങളും തന്റെ പ്രവർത്തിയെ സ്വാധീനിക്കുന്നുണ്ടെന്ന തിരിച്ചറിവ് വിപ്ലവിത്മകമായിരുന്നു. വുൺഡ് (Wundt)നെപ്പോലുള്ളവർ ബോധാവസ്ഥക്ക് പ്രാധാന്യം കൊടുത്തിരുന്ന ഒരു കാലഘട്ടത്തിൽ അബോധ പ്രക്രിയയുടെ പ്രധാന്യം തിരച്ചറിഞ്ഞ ഫ്രോയിഡ് മനോവിശകലന ശാസ്ത്രം (Psychoanalysis) എന്ന ചികിത്സാരീതി സൃഷ്ടിച്ചു. അത് മനഃശാസ്ത്രത്തെ മാത്രമല്ല, സാഹിത്യത്തെയും, കലകളെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ഈ ചികിത്സാരീതിയിൽ ഹിപ്പോട്ടിസിന് അധികം പ്രാധാന്യം നൽകാതിരുന്ന ഫ്രോയിഡ് രോഗിയെ സ്വതന്ത്രമായി മനസിലേക്കു വരുന്ന ഏതുകാര്യവും മാന്യതയേയോ, സാമൂഹ്യബോധത്തേയോ കണക്കിലെടുക്കാതെ സംസാരിക്കുവാൻ നിർദ്ദേശിച്ചു. ഈ രീതിയെ അദ്ദേഹം സ്വതന്ത്ര സംഗമം (Free Association)എന്നു വിളിച്ചു. ഈ ചികിത്സാരീതിയുടെ അടിസ്ഥാനപ്രമാണങ്ങൾ സ്വതന്ത്രസംഗമവും (Free Association) സ്വപ്നവിശകലനവുമാണ് (Dream Analysis).

അടിസ്ഥാനപരമായി വ്യക്തിയുടെ സ്വഭാവം ഉടലെടുക്കുന്നത് ഇഡ് (Id), ഈഗോ (Ego), സൂപ്പർ ഈഗോ Super Ego), എന്നി വ്യക്തിത്വഘടകങ്ങളുടെ പാരസ്പര്യത്തിൽ നിന്നാണെന്നാണ് ഫ്രോയിഡിയൻ മതം. ഇഡ് (Id) പ്രാകൃതവാസനകളുടെ ഉറവിടമാണ്. ഇതിൽ പൂർണ്ണമായും സ്വാർത്ഥതാത്പര്യങ്ങൾ നിറഞ്ഞിരിക്കുന്നു. പ്രാകൃതവാസനകൾ അല്പം പോലും തത്വദീക്ഷയില്ലാതെ താത്പര്യങ്ങൾ പൂർത്തീകരിക്കുവാൻ ശ്രമിക്കും. അവിടെ ധാർമ്മിക മൂല്യങ്ങൾക്കോ, യാഥാർത്ഥ്യത്തിനോ യാതൊരു ബന്ധവും ഉണ്ടായിരിക്കുകയില്ല. പ്രാകൃത താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇച്ഛാപൂരണങ്ങളായ ഫാന്റസികളും മാനസിക ഇമേജുകളും സൃഷ്ടിക്കാൻ സാധിക്കുമെന്നതൊഴിച്ചാൽ നേരിട്ടുള്ള പ്രവർത്തനം ഇഡിന് (Id) അസാധ്യമാണ്. ഇതിനെ പ്രഥമ പ്രക്രിയ (Primary Process)എന്നു വിളിക്കുന്നു. രണ്ടാം ഘട്ടമായ ഈഗോ (Ego)ഇഡിനെ (Id)യാഥാർത്ഥ്യ ബോധവുമായി കൂട്ടിയിണക്കാൻ ശ്രമിക്കുന്നു. ഈഗോ (Ego)യുടെ അടിസ്ഥാന ലക്ഷ്യം ഇഡിന്റെ (Id) താത്പര്യങ്ങളെ സംരക്ഷിക്കുകയെന്നതാണെങ്കിലും, അത് നേടുന്നത് വ്യക്തിയുടെ നിലനിൽപ്പിനെയും സൗകര്യത്തെയും ഉറപ്പാക്കിക്കൊണ്ടാണെന്ന് മാത്രം. ഈഗോ (Ego)യുടെ ഇത്തരം പ്രവർത്തിയെ ദ്വിതീയ പ്രക്രിയ (Secondary Process) എന്നു വിളിക്കാം. സമൂഹത്തിന്റെ വിലക്കുകളോട് നിരന്തരം സംഘട്ടനത്തിലേർപ്പെട്ടു കൊണ്ടിരിക്കുന്നവയാണ് ഇഡിലെ (Id) ലൈംഗികവും അക്രമാസക്തവുമായ ചോദനകൾ എന്ന് ഫ്രോയിഡ് അഭിപ്രായപ്പെടുന്നു. മൂന്നാം ഘടകമായ സൂപ്പർ ഈഗോ (Super Ego) നാം ഉന്നതമൂല്യങ്ങളുടെ ഉറവിടമായി കരുതുന്ന മനഃസാക്ഷിയാണ്. സൂപ്പർ ഈഗോയും (Super Ego) ഈഗോ (Ego)യിലൂടെയാണ് പ്രവർത്തിക്കുന്നത്. ഈ മൂന്നുഘടകങ്ങളും തമ്മിൽ സംഘട്ടനം സാധാരണമാണ്. ഇതിന്

പരിഹാരം കണ്ടില്ലെങ്കിൽ സിരാരോഗം (Neurosis) പോലുള്ള മാനസിക രോഗങ്ങളായിരിക്കും ഫലം.

ഉത്കണ്ഠ (Anxiety), പ്രതിരോധ ശക്തി (DefenSe Mechanism), അബോധം (Unconscious) എന്നിവയും മനോ വിശകലന ശാസ്ത്രത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽപ്പെടുന്നവയാണ്. മൂന്നു തരത്തിലുള്ള ഉത്കണ്ഠ ഉണ്ടെന്ന് പറയപ്പെടുന്നു. ഒന്നാമതായി യാഥാർത്ഥ്യോൽക്കണ്ഠ (Reality Anxiety). ഇത് ബാഹ്യലോകത്തിലെ അപകടങ്ങളിൽ നിന്നോ, ഭീതികളിൽ നിന്നോ ഉടലെടുക്കുന്നവയാണ്. രണ്ടാമത്തേത് സിരാബന്ധോൽക്കണ്ഠ (Neurotic Anxiety). ഇഡിന്റെ (Id) പ്രേരണകൾ ഈഗോയുടെ വിലക്കുകളെ വകവെക്കാതെ പുറത്ത് ചാടാൻ ശ്രമിക്കുകയും, തത്ഫലമായി ശിക്ഷിക്കപ്പെടേണ്ടുന്ന പെരുമാറ്റങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. മൂന്നാമതായി സന്മാർഗ സംബന്ധോൽക്കണ്ഠ (Moral Anxiety). പശ്ചാത്താപം തോന്നത്തക്കവിധത്തിൽ വ്യക്തിയുടെ സന്മാർഗ്ഗബോധവും പ്രവർത്തിയും തമ്മിലുള്ള സംഘട്ടനമാണ് ഈ ഉത്കണ്ഠക്ക് കാരണം. സാധാരണഗതിയിൽ ഈഗോ വ്യക്തികളുടെ ഉത്കണ്ഠകളെ നേരിടാൻ പ്രാപ്തമാണ്. എന്നാൽ അതിനു കഴിയാതെ വരുമ്പോൾ പ്രതിരോധയുക്തികൾ പ്രയോഗിച്ച് അതിനെ ന്യായീകരിക്കുന്നു. ഇത്തരം പ്രതിരോധയുക്തികൾ വ്യക്തിയുടെ വേദനാജനകമായ ഉത്കണ്ഠ ശമിപ്പിക്കുന്നുവെങ്കിലും ഉത്കണ്ഠക്ക് ഹേതുവായ പ്രശ്നത്തെ പരിഹരിക്കുന്നില്ല. ഇത് വ്യക്തിയുടെ യാഥാർത്ഥ്യ ബോധത്തെതന്നെ തകരാറിലാക്കും.

ഫ്രോയിഡിന്റെ മാനസിക വിശകലനശാസ്ത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട പരിപാടികളിലൊന്നാണ് അബോധ മനസ്. വെള്ളത്തിലൊഴുകിക്കിടക്കുന്ന ഒരു വലിയ മഞ്ഞുകട്ടിയോട് മനസിനെ ഉപമിച്ചാൽ, അതിന്റെ ജലത്തിനടിയിലുള്ള വലിയഭാഗത്തെ അബോധമനസായും,

## 'അല്പം ഫ്രോയിഡിയൻ ചിന്തകൾ'

വെള്ളത്തിനുമുകളിലുള്ള ചെറിയഭാഗത്തെ ബോധമനസ്സായും കാണാവുന്നതാണ്. അബോധമനസിന്റെ ആഴ്ചകളിൽ വേദനാജനകങ്ങളായ ഓർമകളും മൂടിവെക്കപ്പെട്ട ആഗ്രഹങ്ങളും ബോധമനസ്സിൽ നിന്നും തള്ളപ്പെട്ട മറ്റു പല അനുഭവങ്ങളും ഉണ്ടാവും. ഈഗോയുടെ നിയന്ത്രണങ്ങൾ താത്കാലികമായി കുറയുമ്പോൾ, ഫാന്റസികളുടെയും സ്വപ്നങ്ങളുടെയും രൂപത്തിൽ അബോധമനസ്സിലെ അനുഭവങ്ങൾ പുറത്തേക്കുവരുന്നു. മനോവിശകലന രീതിയിലൂടെ അവയെ പുറത്തേക്കു കൊണ്ടുവരാൻ സാധിക്കും.

ഗ്രീക്ക് മിഥോളജിയിലെ ഈഡിപ്പസ് രാജകുമാരൻ ആളറിയാതെ തന്റെ അച്ഛനെ വധിക്കുകയും അമ്മയെ വേൾക്കുകയും ചെയ്ത കഥ പ്രസിദ്ധമാണല്ലോ. ഈ നാടകീയാനുഭവം ഓരോ ആൺകുട്ടിയുടെയും ജീവിതത്തിൽ പുനരുജ്ജീവിക്കുന്നു എന്നാണ് ഫ്രോയിഡ് കരുതുന്നത്. തന്റെ അച്ഛനെ വെറുക്കപ്പെടേണ്ട എതിരാളിയായിക്കാണുകയും തന്റെ ശിരശ്ഛേദം (Castration) അദ്ദേഹം നടത്തിക്കളഞ്ഞാലോ എന്ന് ഭയപ്പെടുകയും ചെയ്യുന്ന ഈ പൗരുഷനഷ്ടോൽക്കണ്ഠ (Castration AnXeiety) ആൺകുട്ടിയിൽ അമ്മയോട് ഒരു പ്രത്യേക അടുപ്പം സൃഷ്ടിക്കുവാനും അച്ഛനെ വെറുക്കുവാനും ഇടയാക്കുന്നു. എന്നാൽ കാലക്രമേണ ആൺകുട്ടി അച്ഛന്റെ മാതൃകകളെപിൻതുടരുകയും അമ്മയോട് വളരെ നല്ല ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. പെൺകുട്ടികളിൽ ഇതിനെ സപത്നിഭാവം (Electra Complex) എന്ന് വിളിക്കുന്നു. ഇവിടെ പെൺകുട്ടി അച്ഛനോട് കൂടുതൽ അടുക്കുകയും അമ്മയ്ക്ക് പകരക്കാരിയാവാൻ ശ്രമിക്കുകയും ചെയ്യുന്നു.

മാനസിക വിശകലന രീതിയനുസരിച്ച് മനുഷ്യൻ കൂടുതലും പ്രാകൃതവാസനകളാലും അബോധമനസിന്റെ ആഗ്രഹങ്ങളാലും സ്വാധീനിക്കപ്പെടുന്നു. ഓരോ വ്യക്തിയിലും സൃഷ്ടിപരമായ ജൻമവാസനകളുടെ ഒരു

**ഫ്രോയ്ഡിൻെറ മാനസിക വിശകലന രീതി പലതരത്തിലും വിമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ചരിത്രപരമായി നോക്കുകയാണെങ്കിൽ മനുഷ്യൻെറ മാനസിക പ്രക്രിയക്ക് മനോരോഗത്തിലുള്ള പങ്കിനെ വെളിവാക്കിത്തന്ന ആദ്യത്തെ വസ്തുനിഷ്ഠ വിശകലന രീതിയായിരുന്നു ഇത്.**

വശം ഉണ്ടെങ്കിലും. മരണത്തിലേക്കും സംഹാരത്തിലേക്കും നീങ്ങുന്നു. അക്രമത്തിൻെറ, ശക്തികളും, അതിൻെറ ഈഗോ യുക്ത്യാധിഷ്ടിതമായി നീങ്ങുന്നുണ്ടെങ്കിലും ആന്തരികമാനസിക സംഘർഷങ്ങളുടെ വിരുദ്ധശക്തികളും പ്രതിരോധയുക്തിയും അബോധമനസും എല്ലാം, ഉയർന്ന. അയുക്തികതയിലേക്കും മോശപ്പെട്ട പെരുമാറ്റത്തിലേക്കും നയിക്കുന്നു. സ്വഭാവം പൊതുവേ നിർണ്ണയിക്കുന്നത് ഭൂതകാല അനുഭവങ്ങളിൽ നിന്നാണ്. ഒരു തലത്തിൽപ്പറഞ്ഞാൽ മനുഷ്യപ്രകൃതത്തിൽ നിന്ന് ഒഴിച്ചുകൂടാൻ പറ്റാത്ത അക്രമാസക്തതയുടെയും സംഹാരവാസനകളുടെയും ഫലമാണ്, അക്രമങ്ങളും യുദ്ധങ്ങളും എന്നു പറയേണ്ടിയിരിക്കുന്നു.

ഫ്രോയിഡിൻെറ ഒട്ടുമിക്ക നിഗമനങ്ങളും പല തവണ ഗവേഷണങ്ങൾക്ക് ആധാരമാവുകയും ശാസ്ത്രീയമായ അംശങ്ങൾ കുറവായതിനാൽ ആക്ഷേപിക്കപ്പെടുകയുമാണ് ഉണ്ടായിട്ടുള്ളത്. പിൽക്കാലത്ത് വ്യക്തിത്വരൂപീകരണത്തിൽ ആദ്യകാല അനുഭവത്തിൻെറ പങ്കിനെക്കുറിച്ചും അദ്ദേഹത്തിന് ഉന്നയിക്കുവാൻ സാധിച്ചു. ഫ്രോയിഡ് സാധാരണ ഉപയോഗിക്കുന്നതിൽ നിന്നും വളരെ വിശാലമായ അർത്ഥത്തിലാണ് ലൈംഗികത എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളത്.

രണ്ടാമതായിട്ട് ചില അകാരണഭയങ്ങളും (Phobia) ഭീതദമായ അനുഭവങ്ങളും മറ്റും ഉണ്ടായത് ചില ബുദ്ധിമുട്ടുകളെ തരണം ചെയ്യാൻ ശ്രമിച്ചതുവഴിയും അതിശയോക്തിപരമായി ഉയർത്തപ്പെട്ട പ്രതിരോധശക്തികളും മറ്റും കാരണമാണെന്ന അറിവും അദ്ദേഹം നൽകി. ഒരേ പ്രമാണങ്ങൾ തന്നെ നോർമൽ സ്വഭാവത്തിനും അബ്നോർമൽ സ്വഭാവത്തിനും പ്രയോഗിക്കാമെന്നും, മാത്രമല്ല സമൂഹത്തിൽ മാനസിക രോഗികൾക്ക് മാനുഷികമായ പരിഗണനകൾ നേടിക്കൊടുക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു.

മാനസിക വിശകലനരീതി പലതരത്തിലും വിമർശിക്കപ്പെട്ടിട്ടുണ്ട്. ലൈംഗികതയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുത്തതുകൊണ്ടും, അബോധമനസ്സിനെ കൂടുതലായി ഉയർത്തികാട്ടിയതുകൊണ്ടും, സ്വഭാവരൂപീകരണത്തിലുള്ള സാംസ്ക്കാരിക വ്യത്യാസങ്ങളെ കണക്കിലെടുക്കാത്തതിലും, മറ്റും കൊണ്ടും ഈ രീതി വളരെയധികം വിമർശിക്കപ്പെട്ടു. എന്തെല്ലാം വിമർശനങ്ങളുണ്ടെങ്കിലു നോർമാലിറ്റിയെയും, അബ്നോർമാലിറ്റിയെയും കു ച്ചുള്ള നമ്മുടെ ചിന്തകൾക്ക് കൂടുതൽ മിഴിവേകിയ ഫ്രോയിഡാണെന്ന് വിസ്മരിച്ചുകൂടാ. ചരിത്രപരമാ നോക്കുകയാണെങ്കിലും മനഷ്യൻെറ മാനസിക പ്ര യയ്ക്ക് മനോരോഗത്തിലുള്ള പങ്കിനെ വെളിവ ആദ്യത്തെ വസ്തുനിഷ്ഠമായ വിശകലന രീതിയാണ്.


പൊൻപ്രഭ ചൊരിഞ്ഞു കൊണ്ട്
പുഷ്കലമായ 15-ാം വയസ്സിലേക്ക്
ഷാലിമാര്
ജ്വല്ലറി
ബ്രോഡ്‌വേ, എറണാകുളം.
ഫോൺ : 368482


PERFET FLUSH
C.I.S.T.E.R.N